
ഒ. വി. വിജയൻ
ഇതിഹാസത്തിന്റെ ഇതിഹാസം

**ഒ.വി.വിജയൻ**
**(1930–2005)**
നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയചിന്തകൻ, പത്രപ്രവർത്തകൻ. 1930 ജൂലൈ 2-ന് പാലക്കാട്, വിളയൻചാത്തനൂരിൽ ജനിച്ചു. ചെന്നൈ പ്രസിഡൻസി കോളജിൽനിന്ന് ഇംഗ്ലിഷ് എം.എ. കുറച്ചുകാലം കോളജിൽ അദ്ധ്യാപകൻ. പിന്നീട് ശങ്കേഴ്സ് വീക്ക്‌ലി, പേട്രിയറ്റ്, ദ സ്റ്റേറ്റ്സ്മാൻ എന്നീ ആനുകാലികങ്ങളിൽ പത്രപ്രവർത്തകൻ. നോവൽ, കഥ, ലേഖനം, കാർട്ടൂൺ തുടങ്ങിയ വിഭാഗങ്ങളിലായി 30 കൃതികൾ. 1990-ൽ കേരള സാഹിത്യ അക്കാദമി അവാർഡ്; സാഹിത്യ അക്കാദമി അവാർഡ്, 1991-ൽ വയലാർ അവാർഡ് (ഗുരുസാഗരം), 1992-ൽ മുട്ടത്തുവർക്കി അവാർഡ് (ഖസാക്കിന്റെ ഇതിഹാസം), 1999-ൽ എം.പി. പോൾ അവാർഡ് (തലമുറകൾ) എന്നീ പുരസ്കാരങ്ങൾ. 2001-ൽ കേരള ഗവണ്മെന്റിന്റെ എഴുത്തച്ഛൻ പുരസ്കാരം. 2003-ൽ രാഷ്ട്രം പത്മഭൂഷൺ ബഹുമതി നല്കി ആദരിച്ചു. 2005 മാർച്ച് 30-ന് അന്തരിച്ചു.

**ഒ.വി.വിജയന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*നോവൽ*
ധർമ്മപുരാണം
ഗുരുസാഗരം
മധുരം ഗായതി
പ്രവാചകന്റെ വഴി
തലമുറകൾഖസാക്കിന്റെ ഇതിഹാസം

*കഥ*
അരക്ഷിതാവസ്ഥ
വിജയന്റെ കഥകൾ
ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി
കടൽത്തീരത്ത്
കാറ്റ് പറഞ്ഞ കഥ
അശാന്തി
ബാലബോധിനി
'പൂതപ്രബന്ധവും' മറ്റ് കഥകളും
കുറെ കഥാബീജങ്ങൾ
ഒ.വി.വിജയന്റെ കഥകൾ
എന്റെ പ്രിയപ്പെട്ട കഥകൾ

*ലേഖനം*
ഇതിഹാസത്തിന്റെ ഇതിഹാസം
ഘോഷയാത്രയിൽ തനിയെ
ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ
സന്ദേഹിയുടെ സംവാദം
വർഗ്ഗസമരം, സ്വത്വം
കുറിപ്പുകൾ
ഹൈന്ദവനും അതിഹൈന്ദവനും
അന്ധനും അകലങ്ങൾ കാണുന്നവനും
ഒ.വി. വിജയന്റെ ലേഖനങ്ങൾ

*ആക്ഷേപഹാസ്യം*
എന്റെ ചരിത്രാന്വേഷണപരീക്ഷകൾ

*കാർട്ടൂൺ*
ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം
Tragic Idiom

*സ്മരണ*
സമുദ്രത്തിലേക്ക് വഴിതെറ്റിവന്ന പരൽമീൻ

ഒ.വി.വിജയൻ

# ഇതിഹാസത്തിന്റെ ഇതിഹാസം

ഡി സി ബുക്സ്

Malayalam Language
**കവേശവമമെവേശിലേ കവേശവമമൊ**
Literature/Memoirs
by **ഛ.ഡ.ഡശഷമൃമി**
© D C Books/Rights Reserved
First Published August 1989
2nd impression November 2010
E-book edition February 2016

*Cover Design*
Design Studio

*Publishers*
**ഉഇ ആീീസൈ**, Kottayam 686 001
Kerala State, India
website : www.dcbooks.com
ebook website: ebooks.dcbooks.com
customer support: ebooksupport@dcbooks.com

Although utmost care has been taken in the preparation of this book, neither the publishers nor the editors/compilers can accept any liability for any consequence arising from the information contained therein. The publisher will be grateful for any information, which will assist them in keeping future editions up to date.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-6972-7

DC BOOKS - The first Indian Book Publishing House to get ISO Certification

# 1. വഴിയമ്പലം

> കൂമൻകാവിൽ ബസ്സു ചെന്നുനിന്നപ്പോൾ ആ സ്ഥലം രവിയ്ക്ക് അപരിചിതമായിത്തോന്നിയില്ല...വരുംവരായകളുടെ ഓർമ്മകളിലെവിടെയോ ആ മാവുകളുടെ ജരയും ദീനതയും കണ്ടു കണ്ട് ഹൃദിസ്ഥമായിത്തീർന്നതാണ്.

യാത്രകളും വഴിയമ്പലങ്ങളും നമുക്കുവേണ്ടി കാലേ നിശ്ചയിയ്ക്കപ്പെടുന്നു. അനാദിയായ ഭൃഗുസംഹിത. കുട്ടിക്കാലത്തിൻെറ വഴിയമ്പലത്തിൽനിന്ന് വീണ്ടും യാത്രയുടെ തുടക്കം കുറിച്ചത് ഒരു പൊൻമോതിരമായിരുന്നു. അച്ഛനും അമ്മയും എൻെറ കൈ പിടിച്ച് ആ പാതയിൽ നിറുത്തി മൗനസ്നേഹത്തിലൂടെ എന്നോടു പറഞ്ഞു, ഉണ്ണീ, ഇത് നിൻെറ പാതയാണ്, നിൻെറ മാത്രം. കുട്ടിയുടെ ഉൾക്കണ്ണുകൊണ്ട് ഞാൻ ആ പാതയുടെ അനന്തദൂരങ്ങളത്രയും അളന്നു. പാതയ്ക്കിരുവശവും ആശീർവദിയ്ക്കാൻ പടർന്നുനിന്ന വഴിമരങ്ങൾ. ബലിഷ്ഠകായന്മാരായ മുത്തച്ഛന്മാർ. സല്ലാപംപോലെ കാറ്റു പതിഞ്ഞു വീശിയ അരയാലുകൾ. നീലഞരമ്പോടിയ പരന്ന തണലുകൾ. ആകസ്മികതയുടെ പുള്ളിവെയിലുകൾ. ഞാൻ ഇന്നും നടക്കുന്നു.

വഴിയമ്പലത്തിലേയ്ക്ക് ഒരിയ്ക്കൽകൂടി തിരിഞ്ഞുനോക്കട്ടെ. തിരിഞ്ഞുനോക്കുമ്പോൾ ഒരിത്തിരി വട്ടത്തിൽ ആ മുഖം തെളിയുന്നു, പൊൻമോതിരംകൊണ്ട് എൻെറ നാവിൽ ഹരിശ്രീ എഴുതിയ വൃദ്ധഗുരുവിൻെറ കരുണാമയമായ മുഖം. അച്ഛനും അമ്മയ്ക്കും അയാളുടെ പേർ ഓർമ്മയിരുന്നിരിയ്ക്കണം, എന്നാൽ അച്ഛനും അമ്മയും അവരുടെ പാതകളിലൂടെ സഞ്ചരിച്ച് അറുതി കണ്ടെത്തി. അതുകൊണ്ട് ആ ഗുരു ആരെന്നറിയാൻ എനിയ്ക്കിന്ന് നിർവ്വാഹമില്ല. അങ്ങനെതന്നെയാവട്ടെ. ഗുരുവിൻെറ മുഖം തെളിഞ്ഞ ആ ഇത്തിരിവട്ടം ഒരു വാടിയ താമരയിലപോലെ, ഓർമ്മയും മറവിയും ഭേദമില്ലാത്ത ദൂരത്തിൻെറ മൃഗതൃഷ്ണയിൽ ലയിക്കുന്നു. ഒന്നോർത്തുനോക്കിയാൽ ആ മൃഗതൃഷ്ണതന്നെയാണ് ഗുരു, ഗുരുസാഗരം. അതിൻെറ വേലിയേറ്റത്തിന് നമ്മുടെ പിഞ്ചുനാവുകളിൽ വിട്ടേച്ചുപോകാനുള്ള സൗമ്യനിക്ഷേപം ഏതാനും അക്ഷരങ്ങൾ മാത്രം, ഹരിശ്രീ. എഴുത്തിൻെറ സ്ഥൂലപർവ്വം സമാപിപ്പിച്ച്, അവസാനത്തെ വഴിയമ്പലത്തിലേയ്ക്കു കടന്ന് ഇവിടെനിന്ന് വിട പറയുമ്പോൾ നമുക്കും എഴുതാനുള്ളത് അത്രതന്നെ, ഹരിശ്രീ.

ഈ നാവിലെഴുത്തിനുശേഷം എൻെറ പഠനം അപ്പോഴപ്പോഴായാണ് നടന്നത്. എന്തൊക്കെയോ ബാലാരിഷ്ടുകൾ കാരണം ദുർബ്ബലനായിരുന്ന എന്നെ പാഠപുസ്തകങ്ങൾകൊണ്ട് കൂടുതൽ ഭാരപ്പെടുത്തേണ്ടെന്ന് അച്ഛൻ

നിശ്ചയിച്ചു. ആ രഥ്യയുടെ നിശ്ചയം; എൻെറ ജീവിതത്തിൽ ഈ മദ്ധ്യവയസ്സുവരെ ഒരു പാഠപുസ്തകവുമായും പൊരുത്തപ്പെടാൻ എനിയ്ക്കു കഴിഞ്ഞിട്ടില്ല. അയലിൽ മറ്റൊരു കഥയായിരുന്നു. അച്ഛൻെറ സഹപ്രവർത്തകനായ കൃഷ്ണപ്പണിയ്ക്കരമ്മാവൻ തൻെറ മകനെ നിത്യവും സന്ധ്യയ്ക്ക് ചൂരലുകൊണ്ട് തല്ലുമായിരുന്നു. പഠിയ്ക്കാഞ്ഞതിനല്ല, പഠിയ്ക്കാൻവേണ്ടി. തല്ലിപ്പഠിപ്പിയ്ക്കുക എന്ന സങ്കല്പത്തിൽ തല്ല് പാരായണംപോലെയോ ഗുരുദക്ഷിണപോലെയോ സാത്വികമായ ഒരു ചടങ്ങുമാത്രം. ആ കുട്ടി പഠിപ്പിൻെറ പടവുകൾ കയറിയതായി എനിയ്ക്കറിവില്ല. എന്നാൽ, നിത്യവും ആവർത്തിച്ച ആ പ്രഹരയജ്ഞത്തിലൂടെ പ്രാകൃതമായ ഒരു ഗുരുപരമ്പരയുടെ തുടർച്ചയെ സമർത്ഥിച്ചതിൽ ആ അച്ഛൻെറ മനസ്സ് കുളിർത്തിരിയ്ക്കണം.

വീണ്ടും സ്നേഹത്തോടെ ഓർക്കുന്നു, പഠിയ്ക്കാനായി എൻെറ അച്ഛനോ അമ്മയോ എന്നെ തല്ലിയിട്ടില്ല. ഇടവിട്ടു നടന്ന അദ്ധ്യയനം ചിലപ്പോൾ ചിലപ്പോൾ ട്യൂഷൻ മാസ്റ്റർമാർ നടത്തിത്തന്നു. കുന്നിൻപുറത്തുള്ള ഞങ്ങളുടെ വീടുവരെ വന്നു പഠിപ്പിച്ചുപോകുന്നത് ഈ അദ്ധ്യാപകന്മാർക്കു ലാഭകരമല്ലാഞ്ഞതിനാലാവണം അവരിൽ പലരും മുടങ്ങിയത്. പാഠമാല ചൊല്ലാനോ ഗണിതം വശമാക്കാനോ ഞാൻ അമിതസന്നദ്ധത കാണിച്ചതായി എനിയ്ക്കോർമ്മയില്ല. എനിയ്ക്കോർക്കാനുള്ളത് കുട്ടിക്കാലത്തിൻെറ മധുരമായ ആലസ്യങ്ങൾ മാത്രം. ഈ ആലസ്യങ്ങളിൽ അകലത്തുള്ള കുന്നിൻചെരുവിലേയ്ക്കും മഞ്ഞപ്പുൽത്തകിടികളിലേയ്ക്കും നോക്കി പകൽക്കിനാവു കണ്ട എന്നെച്ചൊല്ലി അച്ഛനോ അമ്മയോ ആവലാതിപ്പെട്ടില്ല.

വിദ്യയിലുള്ള എൻെറ ആലസ്യം ഭക്ഷണത്തിലേയ്ക്കും ഞാൻ വ്യാപരിപ്പിയ്ക്കാൻ ശ്രമിച്ചപ്പോഴാണ് കോലാഹലമായത്. ഉണ്ണാത്തതിന്, ചവയ്ക്കാത്തതിന്, ഒക്കെ എനിയ്ക്ക് തല്ലുകൊള്ളേണ്ടിവന്നിട്ടുണ്ട്. ശരീരദാർഢ്യമില്ലാതെ ഞാൻ വളർന്നെങ്കിലോ എന്നായിരുന്നു അമ്മയുടെ ഭയം. ശരീരദാർഢ്യമില്ലാതെതന്നെ ഞാൻ വളർന്നു. അച്ഛൻ മലബാർ സ്പെഷൽ പോലീസ് എന്ന സായുധപ്പോലീസു സേനയിലെ ഒരുദ്യോഗസ്ഥനായിരുന്നു. ഈ സേനയുടെ ക്യാമ്പുകളിലാണ് ഞാൻ വളർന്നത്. സ്നേഹസമ്പന്നരായ പോലീസുസഹോദരങ്ങളുടെ നടുക്ക്. വർഷങ്ങൾക്കു ശേഷം അടിയന്തരാവസ്ഥക്കാലത്ത് പോലീസിനെക്കുറിച്ചുള്ള മാസ്മരഭീതി പുലർത്തവേ ഞാൻ എൻെറ വിധിവൈചിത്ര്യത്തിൽ കൗതുകംകൊള്ളാനിടയായി.

ഇരുനൂറോളം സായുധഭടന്മാരുടെയും അവരുടെ മേലധികാരികളുടെയും കൂട്ടുകുടുംബങ്ങളായിരുന്നു ഈ എം.എസ്.പി. ക്യാമ്പുകൾ. ഏറെക്കുറെ സ്വയംപര്യാപ്തമായ പോലീസുഗ്രാമങ്ങൾ. ഇവയിൽ മിയ്ക്കവയും സ്ഥിതിചെയ്തിരുന്നത് കുന്നിൻപുറങ്ങളിലായിരുന്നു. പീഠഭൂമിയുടെ സ്വഭാവമുള്ള വലിയ ഏറനാടൻ കുന്നുകൾ. കമ്പിവേലി ചുറ്റിയ

കുന്നിൻപുറത്തിനു വെളിയിൽ കിടന്ന പ്രദേശം ഗ്രാമ്യമെന്നതിനെക്കാൾ വന്യമായിരുന്നു. മുപ്പതുകളുടെ കഥയാണിത്; ഗ്രാമ്യതയുടെയും വന്യതയുടെയും പാരസ്പര്യം അറ്റുപൊയ്ക്കഴിഞ്ഞിട്ടില്ലാതിരുന്ന കാലം. അരിയക്കോട്ടിലെ ക്യാമ്പിൻെറ കെട്ടിടപ്പണിയ്ക്കിടയിൽ ആ കുന്നിൻെറ ചുറ്റുവട്ടങ്ങളിൽ നാലു പുലികളെ വെടിവെച്ചു കൊന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്.

ഇതാണ് എൻെറ കുട്ടിക്കാലത്തിൻെറ സ്ഥലപുരാണം. അത്തരം പ്രദേശങ്ങളിൽ സ്കൂളുകളുടെ ദൗർല്ലഭ്യം സങ്കല്പിക്കാവുന്നതേയുള്ളു. അച്ഛൻ അരിയക്കോട്ടേയ്ക്ക് രണ്ടാംതവണ സ്ഥലം മാറുമ്പോൾ എനിയ്ക്ക് ആറോ ഏഴോ വയസ്സാണ്. കുന്നിൻചുവട്ടിലെ ഗ്രാമത്തിലുള്ള മാപ്പിള സ്കൂളാണ് ഏറ്റവും അടുത്ത പാഠശാല. അവിടെ എൻെറ പേരു ചേർത്തെങ്കിലും സ്ഥിരമായി ഹാജരുകൊടുത്ത ഓർമ്മ എനിയ്ക്കില്ല. കുന്നിൻപുറത്തുനിന്ന് താഴേയ്ക്കുള്ള ദൂരം സുമാർ ഒരു നാഴികയായിരുന്നിരിയ്ക്കണം, എന്നാൽ കുട്ടിക്കാലത്തിൻെറ അനുപാതങ്ങളിൽ അത് ഒരു മഹായാത്രയായിത്തോന്നി. അത്രയും ദൂരം നടന്നു ചെല്ലാനുള്ള ശരീരശേഷി എനിയ്ക്കില്ലെന്നു നിശ്ചയിച്ച് അച്ഛനും അമ്മയും പലപ്പോഴും എന്നെ വീട്ടിലിരുത്തി.

കുന്നിൻപുറത്തിൻെറ പ്രകൃതി നിറവുറ്റതായിരുന്നു. അതിനെ നിരസിയ്ക്കാതെയാണ് പോലീസുക്യാമ്പിൻെറ ചെറിയ ചെറിയ കെട്ടിടങ്ങൾ ഒളിഞ്ഞും പതിഞ്ഞും നിന്നത്. മരങ്ങൾ, പച്ചത്തഴപ്പുകൾ, പക്ഷികൾ, പാപ്പാത്തികൾ, മരങ്ങളിൽനിന്ന് മരങ്ങളിലേയ്ക്ക് വലകെട്ടിയ എട്ടുകാലികൾ. പുല്ലിൽ നിറയെ പുല്ലിൻെറ പൂക്കൾ, സൂക്ഷ്മങ്ങളായ സൂര്യകുസുമങ്ങൾ, നീലനിറത്തിലുള്ള കൃഷ്ണകാന്തികൾ. ചെടികളില്ലാത്തേടത്ത് വെടുപ്പുള്ള ചെങ്കൽപ്പാറകളും പുൽമേടുകളുടെ കൊച്ചുവിസ്തൃതികളും. മഴ പെയ്തുകഴിഞ്ഞാൽ പുൽക്കുണ്ടുകൾ തെളിനീരു കെട്ടി ചെറിയ കുളങ്ങളായിത്തീരും. വറ്റാതെയും ചേറു പിടിയ്ക്കാതെയും അവ മാസങ്ങളോളം നിന്നെന്നുവരും. അവയിൽ കുടിയേറി നീന്തിക്കളിച്ച പച്ചത്തവളകൾ വെള്ളത്തിൻെറ ചിൽത്തട്ടിന് തൊട്ടുതാഴെ പാറിക്കിടക്കുമ്പോൾ അവയുടെ തൊലിപ്പുറത്ത് പറ്റിനിന്ന വായുവിൻെറ കുമിളകൾ മാണിക്യങ്ങളെപ്പോലെ തിളങ്ങി. കുന്നിൻപുറത്തെച്ചുറ്റി താഴ്വരകളും വീണ്ടും കുന്നുകളുമാണ്. വീടിൻെറ വരാന്തയിലിരുന്നുകൊണ്ടു നോക്കിയാൽ ചെക്കുന്നുമലയുടെ സാത്വികമുഖമാണ് നേരേ കാണുക. ആ മുഖവും നോക്കി ഞാൻ എൻെറ ആലസ്യത്തിൽ മുഴുകി.

വിരസമായ പാഠപുസ്തകങ്ങളെ ഞാൻ ഉപേക്ഷിച്ചു. പറിഞ്ഞുപോയ അവയുടെ ചട്ടകളെ പശവെച്ചൊട്ടിയ്ക്കാൻ ഞാൻ മിനക്കെട്ടില്ല. അവയുടെ താളുകളിൽ അച്ചടിച്ച നിർജ്ജീവങ്ങളായ വിവരങ്ങളിൽനിന്ന് ഞാൻ അഭയം തേടുകയായിരുന്നു. അങ്ങനെ ഒഴിഞ്ഞുമാറലും സ്വാതന്ത്ര്യവുമായിരുന്നു എൻെറ

വിദ്യാഭ്യാസത്തിൻെറ തുടക്കം. ഓർമ്മയുടെ ഇത്തിരിവട്ടത്തിൽ കാലത്തിൻെറ താമരയിലയിൽ മറവിയെപ്പുണർന്ന എൻെറ ഗുരുവിൻെറ കൃപ.

എന്നാൽ മറ്റൊരു പാരായണമുറയിൽ മുഴുകാൻ അച്ഛൻ എന്നെ സഹായിച്ചു. പോലീസുകാരനും ശുദ്ധമതിയുമായിരുന്ന അച്ഛൻ എൻെറ സംവേദനശേഷിയെ ഏതെങ്കിലും പ്രത്യേക താരയിലൂടെ തിരിച്ചുവിടാൻ നടത്തിയ ശ്രമമല്ലായിരുന്നു അത്; ആ യാദൃച്ഛികതയിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ഒന്നേ പറയാനാവൂ, ഗുരുകാരുണ്യം. അക്കാലത്ത് ബ്ലാക്കി അൻഡ് സൺസ് കുട്ടികൾക്കായി കഥാമാലകൾ പ്രകാശനം ചെയ്തിരുന്നു. യക്ഷിക്കഥകളും യവനറോമ മിഥോളജികളിലെ കഥകളും. ധാരാളിത്തത്തോടെ ഈ പുസ്തകങ്ങൾ അച്ഛൻ എനിക്കു വാങ്ങിത്തന്നു. എന്നെ ചൂഴ്ന്ന പ്രകൃതിക്കുമേൽ മായാബിംബങ്ങളുടെ ഒരു മഹാമണ്ഡലമായി ഈ കഥകൾ തമ്പടിച്ചു. പ്രകൃതിയും കഥകളുടെ ഭ്രാന്തിയും മാത്രമായി എൻെറ സാക്ഷരത്വം.

എൻെറ കലാജീവിതത്തിൽ ഗാഢമായ മുദ്രപതിപ്പിച്ച ഒരു സംഭവം വിവരിക്കട്ടെ. നാരായണൻനായരെന്നു പേരുള്ള ഒരു തൊഴിൽരഹിതൻ ജോലിയ്ക്കുവേണ്ടി അച്ഛനെ സമീപിച്ചു. നാരായണൻനായർ ഇൻറർമീഡിയറ്റ് പാസ്സായിട്ടുണ്ട്. അന്നത്തെ ഇൻറർമീഡിയറ്റുകാരനെ അഭ്യസ്തവിദ്യനെന്നു പറയാം. അയാൾക്ക് ഒരു ജോലി സമ്പാദിച്ചു കൊടുക്കാൻ അച്ഛന് കഴിവില്ലായിരുന്നു. എന്നാൽ, അച്ഛനും നാരായണൻനായരും ഒരു ധാരണയിലെത്തി. പ്രശ്നപരിഹാരം, നാരായണൻനായരുടെ പ്രശ്നത്തിനും എൻെറ പ്രശ്നത്തിനും. കുന്നിൻപുറത്തെ ആ ക്യാമ്പിൻെറ ചുമതല അച്ഛന്നായിരുന്നു. ക്യാമ്പിൽ ഒരാശുപത്രിയുണ്ട്. രോഗികളില്ലാത്ത ആശുപ ത്രി. കട്ടിലും കിടക്കയും വെള്ളവിരികളും വെടുപ്പായി ഒരുക്കിവെച്ച ഓഫീസേഴ്സ് വാർഡുകൾ. അവയിലൊന്നിൽ നാരായണൻനായർക്ക് താമസിയ്ക്കാം. വീട്ടിൽ ഊണു കഴിക്കാം, എന്നെ പഠിപ്പിയ്ക്കാം.

അസാധാരണമായ ഒരദ്ധ്യയനകഥ ഇവിടെത്തുടങ്ങുന്നു. ഏഴോ എട്ടോ വയസ്സായിരുന്നു അന്നെനിയ്ക്ക്. പള്ളിക്കൂടത്തിൽ തുടർച്ചയായി പോകാതിരുന്ന പ്രാകൃതൻ. എന്നെ എന്തു പഠിപ്പിയ്ക്കണമെന്ന് അദ്ധ്യാപന പരിശീലനം നേടിയിട്ടില്ലാതിരുന്ന നാരായണൻനായർക്ക് പിടിയുണ്ടായിരുന്നില്ല. അങ്ങനെ, മറ്റു ഗതിയില്ലാതെ, താൻ കോളേജിൽ അവസാനം പഠിച്ച കാര്യങ്ങൾ എന്നെ പഠിപ്പിക്കുക എന്ന അസംബന്ധത്തിന് അദ്ദേഹം മുതിർന്നു. രണ്ടും കല്പിച്ച് നാരായണൻനായർ തൻെറ ഗ്രന്ഥം എനിയ്ക്കുവേണ്ടി തുറക്കുന്നത് ഞാനെൻെറ മനസ്സിൽ കാണുന്നു. ഈ കുട്ടിയുടെ പ്രായത്തിന് ഉതകിയതല്ല ഇത്, എന്നാൽ എൻെറ കൈവശം മറ്റൊന്നുമില്ല; സരസ്വതീ, ഇത് ഇവനിൽ വിളയട്ടെ! ഗ്രന്ഥം തുറന്നപ്പോൾ റോബർട്ട് ബ്രൌണിംഗ്. ബ്രൌണിംഗിൻെറ ഗഹനങ്ങളായ കാവ്യങ്ങൾ നാരായണൻനായർ എനിയ്ക്ക് വായിച്ചുതരാൻ

തുടങ്ങി. ഏഴോ എട്ടോ വയസ്സുചെന്ന ഞാൻ ഒരൊപ്പുകടലാസ്സുപോലെ ആ കാവ്യങ്ങൾ ഒപ്പിയെടുത്തു.

ഈ യാദൃച്ഛികത, സുന്ദരമായ ഈ അസംബന്ധം, സ്മരിയ്ക്കുമ്പോഴത്രയും കടപ്പാടുകളുടെ സ്നേഹത്തിൽ ഞാൻ പരവശനായിത്തീരുന്നു... ഞാൻ കോളേജദ്ധ്യാപകനായിരുന്ന കാലത്ത് നാരായണൻനായർ ഞങ്ങളെ സന്ദർശിച്ചു. സൈനികസേവനമനുഷ്ഠിച്ച് ഒരുയർന്ന ഉദ്യോഗസ്ഥനായിക്കഴിഞ്ഞിരുന്നു അദ്ദേഹം. ആരുടെയും കാലു തൊട്ട് നെറുകയിൽ വെയ്ക്കാൻ പരുക്കനായ ആധുനികത നമ്മെ അനുവദിയ്ക്കുകയില്ലല്ലോ, അതിനാൽ ഞാനദ്ദേഹത്തിൻെറ മുമ്പിൽ മനസ്സാ പ്രണമിച്ചു.

''സേർ,'' വികാരാവേശത്തോടെ ഞാൻ പറഞ്ഞു, ''എനിയ്ക്ക് ഭാഷയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടെങ്കിൽ അതിനു കാരണക്കാരൻ മാഷാണ്.''

സേർ എന്നും മാഷെന്നും ഉള്ള സംബോധന സൈനിക ഉദ്യോഗസ്ഥനായ നാരായണൻനായരെ അമ്പരപ്പിച്ചെന്നു തോന്നി. ബ്രൗണിംഗിൻെറ കാവ്യങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു നേരിയ ഓർമ്മപോലുമല്ലായിരുന്നു; എനിയ്ക്കാകട്ടെ അവ മായികമായ ഒരു പാഥേയവും. എൻെറ രഥ്യയിലെ മറ്റൊരു വഴിയമ്പലം, മറ്റൊരു പൊൻമോതിരം, ഗുരുകാരുണ്യത്തിൻെറ ആവർത്തനം.

നമോവാകം.

## 2. കല്പകവൃക്ഷം

ഖസാക്കിലെ ഓത്തുപള്ളിയിലിരുന്നുകൊണ്ട് അള്ളാ പിച്ചാമൊല്ലാക്ക രാവുത്തന്മാരുടെ കുട്ടികൾക്ക് ആ കഥ പറഞ്ഞുകൊടുത്തു. പണ്ടുപണ്ട്, വളരെ പണ്ട്, ഒരു പൗർണ്ണമി രാത്രിയിൽ ആയിരത്തിയൊന്ന് കുതിരകളുടെ ഒരു പട ഖസാക്കിലേയ്ക്ക് വന്നു. റബ്ബുൽ ആലമീനായ തമ്പുരാൻെറയും മുത്തുനബിയുടെയും ബദരീങ്ങളുടെയും ഉടയവനായ സെയദ്ദ് മിയാൻ ഷെയ്ഖും തങ്ങന്മാരുമായിരുന്നു അത്. ആയിരം കുതിരകളും കേടറ്റ വെള്ളക്കുതിരകളായിരുന്നു. എന്നാൽ, ഷെയ്ഖ് തങ്ങളാകട്ടെ, ചടച്ച് കിഴവനായ ഒരു പാണ്ടൻകുതിരപ്പുറത്താണ് സവാരി ചെയ്തത്.
ഇതിഹാസം ചെവിക്കൊണ്ട ഓരോ തലമുറയും ചോദിച്ചിട്ടുണ്ട്,
''അതെത്ക്ക്, മൊല്ലാക്കാ?''
''അന്ത കുതരിയ്ക്കി ആര് തൊണ?'' മൊല്ലാക്ക പറഞ്ഞു. ''അത്ക്ക് തൊണ പടച്ചവൻ. ശെയ്ക്ക് തങ്ങള്.''

ബ്രൗണിംഗിൻെറ കാവ്യങ്ങൾ എനിയ്ക്ക് പഠിപ്പിച്ചുതന്ന നാരായണൻ നായരുടെ ഗുരുപീഠത്തോളംതന്നെ നിർണ്ണായകമായിരുന്നു ഞാൻ ആശ്രയിച്ച മറ്റു ഗുരുസ്ഥാനങ്ങൾ. അവയിലിരുന്നുകൊണ്ട് അശിക്ഷിതരായ ഗുരുക്കൾ എനിയ്ക്ക് വിഭ്രമത്തിൻെറ ഉപനിഷൽപാഠങ്ങൾ ഉപദേശിച്ചുതന്നു—മാപ്പിള സ്കൂളിലെ മുഹമ്മതാജി മാസ്റ്ററും എൻെറ മുത്തശ്ശിയും. സ്നേഹസമ്പന്നനായ ഹാജിയാർ മാസ്റ്റർ ലോവർ എലിമെൻററി വാദ്ധ്യാരായിരുന്നു. അദ്ദേഹം കൂടുതൽ പഠിച്ചിരുന്നെങ്കിൽ താഴേ പറയുന്ന ഫാൻറസിയുടെ പാഠം പഠിപ്പിയ്ക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പ്രേമകഥ[1] എന്ന എൻെറ കൃതിയിൽനിന്നാണ് ഈ ഉദ്ധരണി:

പലപ്പോഴും അച്ഛനെ മുഖം കാണിയ്ക്കാനായി മാസ്റ്റർമാർ വീട്ടിൽ വരാറുണ്ട്...പഴനുറുക്കും ശർക്കരുപ്പേരിയും വിളമ്പിക്കൊടുത്തിട്ട് മുത്തശ്ശി പറയും, ''ദാ, മാഷ്ഷേ, ൻെറ കുട്ട്യേ നല്ലോണം പഠിപ്പിയ്ക്കണം.'' എന്നിട്ട് ചന്ദ്രനോട്, ''ഡാ കുഞ്ചോ, ബടെ വാ, മാഷടെ കാല് തൊട്ട് നമസ്കരിയ്ക്ക്.''

ക്ളാസ്സ് മാസ്റ്ററായ മുഹമ്മതാജി മാസ്റ്ററെയാണ് മുത്തശ്ശിയ്ക്ക് ഏറ്റവും ബോദ്ധ്യം.

''സാത്വികനാണേ,'' മുത്തശ്ശി പറയും. പണ്ടുകാലങ്ങളിൽ അഞ്ചാംതരംവരെ പഠിച്ച് ലോവർ എലിമെൻററി ട്രെയ്നിംഗ് കഴിച്ച് മാസ്റ്ററാകാമായിരുന്നു. അങ്ങനെ മാസ്റ്ററായതാണ് ഹാജിയാരും. അതൊന്നും മുത്തശ്ശിയ്ക്ക് അറിയണ്ട.

''നെൻെറ ഗുരുനാഥനാ.'' മുത്തശ്ശി ചന്ദ്രനെ ഉപദേശിയ്ക്കും. ''പറയണത് മുഴോനും ഗ്രഹിച്ചോ ട്ട്വോ, കുഞ്ചോ.''

ക്ളാസ്സിൽ വിഷയങ്ങൾക്കു വ്യക്തമായ വിവേചനമൊന്നുമുണ്ടായിരുന്നില്ല. മാപ്പിള സ്കൂളായിരുന്നതിനാൽ ആദ്യം മതപാഠമായിരുന്നു. അതു തീർത്തു കഴിഞ്ഞാൽ ഹാജിയാർ കുറേനേരം കണക്കുചെയ്യും. പിന്നെ പറഞ്ഞെന്നുവരും: ''ഞ്ഞി ഞമ്മ്ക്ക് ചരിത്രം നോക്കാ.'' ഷർട്ടിൻെറ മുക്കാൽ കൈകളെ തെരുത്തുവച്ച്, മേശമേൽ ചാഞ്ഞ്, ഉണ്ണാനിരിയ്ക്കുന്ന മനംകുളുർമ്മയോടെ ഹാജിയാർ ചരിത്രകഥകൾ പറഞ്ഞുതുടങ്ങും: ''ഷിവാജി—ഓനൊര് കൊള്ളക്കാരനേർന്നു—ഓൻ—'' ചരിത്രത്തിന്നാസ്പദം ഓർമ്മയും ധാരണയുമായിരുന്നു. എന്നാൽ, തികഞ്ഞ ഗവേഷണബുദ്ധിയോടെയായിരുന്നു ഹാജിയാർ ശാസ്ത്രം പഠിപ്പിച്ചത്.

''ബായൂ, ബായൂന്ന് പറേണത് എന്ത്ർത്താ?'' ഒരു ദിവസം ഹാജിയാർ ചോദിച്ചു. ''ജ്ജ് പറേഡാ ഉസ്മാനേ.''

''കാറ്റ്.''

''ബായൂനെ കാങ്ങാങ്കജ്ജോ, ഹമ്ക്കേ?''

''കജ്ജ്ജൂലാ.''

''ആ! ന്നാ കേട്ടോ, ബെലാലേ, ബായൂനെ കാങ്ങാങ്കജ്ജൂലാന്ന് പറേണത് ഷെര്യല്ല. ബായൂനെ കാങ്ങാങ്കജ്ജും. ഉച്ചക്ക് മാട്ട്മ്മെ ചെന്ന്ട്ട് പാള്യോക്ക്യാല് ബായു പൂ പൂ പോലെ പൊന്തണ് കാങ്ങാ.''

ഈ ശാസ്ത്രപാഠം പഠിച്ച ദിവസം ഉച്ചയ്ക്ക് കുട്ടികളെല്ലാവരും പുഴവക്കത്തെ മണൽത്തിട്ടിൽ ചെന്നു. ഗുരുവിന്റെ ദർശനമനുസരിച്ച് എല്ലാവരും പാളിനോക്കി. ഉച്ചച്ചൂടിൽ അതാ പൂ പൂപോലെ അലയലയായി വായു മേലോട്ടുയരുന്നു.

ഗുരുപ്രസാദത്തിൻെറ ഇത്തരം ഉറവിടങ്ങൾ തെളിനീരുതിർക്കാത്ത ജീവിതങ്ങളില്ല. എന്നാൽ, നമ്മിലധികം പേരും വ്യാവഹാരിക ലോകത്തിൻെറ മൃഗതൃഷ്ണയില്ലാത്ത പകൽവെളിച്ചങ്ങളിലേയ്ക്ക് നീങ്ങുമ്പോൾ ഈ തെളിനീരുകളെ മറക്കുന്നുവെന്നു മാത്രം. ഒരു കോൺവെൻറ് സ്കൂളിലോ മറ്റോ ചെന്നടിഞ്ഞിരുന്നെങ്കിൽ ഞാനും അവയെ മറന്നിരുന്നേനെ. അങ്ങനെ സംഭവിക്കാഞ്ഞതും ആരും ഗണിച്ചിട്ടല്ലായിരുന്നു. മലമുകളിലെ ക്യാമ്പുജീവിതത്തിൻെറ സാന്ദർഭികത. അതെനിയ്ക്ക് നേടിത്തന്ന അശിക്ഷിതാവസ്ഥ. ആ അവസ്ഥയുടെ വന്യതയിൽ ഞാൻ ഓരോ ഉറവിടവും സൂക്ഷിച്ചു, ഓരോ ഉറവിടത്തിൽനിന്നും എൻെറ കൈക്കുമ്പിളിൽ തീർത്ഥം ഏറ്റുവാങ്ങി. വർഷങ്ങൾക്കുശേഷം ഖസാക്കിലെത്തിയ രവി തൻെറ പാഠശാലയിൽ പാഠങ്ങളൊന്നും പഠിപ്പിയ്ക്കാൻ മുതിരാതിരുന്നതിൻെറയും സത്യം ഇതുതന്നെ. രവി ജൈവരാശിയുടെ കഥകൾ പറയുകയായിരുന്നു. ആ കഥകളിൽ ചമ്പകമരങ്ങളും ദിനോസറുകളും നിറഞ്ഞു.

ഖസാക്കിലെ കല്പകവൃക്ഷത്തിന് അരിയക്കോടിനേക്കാൾ പഴക്കമുണ്ട്. അരിയക്കോട്ടേയ്ക്ക് സ്ഥലം മാറുന്നതിനു മുമ്പ് ഞങ്ങൾ ക്ളാരിയിലുള്ള ക്യാമ്പിലായിരുന്നു. ക്ളാരിയും ഒരു കുന്നിൻപുറംതന്നെ. ഞങ്ങളുടെ വരാന്തയിലിരുന്നാൽ നോക്കെത്തുക ആ കുന്നിൻചെരുവിലേയ്ക്കാണ്. വെയിലു കാഞ്ഞുനിന്ന മഞ്ഞപ്പുൽപ്പരപ്പിൻെറ അപാരമായ ഒരിറക്കം, ഇറക്കത്തിൻെറ അവസാനത്തിൽ തെങ്ങിൻതലകൾ നിറഞ്ഞ താഴ്‌വര, വീണ്ടും കുന്നുകൾ,

അതിനുമപ്പുറം, അകലെ, കടലിന്റെ നീലനാട. ഞാൻ ഖസാക്കിൽനിന്ന് ഉദ്ധരിയ്ക്കട്ടെ:

> രവി അമ്മയുടെ വയറും ചാരി കിടക്കുമ്പോൾ അവർ പറയുമായിരുന്നു, ''നക്ഷത്രക്കുട്ടാ, കല്പകവൃക്ഷത്തിന്റെ തൊണ്ട് കാണണോ?''
> വെയിലെരിയുന്ന മാനത്ത് നോക്കിയിരുന്നാൽ മതി. കുറേനേരം അങ്ങിനെ നോക്കുമ്പോൾ സ്ഫടികമണികൾ കോർത്തിണക്കിയപോലെ എന്തോ കണ്ണനങ്ങുന്നതിനൊപ്പം ഇളകുന്നതു കാണാം. ഇമതല്ലിമിഴിച്ചാൽ അത് കാണാതാകും. ദേവന്മാർ കല്പകവൃക്ഷത്തിന്റെ ഇളന്നീരു കുടിച്ച് തൊണ്ടുകൾ താഴോട്ടെറിയുകയാണത്രെ. ചാരിക്കിടന്നുകൊണ്ട് രവി കരിക്കിൻതൊണ്ടുകൾ എണ്ണിത്തുടങ്ങും. ഒന്ന്, രണ്ട്, മൂന്ന്.

എന്റെ കണ്ണുകൾ ചെറുപ്പംമുതൽക്കേ ദുർബ്ബലങ്ങളായിരുന്നു. സ്വിമ്മിംഗ് സ്പോട്ട്സ്' ഒരു നേത്രരോഗമാണോ എന്ന് എനിയ്ക്കറിഞ്ഞുകൂടാ. അവയെ കല്പകവൃക്ഷത്തിന്റെ ഇളന്നീർതൊണ്ടുകളാക്കിയത് അമ്മയല്ല, മുത്തശ്ശിയായിരുന്നു. ഞാൻ വെയിലിലേയ്ക്ക് നോക്കിയിരിയ്ക്കുമ്പോൾ കണ്ടത് നീന്തിക്കളിയ്ക്കുന്ന ഈ സ്ഫടികബിന്ദുക്കളായിരുന്നുവെന്ന് മുത്തശ്ശി എങ്ങനെയറിഞ്ഞു? മുത്തശ്ശിയ്ക്കും നേത്രരോഗമായിരുന്നുവോ? അറിഞ്ഞുകൂടാ. ഒന്നും അറിയാനില്ല. ചെറുദർശനങ്ങളുടെ നിരന്തരവൃഷ്ടിയൊഴിച്ച്.

മുത്തശ്ശി പറഞ്ഞ ആ കഥയിൽ താഴ്വരയ്ക്കു മുകളിൽ തടം കെട്ടിനിന്ന മേഘങ്ങൾ ഒരു കല്പകവാടിയായി. വൈരമാല്യങ്ങളണിഞ്ഞ ദേവന്മാർ അതിൽ പാറിനടന്നു. ഒരിയ്ക്കൽ എന്റെ ജാതകം വായിയ്ക്കാൻ വന്ന ജ്യോതിഷി പറഞ്ഞത് എന്റെ കാതിൽപ്പെടുകയുണ്ടായി, ''കുട്ടീടെ ഗണം ദേവഗണാണ്.'' അതിന്റെ ജ്യോതിഷപ്രസക്തി എന്തെന്ന് ഞാനറിഞ്ഞില്ല. പക്ഷേ, പണിയ്ക്കരുടെ വാക്ക് എന്റെ മനസ്സിൽ തങ്ങി, ദേവഗണം. ആ ചാർച്ചയിലൂടെ ആകാശത്തിലെ ദേവന്മാർ എന്റെ സഹോദരങ്ങളായി, മേഘപാളിയിലെ കല്പകവാടി എന്റേയും അവകാശഭൂമിയായി. ഉച്ചവെയിലിന്റെ സാഹസത്തിൽ ചിലപ്പോഴൊക്കെ ചില്ലുകോണികൾ കയറി ഞാൻ മാനത്തെ തെങ്ങിൻതോപ്പുകളിലെത്തി.

മുത്തശ്ശി പറഞ്ഞ മിത്തിന് പൗരാണികസാധുതയുണ്ടോ എന്ന് എനിയ്ക്കറിഞ്ഞുകൂടാ. ദേവപ്രതിഭാസങ്ങളുടെ ഏതെങ്കിലും ടിപ്പണി ഗ്രന്ഥങ്ങളിൽനിന്ന് എടുത്തതാകാൻ വഴിയില്ല ഈ രൂപകം. മുത്തശ്ശിയോട് അവരുടെ മുത്തശ്ശി പറഞ്ഞതാവണം. അവരോട് അവരുടെ മുത്തശ്ശിയും. അങ്ങനെ, എണ്ണിയാലൊടുങ്ങാത്ത മുത്തശ്ശിമാരുടെ ജനിതകധാരയിലൂടെ ഈ നേത്രരോഗത്തിന്റെ പളുങ്കുമണികൾ ഒഴുകിവന്നു.

നിരക്ഷരയായ എന്റെ മുത്തശ്ശി, ഗുരു, പ്രവാചിക, മറ്റു കാര്യങ്ങൾ കണ്ടിരുന്നു. ക്യാമ്പിലേയ്ക്ക് വിറകുകരാറേറ്റ കമ്മുക്കാക്ക ഉച്ചയ്ക്ക്

മുത്തശ്ശിയോട് വർത്തമാനം പറയാൻ തിണ്ണയിൽ വന്നിരിയ്ക്കും. പച്ചനിറത്തിലുള്ള പരന്ന അരപ്പട്ടയിൽനിന്ന് മാപ്പിളക്കത്തിയൂരിയെടുത്ത് പഴുക്കടയ്ക്ക വെട്ടുമ്പോൾ കമ്മുക്കാക്ക എൻെറ കൈകാലുകളിലേയ്ക്കു നോക്കി പറയും, ''ഇത് എങ്ങനെ പെഴയ്ക്കും?''

''എന്താ കമ്മു അങ്ങനെ പറയ്ണത്?'' മുത്തശ്ശി ചോദിയ്ക്കും.

''കൈയും കാലും കണ്ടിലേ? ഇതിന് ആരാ ഉദ്യോഗം കൊട്ക്ക്വാ?''

ചോക്കുകൊണ്ട് ഞാൻ തിണ്ണ നിറയെ ചിത്രം വരച്ചുവെച്ചിരുന്നു. ആനകളുടെ ചിത്രങ്ങളാണെന്ന് ഓർക്കുന്നു. നാലുകൊമ്പുള്ള ഐരാവതങ്ങൾ. അവയിലേയ്ക്കു ചൂണ്ടിക്കൊണ്ട് മുത്തശ്ശി കമ്മുക്കാക്കയോടു പറഞ്ഞു, ''നീ നോയ്ക്കോ കമ്മോ. ഇവൻ ചിത്രം വരച്ച് വയറ് പെഴച്ചോളും.''

കല്പകവൃക്ഷത്തിൻെറ തൊണ്ടുകളെ ഞാനൊരു കലാസങ്കേതമാക്കുന്നതും ഞാൻ വരച്ച ചിത്രങ്ങൾ പത്രപാളികളിൽ അടിച്ചുവരുന്നതും കാണാൻ മുത്തശ്ശി ജീവിച്ചില്ല. ജീവിച്ചിരുന്നെങ്കിൽത്തന്നെ അവർ ആ സ്ഥൂലരൂപങ്ങളെ മനസ്സിലാക്കിയിരിയ്ക്കയുമില്ലായിരുന്നു. അവയേക്കാൾ ഒരാകാശത്തോളം ഉയരം കൂടിയ തലത്തിലായിരുന്നു മുത്തശ്ശിയുടെ കല്പകക്കരിക്കുകൾ, തൻെറ കൃപാപൂർണമായ ആശംസയിൽ മുത്തശ്ശി എൻെറ ഭാവിയിലേയ്ക്ക് നേർന്നുഴിഞ്ഞു പറപ്പിച്ച ഐരാവതങ്ങൾ.

ഈ കാരുണ്യത്തിൻെറ ഒരു ചെറിയ തിരി ഇതിഹാസത്തിൻെറ ശ്രാദ്ധഭൂമിയിൽ എനിയ്ക്കു കൊളുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ ചാരിതാർത്ഥനാണ്...അനശ്വരരായ ദേവന്മാർ ഇപ്പോഴും ഉച്ചയ്ക്ക് ദാഹം തീർക്കുന്നുണ്ടാകും. വന്യമായ താഴ്‌വരയിലേയ്ക്കും കലുഷമായ നഗരത്തിന്നു മുകളിലും കരിക്കിൻതൊണ്ടുകൾ ഉതിർന്നു വീഴുന്നുണ്ടാവും. എന്നാലും നഗരത്തിലുള്ള എൻെറ പഠനമുറിയിലിരിയ്ക്കുന്ന എനിയ്ക്ക് ഇന്ന് ആ ദർശനമില്ല. എവിടെച്ചെന്നാലാണ് വീണ്ടും കരിക്കിൻതൊണ്ടുകൾ കാണാൻ പറ്റുക?

അരിയക്കോട്ടെ ക്യാമ്പിൻകുന്നിൻെറ ചരിവിൽ, അരളിമരച്ചുവട്ടിൽ കിടക്കുന്ന മുത്തശ്ശിയുടെ വിശ്രമസ്ഥാനത്തോ?

1 'വിജയന്റെ കഥകൾ' എന്ന സമാഹാരത്തിൽനിന്ന്

## 3. തുമ്പികൾ

സിമി എന്ന ഇസ്ലാമിക വിദ്യാർത്ഥി സംഘടനയുടെ പ്രതിനിധി അവരുടെ സമ്മേളനത്തിന് ക്ഷണിയ്ക്കാനായി എന്നെ ഡൽഹിയിൽ സന്ദർശിച്ചപ്പോൾ എനിയ്ക്ക് ആ ക്ഷണത്തിൽ താല്പര്യമുണ്ടായിരുന്നില്ല.

''നിങ്ങൾ എന്തിനാണ് എന്നെ തിരഞ്ഞുപിടിച്ചത്?'' ഞാൻ ചോദിച്ചു. ''ഞാൻ മതമൗലികവാദത്തിന് എതിരാണ്.''

''സാരമില്ല,'' ഫാസിൽ എന്ന പ്രസാദവാനായ ചെറുപ്പക്കാരൻ പറഞ്ഞു.

''പോരെങ്കിൽ ഞാൻ ഒരു ഇസ്രായ്‌ലി പക്ഷപാതികൂടിയാണ്.''

''സാരമില്ല.''

അത്രയും സഹിഷ്ണുതയുണ്ടെങ്കിൽ ക്ഷണം സ്വീകരിയ്ക്കണമെന്ന് ഞാൻ നിശ്ചയിച്ചു. ഞങ്ങൾ നാട്ടുകാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് ഫാസിൽ അരിയക്കോട്ടുകാരനും എൻെറ സഹപാഠിയുടെ മകനുമാണെന്ന് ഞാൻ മനസ്സിലാക്കിയത്. സമ്മേളനം കോഴിക്കോട്ടാണ്. കാറോ ജീപ്പോ വഴി കോഴിക്കോട്ടുനിന്ന് അരിയക്കോട്ടേയ്ക്കുള്ള ദൂരം രണ്ടു മണിക്കൂറാണ്.

''നിങ്ങൾ എനിയ്ക്ക് ഒരരിയക്കോട് സന്ദർശനം തരപ്പെടുത്തിയാൽ ഞാൻ സമ്മേളനത്തിന് വരാം.'' ഞാൻ പറഞ്ഞു.

''സന്തോഷത്തോടെ.''

നാല്പതിൽ ചില്വാനം വർഷങ്ങൾക്കുശേഷം ബാല്യത്തിലേയ്ക്ക്. അരിയക്കോട്ട് എൻെറ പഴയ സഹപാഠികളിൽ പലരേയും ഞാൻ കണ്ടു. പുനഃസമാഗമങ്ങൾക്കും സൽക്കാരത്തിനും ശേഷം ഞങ്ങൾ കുന്നിൻപുറത്തുള്ള ക്യാമ്പിലേയ്ക്ക് ജീപ്പു തിരിച്ചു. ഒന്നും മാറിയിട്ടില്ല. കെട്ടിടങ്ങളും നിലങ്ങളും ഒന്നുകൂടി ചെറുതായപോലെ തോന്നിയെന്നുമാത്രം. കുട്ടിക്കാലത്തിൻെറ അനുപാതങ്ങൾക്കു വലിപ്പം കൂടും. വളരുമ്പോൾ ക്ഷേത്രഫലങ്ങൾ ചുരുങ്ങുന്നു.

ക്യാമ്പിൽ ഏതാനും പട്ടാളക്കാരുടെ ഒരു ചെറുകാവൽ സംഘം മാത്രമേ ഇന്നുള്ളു. ഞങ്ങളുടെ പഴയ വീട്ടിൽ ഇന്ന് ആരും താമസമില്ല. ഞാൻ അതിൻെറ മുറികളിലൂടെ നടന്നു. വരാന്തയിൽ വന്ന് ഇരിപ്പുറപ്പിച്ച് പുറത്തെ പുൽപ്പറമ്പിലേയ്ക്കു നോക്കി. എൻെറ കൂടെയുണ്ടായിരുന്ന അഹമ്മദുകുട്ടി മാസ്റ്റർ, ഫാസിലിൻെറ ബാപ്പ, കൗതുകത്തോടെ ചോദിച്ചു, ''പഴയ കാര്യങ്ങൾ ഓർമ്മവരികയാണല്ലേ?''

ഞാൻ പഴയ കാര്യങ്ങൾ ഓർക്കുകതന്നെയായിരുന്നു. എന്നാൽ, ആ ഓർമ്മകൾ എൻെറ അച്ഛനേയോ അമ്മയേയോ കുട്ടിയായ എന്നെത്തന്നെയോ സംബന്ധിച്ചവയായിരുന്നില്ല. അതൊന്നും ഓർത്തില്ലെന്നല്ല, പക്ഷേ മറ്റൊരു

ഓർമ്മയുടെ സാക്ഷാല്ക്കാരത്തിന്നായി എൻെറ ഉള്ളുമിടിച്ചു. തെളിവെയിലു നിറഞ്ഞ പുൽപ്പറമ്പിൻെറ ആകാശസാന്നിദ്ധ്യത്തിൽ കൺനട്ടുകൊണ്ട് ഞാൻ ഇരുന്നു. മായികമായ ഒരാവിർഭാവത്തിനു വേണ്ടി ഞാൻ കാത്തിരിയ്ക്കുകയായിരുന്നു.

കുറേ നേരം കാത്തിരിയ്ക്കേണ്ടി വന്നു. അവസാനം അവൻ പ്രത്യക്ഷപ്പെട്ടു. തെളിവെയിലിൽ ചിറകടിച്ചുകൊണ്ട്. തവിട്ടു നിറത്തിലുള്ള ശരീരവും ചുകന്ന ചിറകുഞ്ഞെട്ടുകളും ഉള്ള ഒരു തുമ്പി.

''ഇപ്പോൾ ഇവിടെ തുമ്പികളധികമില്ല, അല്ലേ?'' ഒരു വിഡ്ഢിയെപ്പോലെ ഞാൻ പറഞ്ഞു. അഹമ്മദുകുട്ടി മാസ്റ്റർ ശ്രദ്ധിച്ചെന്നു തോന്നിയില്ല. ആ സമയം എന്നിൽ നിറഞ്ഞ ഓർമ്മ തുമ്പികളുടേതായിരുന്നു. യക്ഷിക്കഥകൾ വായിച്ച് തല നിറയെ ഭ്രമാത്മകസങ്കല്പങ്ങളുമായി കഴിഞ്ഞ എൻെറ കുട്ടിക്കാലത്ത് ആ പുൽപ്പറമ്പു നിറയെ തുമ്പികളായിരുന്നു. ആയിരക്കണക്കിന് തുമ്പികൾ. ആകാശത്തിൽനിന്ന് ഇറങ്ങാതെ പാറി നടക്കുന്നവ. ചെടികളിലേയ്ക്ക് ഇറങ്ങിവന്ന പച്ചത്തുമ്പികളെ പിടിയ്ക്കാൻ വിഷമമില്ല. ഈ പച്ചത്തുമ്പികളുടെ പളുങ്കുകണ്ണുകളിലേയ്ക്ക് ഞാൻ നോക്കിയിട്ടുണ്ട്. ഭയം തോന്നിയിട്ടില്ല. പച്ചത്തുമ്പി കൂട്ടുകാരനാണ്. വിരലു കാണിച്ചുകൊടുത്താൽ കടിയ്ക്കും. നോവിയ്ക്കും. എന്നാൽ, തവിട്ടു നിറത്തിലുള്ള തുമ്പി ആകാശത്തിലെ അപ്രാപ്യനായ കിന്നരനാണ്.

പിടികിട്ടാത്ത ഈ കിന്നരനെ കീഴടക്കുവാനുള്ള ആഗ്രഹം ഒരു 'ഒബ്സെഷൻ' ആയിക്കഴിഞ്ഞിരുന്നു.

നാളുകളോളം നീണ്ടുനിന്ന യജ്ഞത്തിൻെറ ഫലമായി അവസാനം ഒന്നിനെ പിടികിട്ടി. ആ സായാഹ്നം വർഷങ്ങൾക്കുശേഷം എൻെറ ഇതിഹാസസൃഷ്ടിയിൽ നിർണ്ണായകമായ ഒരു പങ്കുവഹിയ്ക്കാൻ വിധിയ്ക്കപ്പെട്ടതായിരുന്നു. കരുതലോടെ ഞാനവൻെറ ചിറകുകൾ കൂട്ടിപ്പിടിച്ച് ചുകന്ന മുഖത്തേയ്ക്ക് ഉറ്റുനോക്കി. പച്ചത്തുമ്പിയുടെ പരിചിതഭാവമല്ല, ആകാശത്തിൻേറയും തെളിവെയിലിൻേറയും മാസ്മരസമസ്യ, ഗൂഢഗർവ്വം. ചെറുപ്രാണികളെ പിടിച്ചാൽ ഉടൻതന്നെ അവയെ വിടുകയായിരുന്നു എൻെറ പതിവ്. എന്നാൽ കിന്നരനെ വിടാൻ എനിയ്ക്കു തോന്നിയില്ല. ഞാൻ അവനേയും കൊണ്ട് വീട്ടിലേയ്ക്കോടി. എനിയ്ക്ക് പിച്ചള കെട്ടിയ ഒരു പ്ലാവുപെട്ടകം ഉണ്ടായിരുന്നു. ഞാൻ തുമ്പിയെ അതിൽ അടച്ചിട്ടു.

ആ സന്ധ്യയ്ക്കത്രയും എൻെറ തലയ്ക്കകത്ത് സ്വപ്നാനുഭവങ്ങൾ വിടർന്നു പൊലിയുകയായിരുന്നു. ഉണ്ണാനിരുന്നപ്പോൾ അമ്മ ചോദിച്ചു. ''എന്താ നെണക്ക്?''

''ഒന്നൂല്ല.''

രാത്രി ഉറങ്ങാൻ കിടന്നു. മുറിയിൽ ഞാൻ തനിച്ചാണ്. മൂലയിൽ പെട്ടകം. ഉറങ്ങിയോ എന്നറിഞ്ഞുകൂടാ. സ്വപ്നമോ ജാഗ്രാനുഭവമോ? മുറിയുടെ

മൂലയിൽനിന്ന് ശ്വാസോച്ഛ്വസനം ഉയരുകയായിരുന്നു. പെരുംകൊല്ലൻെറ ഉലയുടെ ശബ്ദംപോലെ അത് രാത്രിയിൽ നിറഞ്ഞു. ശവക്കല്ലറയിൽനിന്ന് പുറത്തു കടക്കാൻ വെമ്പുന്ന ഒരാത്മാവിൻെറ സമ്മർദ്ദംപോലെ അത് അതീന്ദ്രിയമായി. ഞാൻ ഉറങ്ങാൻ ശ്രമിച്ചു. ശുദ്ധമായ ഭയത്തിൽ ഞാൻ കൺമിഴിച്ചു കിടന്നു.

ഇപ്പോൾ ആ ശബ്ദം കടലേറ്റമായി. ചാടിയെഴുന്നേറ്റ് പെട്ടകം തുറന്നുവെച്ച് ഞാൻ വീണ്ടും കിടക്കയെ അഭയം പ്രാപിച്ചു. ഇപ്പോൾ ആ ശബ്ദം നിലച്ചു. ഭയത്തിൽത്തന്നെ ഞാനുറങ്ങി.

പിന്നെ രണ്ടു ദിവസത്തേയ്ക്ക് പെട്ടകം തുറന്നുതന്നെ കിടന്നു. ഞാൻ അതിനകത്തേയ്ക്ക് നോക്കിയില്ല. മൂന്നാം ദിവസം പെട്ടകം പരിശോധിച്ചു. തുമ്പി അതിനകത്തുണ്ടായിരുന്നില്ല. എന്നാൽ ഗർവ്വിഷ്ഠമായ അവൻെറ നോട്ടം എന്നെ വിട്ടുമാറിയില്ല. അവൻ സൂക്ഷ്മരൂപിയായ ഒരു സഹയാത്രികനായി മാറുകയായിരുന്നു. വെയിലിലും മഴയിലും മഞ്ഞിലും ഇരുട്ടിലും നിലാവിലും കലാലയത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും ഉത്തരേന്ത്യൻ നഗരങ്ങളുടെ കഠിനമായ ഉഷ്ണശൈത്യങ്ങളിലും പത്രമാപ്പീസിൻെറ വിരസമായ ബദ്ധപ്പാടിലും കലാപ്രദർശനത്തിലും വിദ്വൽസദസ്സിലും അവൻ എന്നെ തിരിച്ചു നായാടി. അവൻ എൻെറ സ്വകാര്യമായ മിഥോളജിയായി, പരേതാത്മാക്കളുടെ ഓർമ്മ.

ഇരുപതു കൊല്ലത്തെ ഇടവിടാത്ത പാരസ്പര്യത്തിനു ശേഷം ഇതിഹാസത്തിൽ ഞാൻ ഈ വരികൾ കുറിച്ചു:

> ചുടു നഷ്ടപ്പെട്ട വെയില്. കരിമ്പനകളുടെ സീല്ക്കാരം. എന്താണ് മനസ്സിലൂടെ കടന്നുപോയത്? കരുണ, ആസക്തി, നീരസം, ക്രൂരമായ ജിജ്ഞാസ, കൃതാർത്ഥത— എന്തായിരുന്നു അത്? അല്ലെങ്കിൽ അത് എല്ലാമായിരുന്നു. ജന്മാന്തരങ്ങളുടെ ഇളവെയിലിൽ തുമ്പികൾ പറന്നലഞ്ഞു. രവി നടന്നു. നെടുവരമ്പ് അറ്റമില്ലാതെ നീണ്ടു കിടന്നു.

## 4. കഥാസരിൽസാഗരം

കഥ തുടങ്ങാൻ ഒരു ഹേതു വേണം. കാണാവുന്നതും തൊടാവുന്നതുമായ ഒരനുഭവ സമുച്ചയം. ഖസാക്കിൻെറ ഹേതു സമാനനാമമായ ഒരു പാലക്കാടൻ ഗ്രാമമാണ്. സാങ്കേതിക പരിഗണനകളാൽ ഞാൻ ആ പേര് എടുത്തു പറയുന്നില്ല. എന്നാൽ, ആ ഗ്രാമവും അതിൻെറ പേരും എന്നെ ഒരു കുരുക്കിലകപ്പെടുത്തിയിരുന്നു. ഇതിഹാസത്തിലെ ഗ്രാമത്തിന് പാഴുതറയെന്നോ തണ്ണീർക്കാവെന്നോ പേരു കൊടുത്താൽ മതിയാകാതെയല്ല. എന്നാൽ കുരുക്ക് എന്നെ മുറുകെ പിടിച്ചു. മൂലഗ്രാമം അതിൻെറ താളത്തെ ഇതിഹാസത്തിലെ ഗ്രാമത്തിലേയ്ക്ക് പകർത്തി. ഖസാക്ക്. ഖസാക്ക് ബംഗർവാടിയാണെന്നും ഡോഗ് പാച്ചാണെന്നും വിശ്വസിയ്ക്കുന്ന സുഹൃത്തുക്കളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ എനിയ്ക്കാവില്ല. പാലക്കാട്ട് കിണാശ്ശേരിയ്ക്ക് സമീപമുള്ള മൂലഗ്രാമത്തിലോളം ചെല്ലാനുള്ള സന്മനസ്സ് അവർക്കുണ്ടാകട്ടെ എന്ന് ആശിയ്ക്കാൻ മാത്രമേ എനിയ്ക്കു കഴിയൂ. അവിടെച്ചെന്നാൽ അവർക്ക് അള്ളാപിച്ചാമൊല്ലാക്കയുടെ ശവകുടീരം കാണാം. അള്ളാപിച്ച എന്നുതന്നെയായിരുന്നു മൂലത്തിലെ വൈദികൻെറ പേര്. ആ ഗ്രാമത്തിലൂടെ ചുറ്റി നടന്നാൽ അവർക്ക് ഏകാദ്ധ്യാപകവിദ്യാലയം കുടികൊണ്ടിരുന്ന പീടികപ്പുര കാണാം. രാഘവൻനായരെന്ന ശിവരാമൻനായരുടെ കളപ്പുര നിന്നിരുന്ന സ്ഥാനം കാണാം. പള്ളിയും കുളങ്ങളും കാണാം; ഈ കാലത്തിനിടയ്ക്ക് ഒരുപക്ഷേ, കുളങ്ങൾ തൂർന്നിരിയ്ക്കണം.

മൂലത്തിലെ വൈദികൻെറ പേരും മൂലഗ്രാമത്തിൻെറ പേരുപോലെ എന്നെ കുരുക്കിലാക്കുകയാണുണ്ടായത്. അള്ളാപിച്ചയെന്ന പേര്, സർവ്വത്തുകടയിലെ നരകപടത്തെപ്പോലെ എനിയ്ക്കുവേണ്ടി കാത്തിരിയ്ക്കുകയായിരുന്നു. ആ പേര് പരിവർത്തനംപോലും ചെയ്യാതെ ഞാൻ എൻെറ കഥയിൽ ഉപയോഗിച്ചു. അള്ളാപിച്ചാമൊല്ലാക്ക. ഈശ്വരൻെറ ഭിക്ഷയായി കൈവന്ന ജന്മം എന്നാണ് ആ പേരിൻെറ വാക്യാർത്ഥം. ദൈവകൃപയുടെ ഈ കഴമ്പ് കഥയേയും പാത്രത്തേയും അനുഗ്രഹിയ്ക്കട്ടെ.

എന്നാൽ, പേരിൽ തുടങ്ങിയത് പേരിൽത്തന്നെ അവസാനിയ്ക്കുന്നു. പേരും മൊല്ലാക്കയുടെ ദൃശ്യരൂപവും ഒരു തീപ്പെട്ടിക്കൊള്ളിയുരയ്ക്കൽ മാത്രം. അതിൽനിന്ന് ആളിപ്പിടിച്ച തീയിൻെറ ചൂടും വെളിച്ചവും സൃഷ്ടിയുടെ കഥയാണ്.

നാരായണിയമ്മ ശിവരാമൻനായരുടെ രക്തസമ്മർദ്ദത്തിൽനിന്ന് പിറവികൊള്ളുന്നു, മൈമുന കേവലമായ സ്ത്രൈണസങ്കല്പങ്ങളിൽനിന്നും. മാറു മറയ്ക്കാതെ, തുടകൾ തെളിയുവോളം മുണ്ടിൻതുമ്പ് കയറ്റിക്കുത്തി കള്ളു

കാച്ചി നില്ക്കുന്ന ഏത് ഈഴവത്തിയും ആകാം കോടച്ചി. കുഞ്ഞാമിന ശുദ്ധിയുടെയും ഋതുപ്രാപ്തിയുടെയും മുഗ്ദ്ധസങ്കല്പം. മൂലഗ്രാമത്തിലെ ഖാലിയാർ ഖസാക്കിലെ ഖാലിയാരല്ല. പ്രേതോപാസകനായ ഒരു പ്രാകൃത മാന്ത്രികൻെറ പാത്രജനിയ്ക്ക് തുടക്കം കുറിയ്ക്കുകയേ മൂലത്തിലെ ഖാലിയാർ ചെയ്തിട്ടുള്ളു. ശിഷ്ടമെല്ലാം എൻെറ കാടു കയറിയ ഭാവന.

ഖസാക്കെന്ന താവളത്തിൽ പുറനാടുകളിൽനിന്നും മറ്റു കാലങ്ങളിൽനിന്നും ഉള്ള അസംഖ്യം പാത്രങ്ങളെ ഞാൻ ചേക്കയിരുത്തി. കുപ്പുവച്ചൻ ഖസാക്കുകാരനല്ല. ഞങ്ങൾ കുറേക്കാലം താമസിച്ച മണലിയെന്ന പാലക്കാടൻ നഗരാതിർത്തിപ്രദേശത്തിലെ ഒരു കാരണവരായിരുന്നു. അത്താണിപ്പുറത്ത് കൈപ്പടം മടക്കിപ്പിടിച്ച് ചടഞ്ഞിരുന്ന കാരണവരോട് മണലിയിലെ കേശവൻ മാസ്റ്റർ കുസൃതി പറയുമായിരുന്നു, ''കൈ മുറുക്കിപ്പിടിച്ചോളീൻ. വിട്ടാൽ പറന്നു പൊയ്ക്കളയും.''

സരസനായ കേശവൻ മാസ്റ്ററോോട് ഇതിഹാസത്തിനുള്ള കടപ്പാട് ഒരുപാടാണ്. നിരവധി വൈകുന്നേരങ്ങളിൽ കേശവൻമാസ്റ്ററുടെ കളത്തിൽ മാസ്റ്ററും ഞാനും വർത്തമാനം പറഞ്ഞിരിയ്ക്കും. മാസ്റ്റർക്കകത്തു നിറയെ ഗ്രാമ്യങ്ങളായ കഥകളാണ്. ഇതിഹാസത്തിന്റെ ഭൂമിക. തട്ടിന്മേൽ കൂത്തുകാർ കൈതപ്പൊന്തകളിലേയ്ക്ക് ഓടിയ കഥയുടെ കഥ ഇപ്രകാരമാണ്: ഒരു വൈകുന്നേരം മാസ്റ്റർ എന്നെ മദ്യപിയ്ക്കാൻ ക്ഷണിച്ചു. മാസ്റ്ററുടെ അച്ഛനായ കുഞ്ചച്ചന് കള്ളുകരാറായിരുന്നു. ശുദ്ധമായ പനങ്കള്ള് കഴിയ്ക്കാനായിരുന്നു ക്ഷണം. ഞാൻ അന്ന് മദ്യം ശീലിച്ചു തുടങ്ങിയിട്ടില്ലായിരുന്നു. എന്നാൽ, ആ വൈകുന്നേരം ഞങ്ങൾ പനങ്കള്ളുകളുടെയും വാറ്റുകളുടെയും അപദാനങ്ങളെക്കുറിച്ചു സംസാരിച്ചു. കലർപ്പില്ലാത്ത പനങ്കള്ളിന്റെ സ്ഥാനം വ്യാജമദ്യങ്ങൾ പിടിച്ചുപറ്റാൻ തുടങ്ങിയിരുന്നു. ശർക്കരവെള്ളത്തിൽ അമോണിയം സൾഫേറ്റെന്ന രാസവളം കലർത്തി നിസ്സാരചിലവിൽ കള്ള് പുളിപ്പിയ്ക്കാം.

''അത് കുടിച്ചാല്ണ്ടല്ലോ —'' കേശവൻമാസ്റ്റർ അതും പറഞ്ഞ് ഉരുണ്ടു ചിരിക്കാൻ തുടങ്ങി. പാലക്കാടൻ ഗ്രാമീണർ ചളുവട്ടെന്നു പേരിട്ട ഈ സൾഫേറ്റ് മദ്യം തലയ്ക്കു പിടിയ്ക്കും, കുടലിലും പിടിയ്ക്കും. അതു കഴിച്ചുകഴിഞ്ഞാൽ വിരേചനം ആവശ്യമായിത്തീരും. ഉടനടി.

ഖസാക്കിൽനിന്ന്:
കഥകളിക്കിരീടങ്ങളണിഞ്ഞ കൂത്തുകാർ ഓരോരുത്തരായി കുടം ചെരിച്ച് കള്ളു മോന്തി തിരിച്ചുപോയി...നുരപ്പൻ തികട്ടിയപ്പോൾ നിലാവെടിക്കെട്ട് പൊങ്ങിപ്പൊട്ടുന്നപോലെ തോന്നി...ദൈവപ്പുരയ്ക്കകത്ത് മൂന്നു വലംവെച്ചിട്ട് കുട്ടാടൻപൂശാരി ആർത്തുവിളിച്ചു...തട്ടിന്മേൽനിന്ന് ചെറുമക്കൾ മറുപടി കൊടുത്തു...കീരിമണി കെട്ടിയ കാല് ഊന്നിച്ചവിട്ടി പൂശാരി ഒന്നട്ടഹസിച്ചു...ആ അട്ടഹാസത്തിൽ വയറൊന്നമർന്നു. അതിനകത്ത്, അന്തർവാഹിനികളിലൂടെ മെഴുക്കുപിടിച്ചൊരു പദാർത്ഥം

നീങ്ങി...തെയ്നാകൻ പുറത്തേയ്ക്കോടി. ആളുകൾ കലങ്ങിമറിയുന്നു! തട്ടുകളെല്ലാം ഇറക്കിവെച്ചിട്ടുണ്ട്... ഒന്നുരണ്ടു കൂത്തുകാർ നിലത്തിറക്കിവെച്ച തട്ടുകളിന്മേൽത്തന്നെ ജീവച്ഛവങ്ങളായി കുന്തിച്ചിരിപ്പാണ്. ബാക്കിയുള്ളവർ പാടത്തേയ്ക്ക് കുതിച്ചു പായുകയാണ്...രവി പാടത്തേയ്ക്കു നോക്കി. അപ്പുക്കിളി തുമ്പികളെ നായാടുന്ന കൈതപ്പൊന്തകളിലേയ്ക്ക്. കൈതത്തഴപ്പിനു മുകളിൽ നാലു കിരീടങ്ങൾ പൊങ്ങിക്കാണായിരുന്നു.

ഈ കഥയ്ക്ക് ഞാൻ കേശവൻമാസ്റ്ററോട് കടപ്പെട്ടിരിയ്ക്കുന്നു. എന്റെ ഗ്രാമഭൂമിയിലെ ഇതിഹാസസ്രഷ്ടാക്കളായ വാറ്റുകാരോട് കടപ്പെട്ടിരിക്കുന്നു. സ്നേഹത്തോടെ, ഔദാര്യത്തോടെ, ധാരാളിത്തത്തോടെ നാട്ടിൻപുറം നമുക്ക് ഈ കഥകൾ കടം തരുന്നു. അതിന്റെ അളവറ്റ ഭണ്ഡാരങ്ങളിൽ ഒരു ചെറു ഭിന്നിതംപോലും നാം ഏറ്റു വാങ്ങിയിട്ടില്ല. ഏറ്റുവാങ്ങാൻ മിനക്കെടാതെ 1958ൽ ഞാൻ ദില്ലിയ്ക്കു പുറപ്പെട്ടു. കാർട്ടൂണിസ്റ്റാകാൻ. ആംഗലത്തിന്റേയും അന്താരാഷ്ട്ര പ്രശസ്തിയുടേയും മരീചികകളെത്തേടാൻ.

പൂതമക്കുന്നിന്റെ മേൽമൂടിപ്പാറയെ
കൈതപ്പൂപോലെ പറിച്ചുനീക്കി.
കൺചിന്നുംമാറതിൽ പൊന്നും മണികളും
കുന്നുകുന്നായിക്കിടന്നിരുന്നു.

ഞാൻ യാത തിരിയ്ക്കവെ എന്റെ പൂതങ്ങൾ തുറുകണ്ണുകൊണ്ട് കണ്ണീർച്ചോല ചൊരിഞ്ഞ് എന്നോടു ചോദിച്ചു, ''മകനേ, നിനക്ക് ഈ പൊന്നും മണിയും വേണ്ടേ?''

''ഞാൻ മരീചികയെത്തേടിപ്പോകുന്നു,'' ഞാനവരോട് പറഞ്ഞു.

''നീയെന്നെങ്കിലും തിരിച്ചുവരികയാണെങ്കിൽ ഇതൊക്കെ നിനക്കായി കാത്തിരിയ്ക്കും—''

ദുഃഖത്തോടെ പൂതങ്ങൾ എന്നെ അനുഗ്രഹിച്ചു. എന്നിട്ട് പാറകളെടുത്ത് രത്നഖനികൾ അടച്ചു. സ്നേഹത്തിന്റെ സ്വരങ്ങൾ താങ്ങാനാവാതെ ഞാൻ തിരിച്ചുനടന്നു. ഇരുപത്തിയഞ്ചു കൊല്ലം നഗരത്തിന്റെ ഊഷരഭൂമിയിൽ ചുറ്റിത്തിരിഞ്ഞ് ഞാനെന്റെ മരീചികയെത്തേടി. ക്രൂഷ്ച്ചേവിന്റേയും ഐസെൻ ഹവറുടേയും മാവോസീതൂങ്ങിന്റെയും നെഹ്റുവിന്റേയും ഇന്ദിരയുടേയുമൊക്കെ ചിത്രങ്ങൾ വരച്ചു. ചിത്രങ്ങൾ ദേശീയപത്രങ്ങളിലും അന്തർദേശീയപത്രങ്ങളിലും അടിച്ചുവന്നു. തിരച്ചിലിന് സാഫല്യമില്ല. അതാണ് മരീചികയുടെ സ്വഭാവം.

മരുഭൂമിയിലെ ഈ പാതയ്ക്ക് ചൂടേറുന്നു. കൈകാലുകൾ തളരുന്നു. എന്റെ പ്രിയപ്പെട്ട പ്രകൃതിസത്വങ്ങളേ, ഞാൻ എന്താണ് എന്നോടുതന്നെ കാണിച്ചത്?

## 5. ദൈവജ്ഞനായ ക്ഷുരകൻ

എന്റെ ഗ്രാമവാടിയുടെ സ്നിഗ്ദ്ധപ്രസരങ്ങൾ മാത്രമല്ല എനിയ്ക്ക് മുന്നറിയിപ്പുകൾ തന്നത്. കേരളത്തിന്റെ ചെറുപട്ടണങ്ങളിൽനിന്നും തങ്ങളുടെ എളിമയിൽ സംതൃപ്തരായ, എളിമയെന്ന ഒമ്പതാമത്തെ[2] സിദ്ധിയിൽ സമ്പൂർണ്ണരായ, മഹത്തുക്കൾ എന്നോടു സംസാരിച്ചു.

''ഇതിന്റെയൊക്കെ അർത്ഥം എന്താന്ന് ആലോചിച്ചാൽ—'' മുടിവെട്ടുകാരനായ കേളൻ പറഞ്ഞുനിർത്തി, യന്ത്രക്കത്രികൊണ്ട് എന്റെ മുടിയുടെ പിൻവശം വെടുപ്പുവരുത്തുന്നത് തുടർന്നു. യന്ത്രക്കത്രി എന്റെ പിരടിപ്പുറത്ത് നനുക്കനെ താളംപിടിച്ചു.

മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായി ജോലി നോക്കുകയായിരുന്ന ഞാൻ കോഴിക്കോട് ബാങ്ക് റോഡിലുള്ള ഒരു ചെറിയ വീട്ടിലായിരുന്നു അന്ന് താമസം. വീട്ടിൽനിന്നു പുറപ്പെടുന്ന ഇടവഴി നിരത്തിൽ ചേരുന്നേടത്താണ് കേളന്റെ ക്ഷൗരക്കട. അന്നു ഞാൻ മുടി നീട്ടിയിരുന്നില്ല. പതിനഞ്ചു ദിവസം കൂടുമ്പോൾ മുടി വെട്ടിയ്ക്കാൻ ചെല്ലും. കേളൻ മുടിവെട്ടുന്നത് സാവകാശത്തിലാണ്, സംഭാഷണം കലർത്തി. സംഭാഷണം എന്നും അർത്ഥങ്ങളെക്കുറിച്ചും അനർത്ഥങ്ങളെക്കുറിച്ചുമായിരുന്നു.

''കേളന് ഈ ചിന്തകളൊക്കെ ണ്ടാവാൻ ന്താ കാരണം?'' ഒരിയ്ക്കൽ ഞാൻ ചോദിച്ചു.

ഒരു ഗുരുസ്പർശത്തിന്റെ കഥയായിരുന്നു അത്. അറിവു തേടിയ കേളൻ കുറേക്കാലം വാഗ്ഭടാനന്ദാശ്രമത്തിൽ അന്തേവാസിയായിരുന്നു, കുരുടനായ കടച്ചിക്കൊല്ലന്റെ കുടിലിൽ വേദാന്തം പഠിക്കാൻ ചെന്ന മാധവൻനായരെപ്പോലെ. മാധവൻനായരോട് അയാളുടെ അമ്മ ചോദിച്ചു, നീ വേദാന്തം പഠിച്ചുവോ? ആ ചോദ്യംതന്നെ ഞാനും കേളനോടു ചോദിച്ചു. ഉത്തരം കേളന് അറിഞ്ഞുകൂടായിരുന്നു. മനുഷ്യജീവിയ്ക്ക് കെല്പുള്ള ഉദാത്തമായ വേദന കേളൻ ഗുരുവിന് നേദിച്ചു. ഗുരു പ്രസാദിച്ച് കേളന് ഒരു വരം കൊടുത്തു: സന്ദേഹം. സന്ദേഹത്തിന്റെ മധുരമായ വിനയത്തിൽ കേളൻ ബാങ്ക്റോഡിലിരുന്നുകൊണ്ട് ആളുകളുടെ തലമുടി വെട്ടി.

''അതിന്റെ അർത്ഥമെന്തായിരുന്നു?'' സമ്പർക്കത്തിന്റെ ആവർത്തനങ്ങളിൽ ഞാനും കേളനും അതിനെക്കുറിച്ച് സംസാരിച്ചു. അർത്ഥങ്ങളെക്കുറിച്ച് അന്ന് എനിയ്ക്ക് സന്ദേഹമുണ്ടായിരുന്നില്ല. നിശിതവും ക്ളിപ്തവുമായ അർത്ഥങ്ങൾ, മാർക്സിസത്തിന്റെ വരദാനം! എന്നാൽ, കേളന്റെ സൗമ്യസാമീപ്യം എന്നെ എങ്ങനെയോ മയപ്പെടുത്തി. അയാളുടെ സന്ദേഹങ്ങളെ എന്റെ ദ്വന്ദ്വമാനഭൗതികവാദംകൊണ്ട് പരിഹസിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞില്ല.

മൺമറഞ്ഞ ഒരു ഗുരു, വാഗ്ഭടാനന്ദൻ, അപ്രാപ്യമായ ഏതോ മണ്ഡലത്തിൽ ഇരുന്ന് കേളന്റെ യന്ത്രക്കത്രികൊണ്ട് എന്റെ തീർപ്പുകളുടെ ഊഷരഭൂമിയെ ഉഴുതു മറിയ്ക്കാൻ തുടങ്ങുകയായിരുന്നു.

ഇതിന്റെയൊക്കെയർത്ഥം എന്ത്? ഏതിന്റെയൊക്കെ, അന്വേഷണം എവിടെത്തുടങ്ങണം? വെട്ടി വീഴുന്ന ഈ തലമുടിച്ചവറിൽനിന്നുതന്നെയാവട്ടെ. തലമുടിയും സെല്ലുകളാണ്. ആദിയുഗങ്ങളിൽ തങ്ങളുടെ നിലനില്പിന്റെ ഭദ്രതയ്ക്കുവേണ്ടി, ഇര തേടാൻ വേണ്ടി, ഏകകോശങ്ങൾ ഒന്നിച്ചുചേർന്ന്, കർത്തവ്യങ്ങൾ പങ്കുവെച്ച് സെൽകോളനികളായി. പരിണാമത്തിലെ ആദ്യത്തെ സങ്കീർണ്ണ ശരീരങ്ങൾ. സെല്ലുകളുടെ ഈ ഉടമ്പടി മാത്രമാണ് ഇന്നത്തെ ജൈവരൂപങ്ങൾ തുടരുന്നത്.

ശുക്ളബീജങ്ങളെപ്പോലെ, ഹൃദയത്തിലേയും തലച്ചോറിലേയും കോശങ്ങളെപ്പോലെ, ശരീരമെന്ന നഗരിയുടെ സൃഷ്ടിയിലും സ്ഥിതിയിലും തലനാരിലെ കോശങ്ങളും തുല്യപങ്കുകാരാണ്. അവയെ കത്രിച്ചുകളഞ്ഞ് ചൂലുകൊണ്ട് തൂത്തുവാരിയെറിയുമ്പോൾ കേളൻ അവയ്ക്കുവേണ്ടി വേദനിച്ചിരിയ്ക്കുമോ? വേദനിച്ചുകാണണമെന്ന് എനിയ്ക്കിപ്പോൾ തോന്നുന്നു. കേളന്റെ വേദന താർക്കികമായിരുന്നില്ല, സാക്ഷരമായിരുന്നില്ല. അതിന്റെ തീക്ഷ്ണതയും ശാന്തിയും അദ്വൈതബോധത്തിന്റേതായിരുന്നു.

യന്ത്രക്കത്രിയുടെ താളലയത്തിൽനിന്ന് സാരാന്വേഷിയായ മാധവൻനായർ, ഖസാക്കിലെ തുന്നൽക്കാരൻ, പിറവികൊണ്ടു. യന്ത്രക്കത്രിയുടെ താളമായിരുന്നു മാധവൻനായരുടെ തുന്നൽയന്ത്രത്തിനും. എന്നാൽ, മാധവൻനായരുടെ ഫലിതം എനിയ്ക്ക് വീണുകിട്ടിയത് ക്ഷൗരക്കടയിൽനിന്നായിരുന്നില്ല, മാനാഞ്ചിറയുടെ മുക്കിൽനിന്നായിരുന്നു.

ഹാ, ഹാ, മഹാകേമ,മെന്റെ നാടേ നിന്റെ
ദാഹത്തിനുള്ളിലും മാനാഞ്ചിറക്കുളം'

എന്ന് അനശ്വരനായ സഞ്ജയനെക്കൊണ്ട് പാടിച്ച കോഴിക്കോടിന്റെ അനശ്വരമായ പൊട്ടക്കുളം. ദാഹം നിറഞ്ഞ ഒരു വൈകുന്നേരത്തിന്റെ ചൂടിൽ ഞാൻ അതുവഴി സൈക്കിളോടിച്ച് വരുകയായിരുന്നു. തെരുവിൽ ഗണ്യമായ ഗതാഗതമോ ആൾത്തിരക്കോ ഇല്ല. എന്നാൽ, സമീപത്തുള്ള സ്റ്റേഡിയത്തിൽ കോഴിക്കോടിന്റെ 'ഹരങ്ങളിൽ ഏറ്റവും പ്രധാനമായ ഫുട്ബോളുകളി നടക്കുകയാണ്. സ്ഥൂലതലത്തിലെ നിർദ്ദോഷ യുദ്ധങ്ങളിൽ ഒന്ന്. സ്റ്റേഡിയത്തിന്റെ ആരവം തെരുവിലെത്തി. അതിനെ ഗൗനിയ്ക്കാതെ കിഴവനായ ഒരുപദേശിയും അയാളുടെ ശിങ്കിടിയും തെരുവുമൂലയിൽ നിന്നുകൊണ്ട് സുവിശേഷപ്രസംഗം നടത്തി. അന്തിച്ചൂടും ആവിയും താങ്ങാൻ വയ്യാതെ കിഴവൻ ജുബ്ബയഴിച്ച് കഴുത്തിൽ ചുറ്റിയിരുന്നു.

അനുപാതത്തിൽക്കവിഞ്ഞ വലിപ്പമുള്ള ഒരു തലയും മുറിമീശയുമുള്ള ശിങ്കിടി, ആദിസുവിശേഷകന്മാരുടെ പ്രതീകസ്മരണയെ നിലനിർത്താനെന്നോണം, ഒരു നീലക്കോട്ടു ധരിച്ചിരുന്നു. സുവിശേഷകന്റെ സദസ്സായി ഉന്തുവണ്ടിക്കാരായ നാലഞ്ച് മുസ്ലീമീങ്ങൾ മാത്രം അന്തംവിട്ടു നിന്നു. സൈക്കിളിൽനിന്നിറങ്ങി ഞാനും ഉന്തുവണ്ടിക്കാരുടെ കൂടെ നിന്നു.

''യേശുക്രിസ്തു ആത്മാവായിരുന്നു,'' കിഴവൻ മാപ്പിളമാരോടു പറഞ്ഞു.

''യേശുക്രിസ്തു ആത്മാവായിരുന്നു,'' തന്റെ തോതു തെറ്റിയ തലയിൽ മുഖംമൂടിപോലെ തൊടുത്തുവെച്ച മുഖംകൊണ്ട് ശിങ്കിടി ഏറ്റുപറഞ്ഞു.

നാടകീയതയ്ക്കായി കിഴവൻ തന്റെ ഭാഷണത്തിന് പഴുതിട്ടു. എന്നിട്ട്, ഏതോ ഒരശ്ലീലരഹസ്യം ഉന്തുവണ്ടിക്കാരുമായി പങ്കിടുന്നപോലെ സ്വരം താഴ്ത്തി ഒരു ചിരിയോടെ പറഞ്ഞു, ''ലൂസിപേരും[3] ആത്മാവായിരുന്നു.''

ആത്മമോ അനാത്മമോ എന്തുവേണമെങ്കിലാകട്ടെ എന്ന മട്ടിൽ സ്റ്റേഡിയത്തിലെ ആൾക്കൂട്ടം കൂവി വിളിച്ചു, പ്രശ്നത്തിൽ താല്പര്യമില്ലാതെ മാപ്പിളമാർ പിരിഞ്ഞുപോകാൻ തുടങ്ങി, ഞാനും സൈക്കിളിൽക്കയറി ബാങ്ക് റോഡിലേയ്ക്ക് ചവിട്ടി. ഉപദേശി ഒരു മഹാസമസ്യയെ കൈയാളുകയായിരുന്നുവെന്ന് അറിയാനുള്ള പക്വത അന്ന് എനിയ്ക്കുണ്ടായിരുന്നില്ല. നിരന്തരപ്രലോഭകനായ പിശാചും ദൈവാംശമായിരുന്നു; ക്രിസ്തീയസംഹിതയുടെ വാഗർത്ഥങ്ങളെ മറികടന്നുകൊണ്ടാണ് അശിക്ഷിതനായ ഉപദേശി അതു പറഞ്ഞത്. രവിയും മൈമുനയും കേശിയും കോടച്ചിയും കുപ്പുവച്ചനുമൊക്കെ തങ്ങളുടെ ധന്യമായ അജ്ഞതയിൽ ഇതേ സമസ്യതന്നെ അറിഞ്ഞവരായിരുന്നു. പാപബോധത്തിന്റെ പുണ്യധാര.

വർഷങ്ങൾക്കുശേഷം ദില്ലിവാസിയായിക്കഴിഞ്ഞിരുന്ന ഞാൻ കോഴിക്കോട് സന്ദർശിച്ചു. അതിനിടെ കേളന്റെ കാര്യം ഒരു വിദ്യാർത്ഥിസുഹൃത്തിനോട് ഞാൻ പറയാനിടയായി. അപ്പോഴാണ് ആ സുഹൃത്തിൽനിന്ന് ഞാനറിഞ്ഞത്, കേളൻ ഇപ്പോൾ കോഴിക്കോട് മെഡിയ്ക്കൽ കോളേജ് ഹോസ്റ്റലിലെ മുടിവെട്ടുകാരനാണെന്ന്. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ എന്നെ ഒരു സംവാദത്തിന് ക്ഷണിച്ചപ്പോൾ കേളനേയും ക്ഷണിയ്ക്കുന്നതായിരിയ്ക്കുമെന്ന് അറിയിച്ചു. കേളനും ഖസാക്കുമായുള്ള ബന്ധം മെഡിയ്ക്കൽകോളേജിലെ സഹൃദയന്മാർക്കിടയിൽ ഇതിനകം പടർന്നുകഴിഞ്ഞിരുന്നു. സംവാദം, ഈയിടയത്തെ വിരസമായ പതിവനുസരിച്ച്, മാർക്സിസത്തിന്റെ അർത്ഥഭദ്രതയെക്കുറിച്ചായി. ഭൗതികവാദത്തിന് സെല്ലുകളുടെ അസ്തിത്വത്തെക്കുറിച്ചു പറയാനുള്ളത് ഞാൻ കേട്ടു തളർന്നു. തർക്കമവസാനിച്ചപ്പോൾ കേളന് ഇതിഹാസത്തിന്റെ ഒരു പ്രതി കുട്ടികൾ എന്നെക്കൊണ്ട് സമ്മാനിപ്പിച്ചു എന്നാണ് എന്റെ ഓർമ്മ.

ബൗദ്ധികസംഘർഷത്തിന്റെ സ്വരബാഹുല്യത്തെ ശമിപ്പിച്ചുകൊണ്ട് കേളൻ മനോഹരമായ ഒരു കൊച്ചുപ്രസംഗംചെയ്തു.

ഞങ്ങൾ കാലത്തിലൂടെ സഞ്ചരിയ്ക്കുകയായിരുന്നു. ജന്മപരമ്പരകളുടെ ആൾമാറാട്ടം. സദസ്സിലെ വിദ്യാർത്ഥി ഞാനും. ഞാൻ കേളനും, കേളൻ വാഗ്ഭടനുമായി! ഇതിന്റെയൊക്കെ അർത്ഥമെന്താണ്, ഈ തലനാരിലെ കോശങ്ങളുടെ? കോശങ്ങളുടെ ഉടമ്പടിയിൽ ചിലവ ഹൃദയവും മസ്തിഷ്കവും രതിസ്ഥാനവുമായിത്തീരുന്നു. മറ്റു ചിലവയാകട്ടെ തലനാരായി തൂത്തുവാരപ്പെടുന്നു. ഒരേ അമ്മയായ പരാശക്തിയുടെ ഉണ്ണികൾ. ചാതുർവർണ്ണ്യം മയാസൃഷ്ടം! ദൈവമേ, എന്തനീതി!

അനീതിയുടെ ക്രോധത്തിൽ കോശം ഉടമ്പടി ലംഘിച്ച് സ്വതന്ത്രമാകുമ്പോൾ ആദിമമായ വെല്ലുവിളി ഉയരുന്നു: അർബ്ബുദം. പ്രപഞ്ചശരീരത്തിനു നോവുന്നു.

ഈ നോവിനെ ഇതിഹാസത്തിൽ ഞാൻ ഇങ്ങനെ പകർത്തി:

> കൂമൻകാവിൽ ബസ്സിറങ്ങി രവിയും മാധവൻനായരും ഖസാക്കിലേയ്ക്കു നടന്നു...ദൂരെയെവിടെയോ ഒരു പരീക്ഷണശാലയിൽ അള്ളാപ്പിച്ചാമൊല്ലാക്കയുടെ ഒരു സെല്ലിനുമേൽ വൈദ്യന്മാർ സൂക്ഷ്മദർശിനികൾ ചൂണ്ടി. ഒരു ഗ്രഹത്തിൽ ജീവരാശി കരുപ്പിടിയ്ക്കുന്നപോലെ സെല്ലിന്റെ മുകൾപ്പരപ്പിൽ വ്യതിയാനങ്ങളുണ്ടായിരുന്നു. അതാണ് അർബ്ബുദം. അണുക്കളുടെ സൂക്ഷ്മപ്രപഞ്ചത്തിലെവിടെയോ മറ്റൊരു ലോകം ഉയിർക്കുക... കരിമ്പനകളിൽ കാറ്റ്, സന്ധ്യ. മണ്ണിന്റെ മുകൾപ്പരപ്പിൽ കുരുത്ത പനയും കാറ്റും സന്ധ്യയും അവിടെയനങ്ങിയ വഴിപോക്കന്റെ കാലടി യുമെല്ലാം അപാരനായൊരു പടുകിഴവനെ പീഡിപ്പിയ്ക്കുകയാവണം. സന്ധ്യ കറുക്കെ ഒന്നൊന്നായി നക്ഷത്രങ്ങൾ തെളിഞ്ഞു. ആ നക്ഷത്രങ്ങളിലേയ്ക്ക് ബഹിരാകാശ സഞ്ചാരി അവന്റെ കപ്പൽ തിരിച്ചു. മരണവും വ്യർത്ഥതയും ചുമന്നുകൊണ്ട് ഏതോ ഗ്രഹത്തിൽ അവൻ കപ്പലണച്ചു. അവിടെ അവൻ വിത്തുകൾ പാവി. അങ്ങനെ പെരുവിരൽ നൊന്തു. വ്രണപ്പെട്ടു.
>
> അനാദിയായ സ്ഥലരാശിയിൽ നിസ്സഹായനായി ആ പടുകിഴവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു.
>
> ''എന്താ മാഷ്ഷേ, ഈ ദണ്ണം?'' മാധവൻനായർ ചോദിച്ചു. അവർ ഖസാക്കിലേയ്ക്കു കേറുകയായിരുന്നു.
>
> ''അതോ,'' രവി പറഞ്ഞു, ''പറയാം.''
>
> ''അശ്ഹദ് അൻ ഇലാഹ ഇല്ലല്ലാഹ്-<br>
> അശ്ഹദ് അന്ന മുഹമ്മദുർറസൂലുല്ലാഹ്—''
>
> ''ആരാ മാധവന്നായരേ വാങ്ക് വിളിക്കണ്?'' രവി ചോദിച്ചു.
>
> ''കാലിയാര്,'' മാധവൻനായർ പറഞ്ഞു.
>
> ''ഹയ്യ അലസ് സലാത്ത്—<br>
> ഹയ്യ അലൽ ഫലാഹ്—<br>
> അല്ലാഹു അക്ബർ—<br>
> അല്ലാഹു അക്ബർ—''

അശിക്ഷിതനായ സിദ്ധന്റെ ഉത്തരം, ഈശ്വരൻ സർവ്വശക്തനാണ്!

2 അഷ്ടസിദ്ധികളെക്കുറിച്ചാണ് ഇവിടെ സൂചന.

3 ലൂസിഫർ, അഥവാ സാത്താൻ.

## 6. ബങ്കർവാഡി

ഖസാക്കിന്റെ മൂലഗ്രാമത്തിൽ ഞാൻ ചെന്നു താമസിയ്ക്കാൻ ഇടയായത് 1956 ലാണ്. ആ വർഷംതന്നെ ഖസാക്കിന്റെ പണി തുടങ്ങുകയും ചെയ്തു. എന്നാൽ, അന്നു നിശ്ചയിച്ച ഭൂമികയ്ക്ക് വഴങ്ങിയല്ല അതു രൂപംകൊണ്ടത്. ഇത്തിരി പശ്ചാത്തലം.

എന്റെ അനുജത്തി ശാന്ത അദ്ധ്യാപക ട്രെയ്നിംഗ് കോളേജിൽ പ്രവേശനം തേടുകയായിരുന്നു. ഏതെങ്കിലും സ്കൂളുകളിൽ സേവനമനുഷ്ഠിച്ചവർക്കാണ് പ്രവേശനത്തിൽ മുൻഗണന. അങ്ങനെയാണ് അന്ന് മലബാർ ജില്ലാ ബോർഡിന്റെ അദ്ധ്യക്ഷനായിരുന്ന പി.ടി. ഭാസ്കരപ്പണിയ്ക്കരെ സമീപിച്ചതും അദ്ദേഹം എന്റെ സഹോദരിയ്ക്ക് ഒരദ്ധ്യാപികാജോലി സദയം അനുവദിച്ചുതന്നതും. ഖസാക്കിന്റെ മൂലഗ്രാമത്തിലുള്ള ഏകാദ്ധ്യാപക വിദ്യാലയം. നാലഞ്ചു മാസം അവിടെ പണിയെടുത്തു കഴിയുമ്പോഴേയ്ക്ക് അദ്ധ്യാപകകോളേജിൽ പ്രവേശനത്തിനുള്ള സമയവുമാകും. ആ ഗ്രാമം പാലക്കാട്ടിനു സമീപത്താണ്, ഞങ്ങളുടെ ബന്ധുക്കളായ ഏതാനും ധനിക കൃഷിക്കാർക്ക് സ്വാധീനമുണ്ടായിരുന്ന പ്രദേശം. ചെറിയൊരു കളപ്പുര വാടകയ്ക്കു വാങ്ങി അച്ഛനും അമ്മയും ശാന്തയുടെകൂടെ ഗ്രാമത്തിലേയ്ക്ക് താമസം മാറ്റി.

ആ അദ്ധ്യാപനവർഷത്തിന്റെ അവസാനത്തിൽ മലബാർ ക്രിസ്ത്യൻ കോളേജിൽനിന്ന് പിരിച്ചുവിടപ്പെട്ട ഞാനും ശാന്തയുടെ കൂടെച്ചെന്നു താമസിയ്ക്കാനിടയായി. അടുത്ത കൊല്ലം തഞ്ചാവൂരിലെ ഒരു കോളേജിൽ ജോലി കിട്ടുന്നതുവരെ വേനലവധി ഞാനാ ഗ്രാമത്തിൽ കഴിച്ചുകൂട്ടി. ജോലി നഷ്ടപ്പെട്ടതിൽ എന്റെ അമ്മ കുണ്ഠിതപ്പെടുകയായിരുന്നു. അപ്പോഴാണ് ഞങ്ങൾ ഖാലിയാരെ പരിചയപ്പെട്ടത്. അമ്മയ്ക്ക് ഒരെളുപ്പവഴി തോന്നി. ഖാലിയാരെക്കൊണ്ട് ഒന്ന് ജപിച്ചുകെട്ടിയ്ക്കാൻ. മന്ത്രശക്തിയ്ക്ക് സർവ്വകലാശാല വഴങ്ങുമോ എന്ന് ഒരു പരീക്ഷണം. ഖാലിയാരും ഖാലിയാരുടെ ഉമ്മയും വന്ന് മന്ത്രവാദം തുടങ്ങി. ഉമ്മയാണ് മീഡിയം. ആവാഹിയ്ക്കുന്നതാകട്ടെ സെയ്യദ്ദ് ഷെയ്ഖ് ഹുസ്സൻ മസ്താൻ എന്ന അതിപ്രതാപിയായ ഒരു ജിന്നിനേയും. ജിന്നിന്റെ ഉറക്കറ അറേബിയയിലാണ്. മന്ത്രം അങ്ങോളം ചെന്ന് തുയിലുണർത്തി ജിന്നിനെ ഇവിടേയ്ക്ക് ആവാഹിച്ചുവരുത്തണം.

‘‘മൂപ്പ്ര്ക്ക് ഇങ്ങ്ണ്ടെയ്ക്ക് എത്തിപ്പെടാൻ പാടാണ്,’’ ഖാലിയാർ വിശദീകരിച്ചുതന്നു. ‘‘ഒരുപാട് ആളിന്റെ കണ്ണ് കെട്ടണം.’’

ഏതായാലും, അനേകം ജനങ്ങളുടെ കണ്ണു കെട്ടി ആ വഴിയത്രയും താണ്ടി ഖസാക്കിൽ പറന്നെത്തിയ സെയ്യദ് ഷെയ്ഖ് ഹുസ്സൻ മസ്താൻ തഞ്ചാവൂരിലെ ഒരു കലാശാലയിൽ എനിയ്ക്ക് ഒരു ഇംഗ്ലീഷ് അദ്ധ്യാപകന്റെ പണി മേടിച്ചുതന്നു. മന്ത്രശക്തി പോരാഞ്ഞതുകൊണ്ടാവാം, ജിന്നിന് എന്റെ ജോലിസ്ഥിരതയിൽ കൂടുതൽ താത്പര്യമില്ലാഞ്ഞതിനാലാവാം, തഞ്ചാവൂരിലെ കോളേജും എന്നെ പിരിച്ചുവിട്ടു. ഖാലിയാരെ പിന്നീട് കണ്ടുമുട്ടുന്നത് എഴുപതുകളുടെ അവസാനത്തിലാണെന്നു തോന്നുന്നു. തമിഴ്നാട്ടിലെ നക്സൽ പ്രദേശങ്ങളിൽച്ചെന്ന് ഒരു ലേഖനം തയ്യാറാക്കുന്നതിനിടയിൽ അസുഖം ബാധിച്ച് പാലക്കാട്ടുള്ള ശാന്തയുടെ വീട്ടിൽ ഞാൻ വിശ്രമിയ്ക്കുകയായിരുന്നു. ഞാനുണ്ടെന്നറിഞ്ഞ് ഖാലിയാർ അവിടെ വന്നു. ഖസാക്കിലെ ഖാലിയാരും സ്ഥൂലതലത്തിലുള്ള ഖാലിയാരും തമ്മിൽ യാതൊരു ബന്ധവുമില്ലായിരുന്നുവെങ്കിലും കഥ അയാളെ വിഷമിപ്പിച്ചിരിയ്ക്കുമോ എന്ന സംശയം എനിയ്ക്കുണ്ടാകാതിരുന്നില്ല. ഇത്തിരി ജാള്യത്തോടെ ഞാൻ പറഞ്ഞുതുടങ്ങി, ‘‘ഖാലിയാരേ, ഞാനൊരു പുസ്തകം—’’

കഥാപാത്രണം സാങ്കല്പികമാണെന്നും അതിൽ മുഷിയരുതെന്നും മുട ന്തൻന്യായങ്ങൾ നിരത്താൻ തുടങ്ങുകയായിരുന്നു ഞാൻ. പക്ഷേ, ഖാലിയാർതന്നെ എന്നെ രക്ഷിച്ചു.

‘‘അയ്യയ്യോ,’’ അയാൾ പറഞ്ഞു, ‘‘അതിലെന്തിരിയ്ക്കിന്നൂ? അതൊക്കെ പടച്ചവന്റെ കൃപയല്ലേ?’’

വീണ്ടും ഒരു നൂലുകൂടി ജപിച്ചുകെട്ടിയാണ് ഖാലിയാർ തന്റെ സന്ദർശനം അവസാനിപ്പിച്ചത്. എന്നാൽ, ഇത്തവണ ഞങ്ങൾ സെയ്യദ്ദ് ഷെയ്ഖ് ഹുസ്സൻ മസ്താനെക്കുറിച്ച് സംസാരിച്ചില്ല. കമ്മ്യൂണിസം വന്നാൽ ഓരോരുത്തർക്കും തന്റെ തന്റെ ആവശ്യമനുസരിച്ച് എന്നു പറയുന്നതുപോലെ, കഥയിൽ ഓരോരുത്തർക്കും അവനവന്റെ പ്രേതങ്ങളാണ്. ഞാൻ സെയ്യദ്ദ് മിയാൻ ഷെയ്ഖിനെ കണ്ടെത്തിക്കഴിഞ്ഞിരുന്നു. കാറൽ മാർക്സിനോളമില്ലെങ്കിലും, സെയ്യദ് മിയാൻ ഷെയ്ഖ് കേരളത്തിൽ സാമാന്യം ജനസമ്മതി നേടിയ ഒരു പ്രേതമാണിന്ന്.

മാർക്സായാലും മിയാൻ ഷെയ്ഖായാലും നമ്മുടെ ചരിത്രം അതിന്റെ ദുര ന്തത്തിലും പ്രഹസനത്തിലും, പ്രേതജടിലമായി കിടക്കുന്നു.
സംഭവകഥയിലേയ്ക്ക് കടക്കട്ടെ. മൂലഗ്രാമത്തിൽ വേനലവധി കഴിച്ചുകൂട്ടുന്നതിനു മുമ്പ്, ക്രിസ്ത്യൻ കോളേജിലുള്ള എന്റെ അവസാനത്തെ മാസങ്ങൾ. ഭാസ്കരപ്പണിയ്ക്കരും ഞാനും കോഴിക്കോടിന് വെളിയിലുള്ള പെരുവയൽ എന്ന സ്ഥലത്ത് ഒരദ്ധ്യാപകയോഗത്തിൽ പ്രസംഗിച്ച് പട്ടണത്തിലേയ്ക്ക് മടങ്ങുകയായിരുന്നു. ആയിടയ്ക്കായിരുന്നു ‘ഒരു യുദ്ധത്തിന്റെ ആരംഭം’എന്ന എന്റെ നീണ്ടകഥ മാതൃഭൂമി വാരികയിൽ

അച്ചടിച്ചുവന്നത്. പെരുവയലിൽനിന്നുള്ള മടക്കയാത്രയിൽ ഭാസ്കരപ്പണിയ്ക്കർ ആ കഥയെ പരാമർശിച്ചു, ''വിജയന്റെ കഥ നന്നായിട്ടുണ്ട്. പക്ഷേ, ഇത്തിരീംകൂടി ഇങ്കുലാബുള്ള എന്തെങ്കിലുമൊന്ന് ഇനി എഴുതൂ.''

''എഴുതാം.''

'ഒരു യുദ്ധത്തിന്റെ ആരംഭം'കർഷകസംഘട്ടനത്തിന്റെ കഥയായിരുന്നു. കമ്മ്യൂണിസ്റ്റുകാരനായ എനിയ്ക്ക് എന്റെ പ്രസ്ഥാനത്തോടുള്ള കൂറു കാണിയ്ക്കാനാണ് ഞാനാ കഥ എഴുതിയതെങ്കിലും, കഥയ്ക്ക് സംഘട്ടനത്തിന്റെ അടിനൂൽകെട്ട് ഉണ്ടായിരുന്നെങ്കിലും, എഴുതിവന്നപ്പോൾ വരച്ച വരയ്ക്കകത്തു നിൽക്കാതെ വിചിത്രപാത്രങ്ങളും പ്രകൃതിയും കാല്പനികതയും കാടുകയറി. അങ്ങനെ കാടുകയറാതെ, പുരോഗമനസാഹിത്യത്തിന്റെ ഫോർമലിസത്തിൽ ഒതുങ്ങിനിൽക്കുന്ന ഒരു കഥ എഴുതാൻ ഭാസ്കരപ്പണിയ്ക്കർ എന്നോടു പറയുകയായിരുന്നു. ഒരു യുദ്ധത്തിന്റെ ആരംഭത്തിന്റെ അമിതസൗന്ദര്യത്തിൽ കുറ്റബോധംപൂണ്ട ഞാനും ഭാസ്കരപ്പണിയ്ക്കർ ഉപദേശിച്ചതുപോലുള്ള ഒരു വിപ്ലവകഥയെഴുതാൻ കൊതിച്ചു.

പാലക്കാടൻ കർഷകരംഗം അടുത്തു കാണാൻ കഴിഞ്ഞ എനിയ്ക്ക് പാത്രങ്ങൾക്കും സ്ഥലങ്ങൾക്കും ക്ഷാമമുണ്ടായിരുന്നില്ല. ഒന്നുരണ്ടു പ്രദേശങ്ങൾ ഞാൻ മനസ്സിൽ ഗണിച്ച് കുറിച്ചുവെച്ചു. അപ്പോഴാണ് ഖസാക്കിലെ വേനലവധി. ഖസാക്ക്, ആ നരകപടത്തെപ്പോലെ, എനിയ്ക്കുവേണ്ടി കാത്തിരിയ്ക്കുകയായിരുന്നു. ഖസാക്കിലെ മനുഷ്യരുടെ പുറകിൽ തെന്നിയ നിഴലുകളെ ഞാൻ എന്റെ ചെംപടയിൽ പേരു ചേർത്തി. ഖസാക്കിൽ വിപ്ലവം ആസന്നമായിരിയ്ക്കുന്നു! ആ വിപ്ലവത്തിന്റെ വെടിക്കെട്ടിന് തീ കൊളുത്താൻ നഗരത്തിന്റെ നിഷ്കാസിത സന്തതിയായ രവി എത്തിയിരിയ്ക്കുന്നു. പള്ളിയിൽ പ്രാർത്ഥിച്ച, ചതുപ്പിൽ പതുങ്ങിനടന്ന, കാവിൽ ഉറഞ്ഞ ഓരോ കഥാപാത്രവും വിപ്ലവത്തിൽ തനിയ്ക്കുള്ള പങ്ക് വഹിച്ചേ പറ്റൂ. ചരിത്രത്തിന്റെ ഈ ഭാരിച്ച കടമയിൽനിന്ന് അപ്പുക്കിളിയെപ്പോലും ഞാനൊഴിവാക്കിയില്ല.

അങ്ങനെ എഴുതിത്തുടങ്ങി. എഴുതിയെഴുതി വന്നപ്പോൾ ഒരു യുദ്ധത്തിന്റെ ആരംഭത്തേക്കാൾ അപകടം പിടിച്ച വഴിത്തെറ്റുകൾ. അക്ഷരം പഠിക്കാൻ ബാദ്ധ്യസ്ഥനല്ലായിരുന്ന അപ്പുക്കിളി വിപ്ലവത്തിന്റെ പാഠങ്ങൾ നുകരുന്ന യുവവിദ്യാർത്ഥികളെ പുറകിലാക്കി. വിപ്ലവകഥയിൽനിന്ന് തെന്നിമാറുന്ന ഒരുപാടു കുറുക്കുവഴികൾ ഇതിഹാസം പിന്നിട്ടു. എങ്കിലും കഥയുടെ ലക്ഷ്യത്തെ സംരക്ഷിയ്ക്കാമെന്ന ശുഭവിശ്വാസത്തിൽ ഞാൻ വെട്ടും തിരുത്തും തുടർന്നു. ആയിരത്തിത്തൊള്ളായിരത്തി അമ്പത്തെട്ടാവുമ്പോഴേയ്ക്ക് കഥ മിയ്ക്കവാറും എഴുതിത്തീർന്നു. ആ ഒക്ടോബറിൽ ഞാൻ ദില്ലിയ്ക്ക് പുറപ്പെടുകയായിരുന്നു. ആഗസ്ത് അവസാനത്തിലാണെന്നു തോന്നുന്നു, ഞാൻ നോവലിന്റെ ഒരദ്ധ്യായം ഒരു'സാമ്പിളാ'യി വായിച്ചുനോക്കാൻ എൻ.വി.

കൃഷ്ണവാര്യർക്കു കൊടുത്തു. ദില്ലിയ്ക്ക് പുറപ്പെടുന്നതിന് തൊട്ടുമുമ്പ് അത് തിരിച്ചെടുക്കാനായി മാതൃഭൂമി ആപ്പീസിൽച്ചെന്നപ്പോൾ എൻ.വി. തന്റെ ബ്രിട്ടീഷ് പര്യടനത്തിനായി സ്ഥലംവിട്ടുകഴിഞ്ഞിരുന്നു. എൻ.വി.യുടെ സഹപ്രവർത്തകനായ ത്രിവിക്രമനോടു ചോദിച്ചപ്പോഴാണ് ഞാനറിയുന്നത് അദ്ധ്യായം വാരികയിൽ അച്ചടിയ്ക്കാൻ കൊടുത്തുകഴിഞ്ഞുവെന്ന്!

''എന്റെ നോവലിന്റെ ഒരദ്ധ്യായമായിരുന്നല്ലോ അത്,'' ഞാൻ ആവലാതിയോടെ പറഞ്ഞു.

''നിങ്ങൾ അത് വ്യക്തമാക്കേണ്ടിയിരുന്നല്ലോ,'' ത്രിവിക്രമൻ പറഞ്ഞു.

നോവലിന്റെ അവസാനരൂപത്തിൽ 'നരി, സന്ധ്യ എന്നീ ശീർഷകങ്ങളിൽ രണ്ടായിപ്പിളർന്നതും ആദ്യപകർപ്പിൽ ഒരൊറ്റ അദ്ധ്യായമായിരുന്നതുമായ അപ്പുക്കിളിയുടെ കഥയായിരുന്നു ഇത്. എൻ.വി. വായിച്ച് തന്റെ മേശപ്പുറത്ത് വിട്ടേച്ചുപോവുകയും, പ്രസിദ്ധീകരണത്തിന് വെച്ചതാണെന്നു തെറ്റിദ്ധരിച്ച് ത്രിവിക്രമൻ അച്ചുകൂടത്തിലേയ്ക്കയയ്ക്കുകയുംചെയ്ത ഇതിഹാസത്തിന്റെ ശകലം.

''ഒരിയ്ക്കൽ അച്ചടിച്ചുവന്നാൽ തുടർക്കഥയിൽ വീണ്ടും അത് അച്ചടിയ്ക്കുന്നതെങ്ങനെ?'' ഞാൻ ത്രിവിക്രമനോട് ചോദിച്ചു.

''വിഷമമാണ്.''

ഖസാക്കിന്റെ ഇതിഹാസം മാതൃഭൂമിയിൽ ഒരിയ്ക്കലും ഖണ്ഡശ്ശ പ്രസിദ്ധീകരിക്കാൻ കഴിയില്ലെന്ന പരാജയബോധത്തോടെയാണ് കഥയുടെ ഭാണ്ഡക്കെട്ടുമായി ഞാൻ ദില്ലിയ്ക്കു വണ്ടി കയറിയത്. ബ്രിട്ടനിൽ നിന്ന് ദില്ലിവഴിയാണ് എൻ.വി. മടങ്ങിയത്. എൻ.വിയെ കണ്ട ഉടൻ ഈ ആകാശമിടിഞ്ഞുവീണ കഥ ഞാൻ പറഞ്ഞു. ശാന്തനായി എൻ.വി. പ്രതികരിച്ചു, ''സാരമില്ല.''

''അപ്പോൾ വീണ്ടും ഈ അദ്ധ്യായം അടിയ്ക്കാൻ പറ്റുമോ?''

''കഥയെഴുതിക്കഴിയട്ടെ, അപ്പോൾ നോക്കാം. എഴുതിക്കഴിഞ്ഞുവോ?''

''ചില്ലറ വിടവുകൾ തീർക്കാനുണ്ട്.''

''എഴുതൂ.''

കലാലയസേവനത്തിന്റെ നീണ്ട ഒഴിവുസമയങ്ങൾ പ ത്രപ്രവർത്തകനായിക്കഴിഞ്ഞ എനിയ്ക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരുന്നു. കഥയിലെ ചില്ലറ വിടവകുൾ നികത്താനുള്ള സമയംപോലും കൈവരാതെയായി. അങ്ങനെ വിടവു തീർക്കൽ നീണ്ടു നീണ്ടു പോയി.

തിരിഞ്ഞുനോക്കുമ്പോൾ വിധിയുടെ കാരുണ്യങ്ങളിലൊന്നായി ഇതിനേയും ഞാൻ കാണുന്നു. ഒരു വിപ്ലവകഥയായിത്തുടങ്ങിയ ഖസാക്ക്, ഞാൻ ദില്ലിയ്ക്ക് പുറപ്പെടുമ്പോഴേയ്ക്കും ഒരു ഇഡിയോ സിൻക്രാറ്റിക്'കഥാമാലയായി രൂപംകൊണ്ടുകഴിഞ്ഞിരുന്നു. കഥയുടെ അന്തർമാനങ്ങളെ മൂടിക്കൊണ്ട് അതിന്റെ ഫലിതരസം പന്തലിച്ചുനിന്നു. ഈ ഫലിതം വാസ്തവത്തിൽ

വിപ്ലവഫോർമലിസത്തോടുള്ള അബോധപൂർവ്വമായ വെല്ലുവിളിയായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നു. ആ രൂപത്തിൽ ഞാൻ ഖസാക്കിനെ പുറത്തിറക്കിയിരുന്നെങ്കിൽ എന്റെ പാത്രങ്ങൾ പാതി മുളച്ച വിത്തുകളായി കുരുന്നിലേ നശിച്ചിരിയ്ക്കുമായിരുന്നു. വിടവുതീർക്കലിന്റെ നീട്ടിവെപ്പ് ഇതിഹാസത്തെ രക്ഷിച്ചു.

ഒരുപാടു സംശയങ്ങളും പേറിയാണ് 1958ൽ ഞാൻ ദില്ലിയ്ക്ക് പുറപ്പെട്ടിരുന്നത്. പോസ്നാനിലെ പണിമുടക്കും, ഹംഗറിയുടെ ആക്രമണം, ഇമ്രെനാജിന്റെ വധം ഇതൊക്കെ എന്നെ അസ്വസ്ഥനാക്കുകയും എന്റെ രാഷ്ട്രീയ വിശ്വാസത്തിന്റെ ഏകശിലാഭാവം തകർക്കുകയുംചെയ്തിരുന്നു. എന്നാൽ, ഈ തകർച്ചയിൽനിന്ന് അർത്ഥവത്തായ എന്തെങ്കിലും നേടാൻ സമയമായി കഴിഞ്ഞിരുന്നില്ല. പിന്നിട്ട വർഷങ്ങളുടെ പ്രത്യയശാസ്ത്രമ്ലാനതയ്ക്കുശേഷം വിശ്വാസത്തകർച്ചയെ ചിരിച്ചു നേരിടാനുള്ള തുറസ്സുകൾമാത്രം ഞാൻ കണ്ടെത്തി. അത്രമാത്രം. ചിരിയും കരച്ചിലും ധ്യാനവും കൂടിച്ചേർന്ന സമഗ്രമായ ആർദ്രഭാവത്തിന്നായി പിന്നേയും കാത്തിരിയ്ക്കേണ്ടിവന്നു. ആ കാത്തിരിപ്പിന്റെ വർഷങ്ങളിലൂടെയാണ് ഖസാക്കിന്റെ വിടവുതീർക്കൽ ഞാൻ നീട്ടിനീട്ടിക്കടത്തിയത്. ഈശ്വര കാരുണ്യം.

പക്ഷേ, ഫലിതത്തിന്റെ ഇടവേളയിൽ ഒരു മഹാപാഠം ഞാൻ പഠിച്ചു. മോശയുടെ പ്രമാണങ്ങളെപ്പോലെ അലംഘ്യങ്ങളെന്നു തോന്നിയ തത്ത്വസംഹിതകൾ ഒന്നുമല്ലാതായി കുമിഞ്ഞുവീഴാൻനൊടിനേരമേ വേണ്ടൂ. അവ തകർന്നു കഴിഞ്ഞാലാകട്ടെ, പ്രതിബദ്ധത പൊട്ടിച്ചിരിയും മാപ്പുകൊടുക്കലുമായി മാറുന്നു. കാറൽ മാർക്സിന്റെയും സെയ്യദ്ദ് മിയാൻ ഷെയ്ഖിന്റെയും പ്രേതോപാസനകളിൽ പ്രസാദപൂർണ്ണമായ സമാനതകൾ! പക്ഷേ, ഈ ചിരിയിൽ മാത്രം തടഞ്ഞു നിന്നാൽ കലാപരമായ അന്വേഷണം അവസാനിക്കുന്നു. 1958 ഒക്ടോബറിൽ മാതൃഭൂമി വാരികയിൽ അച്ചടിച്ചുവന്ന അപ്പുക്കിളി ചിരിയാണ്, ചിരിയിൽ തടഞ്ഞുനിന്ന കഥയാണ്. 1969ൽ അച്ചടിച്ച നരിയും 'സന്ധ്യയുമാകട്ടെ, ചിരിയ്ക്കപ്പുറം കിടന്ന ആർദ്രതയും. 58ലെയും 69 ലെയും അപ്പുക്കിളിയദ്ധ്യായങ്ങൾ ഘടനയിലും പാത്രത്തിലും ഭാഷയിലും വ്യത്യസ്തങ്ങളല്ല. എന്നാൽ, ശരീരത്തിന്റെ രാസസ്ഥൂലതയെ അപ്പാടെ മാറ്റിമറിയ്ക്കുന്ന സൂക്ഷ്മൗഷധിയെപ്പോലെ 58നു ശേഷമുള്ള കൊച്ചുകൊച്ചു തിരുത്തുകൾ അപ്പുക്കിളിയെ ഒരു വിപ്ലവകഥയിലെ ഫലിതപ്രതിപാത്രത്തിൽനിന്നു പാപപുണ്യസമന്വയങ്ങളുടെ അതീന്ദ്രിയ സന്തതിയാക്കി മാറ്റി.

ഈ അദ്ധ്യായത്തിന് അടിക്കുറിപ്പായി ഒരു ചെറിയ കാര്യംകൂടി പറയാൻ തോന്നുന്നു. ഖസാക്കിന്റെ ഇതിഹാസകഥ ബങ്കർവാഡി എന്ന മറാഠിനോവലിൽനിന്ന് മോഷ്ടിച്ചതാണെന്ന ഒരാരോപണം ഏതാനും

വർഷങ്ങൾക്കുമുമ്പു പ്രചരിയ്ക്കുകയുണ്ടായല്ലോ. ഈ ആരോപണത്തിനുശേഷമാണ് ബങ്കർവാഡിയുടെ ഇംഗ്ലീഷുപരിഭാഷ (മറാഠി എനിയ്ക്ക് നിശ്ചയമില്ല) കേന്ദ്രസാഹിത്യ അക്കാദമിയിൽനിന്ന് ഞാനെടുത്തു വായിച്ചുനോക്കിയത്. ഖസാക്കിന്റെ ഇതിഹാസവും കഥനത്തിന്റെ യാന്ത്രികമാനങ്ങൾ മാത്രമുള്ള ബങ്കർവാഡിയും താരതമ്യപ്പെടുത്തുന്നതിന്റെ ഔചിത്യത്തിലേയ്ക്ക് ഞാനിവിടെ കടക്കുന്നില്ല. ആ ചുമതല നിരൂപകനും സഹൃദയനും ഞാൻ വിട്ടുകൊടുക്കുന്നു. എന്നാൽ ബങ്കർവാഡിയുടെ പ്രകാശനത്തിയ്യതി ശ്രദ്ധേയമായിരുന്നു. 1958 ഒക്ടോബർ. എന്നുവെച്ചാൽ, പുസ്തകവിപണനത്തിന്റെ സാധാരണ ഗതിയിൽ, ബങ്കർവാടി പുസ്തകക്കടയിലെത്താൻ ചുരുങ്ങിയത് രണ്ടു മാസമെടുത്തിരിയ്ക്കും, അതായത് 1959 ജനുവരിയെങ്കിലും. 1958 ഒക്ടോബറിലെ മാതൃഭൂമിയിൽ വന്ന ഖസാക്കിന്റെ അദ്ധ്യായം എൻ.വി. വായിയ്ക്കാനും അച്ചുകൂടം അടിയ്ക്കാനും എടുക്കുന്ന സമയം ചുരുങ്ങിയത് നാലുവാരം, സെപ്തംബർ. അങ്ങനെ ആറു മാസം ദൈർഘ്യമുള്ള ഒരു ചരിത്രപ്പിശക്, ബങ്കർവാഡി കടയിൽ വരുന്നതിന്റെ ആറു മാസംമുമ്പ് ഞാനതിനെ മോഷ്ടിച്ചിരിയ്ക്കണം.

ത്രികാലജ്ഞാനമുണ്ടെങ്കിലേ ഇതിനു കഴിയൂ.

## 7. സമാനതകളുടെ കഥ

കഥാസമാനതകൾ കണ്ടെത്താനുള്ള നിരൂപകന്റെ അന്വേഷണം ഏതെങ്കിലും ഹിംസാസംരംഭത്തിന്റെ ഭാഗമായി ഞാൻ കണക്കാക്കുന്നില്ല. നമ്മുടെ സമകാലിക സാഹിത്യത്തിന്റെ പരാധീനതയിൽനിന്നാണ് ഈ പ്രവണത ഏറെക്കുറെ സത്യസന്ധതയോടെതന്നെ ഉരുത്തിരിയുന്നത്.

പൗരാണിക സംസ്കൃതി നഷ്ടപ്പെട്ടവരായാണ്, ആ സംസ്കൃതിയെ ഏറ്റുപറയുന്നതിൽപ്പോലും നാണമുള്ളവരായാണ്, നാം ഇരുപതാം നൂറ്റാണ്ടിലേയ്ക്കു കടന്നത്. അപ്പോളിവിടെ സാമ്രാജ്യത്വം നിറഞ്ഞുനിൽക്കുകയാണ്. സാമ്രാജ്യവാദിയുടെ തൊലിനിറം, അവന്റെ ഭാഷാഗർവ്വം, അവന്റെ ഉപകരണപരിഷ്കൃതി, അവന്റെ ധനവും ആയുധിയും— ഇവയത്രയും നാം ചെറിയവരും ദരിദ്രരുമാണെന്ന ബോധം നമ്മിൽ വളർത്തി. നാം ദരിദ്രരായിരുന്നു, അഥർവ്വവേദത്തിലെ പ്രാർത്ഥനയുൾക്കൊണ്ട നമ്മൾ പ്രകൃതിയെ ചൂഷണംചെയ്യാൻ പഠിച്ചിട്ടില്ലാതിരുന്നതുകൊണ്ട്. ആ ചൂഷണത്തിന്റെ നൂറ്റാണ്ടുകളിലൂടെ സാമ്രാജ്യസ്ഥാപനവും വിത്തശേഖരവും നടത്തിയ വെളുത്ത മനുഷ്യന്റെ ലോകം പ്രാഥമിക ദാരിദ്ര്യത്തേക്കാൾ എത്രയോ മടങ്ങ് പെരുത്ത മറ്റൊരു ദാരിദ്ര്യത്തിലേയ്ക്ക് ഇന്ന് നീങ്ങുന്നത് നാം കാണുന്നു. പ്രാകൃതങ്ങളെന്ന് ധരിച്ച വംശസംസ്കൃതികളുടെ യുക്തിയും ധർമ്മവും മനസ്സിലാക്കാൻ വ്യാവസായികോത്തര കാലഘട്ടത്തിലേയ്ക്ക്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പടിപ്പുരയിലേയ്ക്ക്, നമുക്കെത്തേണ്ടിവന്നു. ആ മനസ്സിലാക്കലിന്റെ ആദ്യചലനങ്ങളാണ് മലയാളത്തിലെ നവസാഹിതി.

സമകാലിക ഗദ്യസാഹിത്യത്തിന്റെ പൂർവ്വകാലഘട്ടത്തിൽ ഈ അറിവ് തെളിഞ്ഞിരുന്നില്ല. ക്ളാസിക്കൽ കാവ്യങ്ങൾ മാത്രം ശീലിച്ച നമുക്ക് നോവലും കഥയും പുതുമയായിരുന്നു. ചാടിനു പുറകെ നടക്കുന്ന കുട്ടിയുടെ അസ്ഥിരതയോടെയാണ് നാം ഗദ്യത്തിൽ കാൽവെച്ചത്. നമുക്ക് ഗദ്യമില്ല, നാം സ്വയം പറഞ്ഞു, പടിഞ്ഞാറിന്റെ ഗദ്യം നോക്കിപ്പഠിച്ചേ പറ്റൂ. നമുക്ക് നോവലില്ല, ചെറുകഥയില്ല, പടിഞ്ഞാറിന്റെ നോവലും ചെറുകഥയും നോക്കിപ്പഠിച്ചേ പറ്റൂ. നമ്മുടെ ജനിമൃതിബിംബങ്ങൾ, ആർദ്ര സങ്കല്പങ്ങൾ, പടിഞ്ഞാറിന്റെ പരുഷ സംസ്കൃതിയ്ക്ക് ചേർന്നില്ല. നമ്മുടെ പ്രകൃതി, പ്രകൃതിയിലൂടെ നാമറിഞ്ഞ ആരാധന, വ്യവസായവിപ്ലവത്തിന്റെ പദകൗശലത്തിന് നിരന്നില്ല. അങ്ങനെ ഒരു സമൃദ്ധപൈതൃകത്തെ ആവാഹിച്ചുകളഞ്ഞുകൊണ്ടാണ് നമ്മുടെ സമകാലിക സാഹിത്യം അതിന്റെ പൂർവ്വപർവ്വം തുടങ്ങിയത്.

ഇതാരുടേയും കുറ്റമല്ല. ഇത് കൊളോണിയലിസത്തിന്റെ കഥയാണ്. ഇന്ന് നാം ലത്തീനമേരിയ്ക്കക്കാരന്റെ മാജിക്കൽ റിയലിസം കണ്ട് കണ്ണഞ്ചുന്നു. ആ

സിദ്ധിയേക്കാൾ എത്രയോ മടങ്ങ് വിസ്മയോദ്ദീപകവും പ്രഭാപൂരിതവുമായ നമ്മുടെതന്നെ മുതൽക്കൂട്ടിൽ നിന്ന് മുഖം തിരിച്ചാണ് നാമിങ്ങനെചെയ്യുന്നത്.

നിരൂപണമാനദണ്ഡങ്ങൾക്കു നേരിട്ട അപചയവും ഇക്കഥതന്നെ. ഏതെങ്കിലും ഒരു മലയാളകൃതിയെ വിലയിരുത്തുന്നത് ഒരു യൂറോപ്യൻ മാതൃകയുമായി തട്ടിച്ചുനോക്കിയിട്ടുവേണം. ഇത് ശീലമായി, ബാധ്യതയായി. മലയാളി അവന്റെ കൊളോണിയലിസത്തിന് ആഭ്യന്തരമാനങ്ങൾവരെ കൊടുക്കാൻ തുടങ്ങി. മാതൃകയ്ക്കായുള്ള തിരച്ചിൽ സായിപ്പിന്റെ നാടുകളോളം എത്തിയില്ലെങ്കിൽ, മഹാരാഷ്ട്രംവരെ എത്തി തൃപ്തിയടഞ്ഞു. മലയാള നോവലായ ഖസാക്കിന്റെ ഇതിഹാസത്തിന് ഒരു മറാഠി മാതൃക! ഈ മറാഠിനോവലിന്റെ ആംഗലപരിഭാഷ പിന്നീടെടുത്തു വായിയ്ക്കാൻ എന്റെ ജിജ്ഞാസ എന്നെ നിർബ്ബന്ധിച്ചു. ആ പുസ്തകം വായിച്ചു മുഴുമിയ്ക്കാൻ എനിയ്ക്കായില്ല. സംഭവങ്ങളുടെ യാന്ത്രികതുടർച്ചകളൊഴിച്ച് മറ്റൊന്നുമില്ലായിരുന്ന ആ കൃതി അതിന്റെ പരിമിതിയിൽ വെടുപ്പുറ്റതായിരുന്നു. അത്രമാത്രം. ഖസാക്കെന്ന ഗ്രാമത്തിലേയ്ക്ക് രവി എന്ന അദ്ധ്യാപകൻ വരുന്നതുപോലെ ബങ്കർവാഡി എന്ന ഗ്രാമത്തിലേയ്ക്ക് ഒരദ്ധ്യാപകൻ വരുന്നു. എന്നാൽ, ഇതിഹാസം ഒരദ്ധ്യാപകന്റെയും ഗ്രാമത്തിന്റെയും കഥയല്ല, ബങ്കർവാഡി അതുമാത്രമാണ്. ഇതിഹാസം അസ്തിത്വക്ഷീണത്തിന്റേയും ജൈവദൃശ്യങ്ങളുടേയും പരിണാമസ്മൃതികളുടേയും ബഹുരൂപിയായ മരണത്തിന്റേയും ഉത്സവമാണ്. ഏകാദ്ധ്യാപക വിദ്യാലയം അത് ഞാത്തിത്തൂക്കാനുള്ള ഒരു ചുവരാണി മാത്രം. ആ ചുവരാണിയ്ക്കു പകരം മറ്റെന്തു ചുവരാണിയുമാകാം. ഒരായിരം ചുവരാണികൾ. സ്കൂളിനുപകരം ആശുപത്രി, ഗ്രന്ഥശാല, കൃഷിക്കളം, നഗരം ഇങ്ങനെ എന്തു വേണമെങ്കിലും.

ഇനി ഒരു നഗരവാസി ഗ്രാമത്തിലേയ്ക്ക് കുടിയേറുന്ന കഥയെടുക്കുക. യാന്ത്രികമായ ഈ ഘടകമുൾക്കൊള്ളുന്ന നോവലുകൾ ഒരായിരമെണ്ണം ഉണ്ടാവണം. മിയ്ക്ക നോവലുകളുടേയും യാന്ത്രികഘടന ഏതാനും മാതൃകകൾക്കകത്ത്, ഏതാനും മാനവികസന്ദർഭങ്ങൾക്കകത്ത്, ഒതുങ്ങിനിൽക്കുന്നതു കാണാം. ഇത് പകർപ്പാണെന്നു തെറ്റിദ്ധരിച്ചാൽ പിന്നെ മൗലികമായ സാഹിത്യസൃഷ്ടി ഒരിടത്തും ഇല്ലെന്ന അസംബന്ധസൂക്തത്തിലേയ്ക്ക് നാമെത്തിച്ചേരും.

ഇവിടെ കൊളോണിയൽ ബാധ്യതയാണ് പ്രശ്നം. സാഹിത്യം കഥപറയലാണെന്ന വിക്റ്റോറിയൻ മാതൃകയുടെ സ്വാധീനം. സായിപ്പിന്റെ സ്വാധീനം. നാടൻ വെളിച്ചപ്പാടും നാടൻ ജ്യോതിഷിയും നാടൻ വൈദികനും നാടൻ പ്രകൃതിയും ഭാഷയും സമൃദ്ധമായി പ്രസരിപ്പിച്ച ഊർജ്ജത്തെ മനസ്സിലാക്കാനുള്ള കഴിവുകേട്.

സാഹിത്യത്തെ കഥയിൽനിന്ന് ഉപരിയായി കാണാനുള്ള കഴിവുകേട്. കഥ വെറും ഉപകരണം മാത്രമാണ്. അത് കേവലം സാധാരണം മാത്രമായെന്നുവരാം.

എന്നാൽ, അത് തുറന്നിടുന്ന അന്തർദർശനങ്ങളാണ് ഒരു സാഹിത്യ സൃഷ്ടിയ്ക്ക് അതിന്റെ തനിമ കൊടുക്കുന്നത്. ഈ അ ന്തർദർശനങ്ങൾസാഹിത്യകാരന്റെ സ്വന്തമായ പെരുവിരലിലെ വരകൾപോലെ മറ്റാർക്കുമുണ്ടാകാത്ത അനുഭവരേഖകളാണ്. ഈ രേഖകൾ മോഷ്ടിയ്ക്കുമ്പോഴോ അനുകരിയ്ക്കുമ്പോഴോ ആണ് പ്ലേജിയറിസം സംഭവിയ്ക്കുന്നത്.

നിരൂപകന്റെ സംവേദനക്ഷമത നിരൂപണംചെയ്യപ്പെടുന്ന സൃഷ്ടിയോട് ഒത്ത് ഉയരേണ്ടിയിരിയ്ക്കുന്നു. അങ്ങനെയല്ലാത്തപക്ഷം സാഹിത്യകാരനും നിരൂപകനും രണ്ടു തരംഗദൈർഘ്യങ്ങളിൽ നിലയുറപ്പിയ്ക്കുകയാവും ഫലം. പിന്നെ അവിടെ സംവാദമില്ല. സാഹിത്യകാരൻ എഴുതുന്നത് ഒന്നും നിരൂപകൻ കാണുന്നത് മറ്റൊന്നും ആയിരിയ്ക്കും.

യാന്ത്രികമായ ഉൾക്കെട്ടിനപ്പുറം കടന്ന് സാഹിത്യസൃഷ്ടിയുടെ ദർശനസമൃദ്ധിയെ കണ്ടെത്താൻ നിരൂപകൻ തയ്യാറാകുമ്പോൾപോലും പാളിച്ചകൾ പറ്റാനിടയുണ്ട്. രണ്ടു സാഹിത്യകാരന്മാർക്ക് സമാനദർശനങ്ങൾ ഉണ്ടായിക്കൂടെന്നില്ല. അങ്ങനെ ഉണ്ടായെന്നറിയുമ്പോൾ സ്നേഹവും സാഹോദര്യവുമാണ് തോന്നേണ്ടത്. തോമസ് മന്നിനും ഹെർമ്മൻ ഹെസ്സേയ്ക്കും ഇടയ്ക്ക് ഇത്തരം സമാനത സംഭവിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഷെൽ ഡ്രെയ്ക് എന്ന ശാസ്ത്രജ്ഞൻ ഗോളാവരണമായ ഒരു 'മെമ്മറി പൂളി'നെ ക്കുറിച്ച് ഈയിടെ നടത്തിയ ഗവേഷണം ശ്രദ്ധേയമാണ്. ഇതനുസരിച്ച്, ഒരു മനസ്സും ഏകാന്തമല്ലെന്ന് അദ്ദേഹം സ്ഥാപിയ്ക്കുന്നു. ഒരു പ്രതിഭയും ഈ അർത്ഥത്തിൽ സ്വതന്ത്രമല്ല. 'കളക്ടീവ് അൺകോൺഷ്യസ് എന്ന യുങ്ങിയൻ സങ്കല്പത്തെക്കാൾ ഒരു പടികൂടി ഷെൽ ഡ്രെയ്ക്കിന്റെ സങ്കല്പം മുന്നോട്ടുവെയ്ക്കുന്നു.

സൂക്ഷ്മത്തിൽനിന്ന് വീണ്ടും സ്ഥൂലത്തിലേയ്ക്കു കടക്കട്ടെ. ഒരു ഗ്രാമീണവിദ്യാലയത്തിന്റെ കഥ പറയാൻ തുടങ്ങിയാൽ, നൂറു പേർ ആ കഥ പറഞ്ഞാലും, ചില കോപ്പുകൾ പങ്കിടാതെ കഴിഞ്ഞെന്നു വരില്ല. സ്കൂൾകെട്ടിടം, റൂൾവടി, ഹാജരുപുസ്തകം, ബോർഡ്, ചോക്ക്! എന്നാൽ, ഓന്തുകളുടേയും ദിനോസറുകളുടേയും പാഠഭേദം ഒന്നിലധികം വിദ്യാലയങ്ങളിൽ ഉണ്ടായെന്നുവരില്ല. അതുപോലെതന്നെ —

''വായിയ്ക്കെടാ, പാറ്റാടാ!'' നാടു നീങ്ങിയ രാമപ്പണിയ്ക്കരച്ചന്റെ ശബ്ദം കുട്ടാടൻപൂശാരി വീണ്ടും കേട്ടു.

''ദെന്താ?''

വർഷങ്ങൾക്കുമുമ്പ്, എഴുത്തുപള്ളിയിൽ, അപ്രാപ്യമായ അക്ഷരമാലയുടെ മുമ്പിൽ താനിരിയ്ക്കുകയാണ്.

''മാ—''

‘‘പിന്നെ?’’

‘‘എൻ —’’

‘ൻ’ എന്ന ചില്ലാണ്.

‘‘കൂട്ടിവായിയ്ക്ക്.’’

‘‘മായൻ.’’

പണിയ്ക്കരച്ചൻ ചെകിടത്തു തല്ലി. തിരുത്തിവായിച്ചു കൊടുത്തു, ‘‘മാൻ.’’

കുട്ടാടൻ വിതുമ്പി, ‘‘മാൻ.’’

‘‘വേറെ വേറീം കുട്ടീട്ടും വായിയ്ക്ക്.’’

‘‘മാഎൻമായൻ.’’

എന്തുതന്നെ ശ്രമിച്ചിട്ടും ആ അനിവാര്യതയെ ജയിയ്ക്കാൻ കുട്ടാടനു കഴിഞ്ഞില്ല. ഓരോ തല്ലു വീഴുമ്പോഴും ദയനീയമായ ആവർത്തനമാണ്: ‘‘മായൻ!’’

ഇത് അമ്മ പറഞ്ഞ കഥയാണ്, അമ്മയുടെ ഒരു സഹപാഠിയുടെ കഥ. അതിനെ എന്റെ മനസ്സിൽ സരൂപമാക്കിയതാകട്ടെ, എന്റെതന്നെ ഒരനുഭവവും. പാണ്ടിക്കാട് എന്ന സ്ഥലത്തുള്ള ക്യാമ്പിൻചുവട്ടിൽ ഒരു പ്രാഥമിക വിദ്യാലയത്തിലേയ്ക്ക് എന്നെ കുറച്ചു നാൾ പറഞ്ഞയയ്ക്കുകയുണ്ടായി. മൂന്നാം ക്ളാസിൽ. ഞങ്ങളുടെ വേലക്കാരിയായ കുഞ്ഞിപ്പെണ്ണിന്റെ മകൻ വികൃതനും വിഷാദരൂപിയുമായ ഒരു കുട്ടിയായിരുന്നു. എന്റെ സഹപാഠി. പ്രായംകൂടി മെലിഞ്ഞുനീണ്ട് ഇഴ പറിഞ്ഞ തോർത്തുടുത്ത് മുൻകുടുമ കെട്ടിയ ഈ കുട്ടിയ്ക്ക് എന്റെ മുത്തച്ഛനോളം വലിപ്പമുണ്ടെന്ന് ഞാനന്ന് ധരിച്ചു. അവന്റെ പേരിലുമുണ്ടായിരുന്നു വിഷാദം, തലച്ചിരിയൻ. അതോ തലച്ചിലിയനെന്നോ. ഇപ്പോൾ ഓർമ്മയില്ല. അവന്റെ പേരു വിളിയ്ക്കുമ്പോൾ കുട്ടികൾ എന്നും ചിരിച്ചിരുന്നു. എന്നാൽ, ഞാൻ മാത്രം ചിരിയിൽ പങ്കുചേർന്നില്ല. കുഞ്ഞിപ്പെണ്ണ് ഞങ്ങളുടെ വേലക്കാരിയാണ്. സ്നേഹവതിയാണ്. തലച്ചിരിയൻ അങ്ങനെ എന്റെ ബന്ധുവായിരുന്നു.

കുട്ടാടൻപൂശാരിയുടെ മായനെപ്പോലെ തലച്ചിരിയനും ഉണ്ടായിരുന്നു ഒരു മാനസികസ്തംഭനം. സ്യമന്തകമോഷണത്തിന്റെ കാവ്യം ചൊല്ലാൻ ഗുരുനാഥൻ പറയുകയാണ്. കേട്ടീലെയോ കിഞ്ചനവർത്തമാനം’എന്നു തുടങ്ങുന്ന കാവ്യം. തോർത്തുടുത്ത് കുടുമ കെട്ടി മുത്തച്ഛന്റെ വലിപ്പം തോന്നിയ്ക്കുന്ന തലച്ചിരിയൻ കോഴിക്കുഞ്ഞിന്റെ ശബ്ദത്തിൽ ചൊല്ലിത്തുടങ്ങി, ‘‘കേട്ടീലയ്യോ കിഞ്ചനവർത്തമാനം—’’

ഗുരുനാഥൻ തിരുത്തിക്കൊടുത്തു, ‘‘കേട്ടീലെയോ’’

എന്നിട്ട് പറഞ്ഞു, ‘‘ചൊല്ല്!’’

കോഴിക്കുഞ്ഞിന്റെ ശബ്ദം ആവർത്തിച്ചു, ‘‘കേട്ടീലയ്യോ—’’

ഗുരുനാഥൻ പ്രഹരിച്ചു. തല്ലുന്തോറും നിന്ദിതനും പീഡിതനുമായ എന്റെ സഹോദരൻ ഏതോ പ്രാചീനദുഃഖത്തിന്റെ സമർത്ഥനം ആവർത്തിച്ചു,

''കേട്ടീലയ്യോ—''

അയ്യോ, തലച്ചിരിയാ, ഞാൻ കേട്ടു. നിന്റെ നിലവിളി ഞാനിന്നും കേൾക്കുന്നു. ആഗ്രഹങ്ങളും ആവശ്യങ്ങളും ഞെരിച്ചൊടുക്കപ്പെട്ട, സൗകുമാര്യവും ആരോഗ്യവും നിഷേധിയ്ക്കപ്പെട്ട, ഒരു കുട്ടിക്കാലത്തിന്റെ നിലവിളി. നിന്റെ വേദനയോർത്ത്, നിന്റെ വേദന എന്റെ ശരീരത്തിൽ അറിഞ്ഞ്, ഞാൻ ഒരുപാട് രാത്രികളിൽ കരഞ്ഞിട്ടുണ്ട്.

സ്കൂളിൽ വന്ന പാമ്പുകളിക്കാരനേയും ജാലവിദ്യക്കാരനേയും, ക്ളാസിലെ സുന്ദരിയായ മാധവിയേയും ഒന്നുമല്ല ഞാൻ ഇന്നോർക്കുന്നത്. ഓർക്കുന്നത് നിന്നെയാണ്. നീ സഹപാഠിയല്ല, ഗുരുഭൂതനാണ്. കുട്ടിക്കാലത്തിന്റെ ആത്മവിദ്യാലയത്തിൽ കുടുമ കെട്ടി പീഡനമേറ്റുവാങ്ങാൻ എഴുന്നുനിൽക്കുന്ന കുക്കുടസ്വരൂപൻ.

കുട്ടാടൻപൂശാരിയ്ക്കും രവിയ്ക്കും ഞാൻ പകർന്നുകൊടുത്തത് നിന്റെ വിഷാദമാണ്.

## *8.* നാട്ടുവിളക്കുകൾ

1956 മുതൽ 58വരെയുള്ള തഞ്ചാവൂരിലെ കലാലയസേവനം 58നുശേഷമുള്ള തിരുത്തുകൾക്ക് പശ്ചാത്തലമൊരുക്കി. ആന്തരമായ വിഷാദത്തെ പ്രകൃതിദൃശ്യങ്ങളിലൂടെ സമൂർത്തവല്ക്കരിയ്ക്കുന്ന പെതറ്റിക് ഫാലസി എന്ന അലങ്കാരരൂപംകൊണ്ട് വിശേഷിപ്പിക്കാവുന്നതായിരുന്നു എന്റെ മനോനില, എന്റെ ചെറിയ നിരാശകൾ എന്നിൽനിന്ന് പടർന്നുപൊങ്ങി ചരിത്രപരമായ ദുഃഖങ്ങളിൽ കുതിർന്നുപിടിച്ചു. പ്രക്ഷുബ്ധമായ ഹംഗറിയിൽ, ജനതരംഗത്തിന്റെ സ്നേഹത്തിന്നും ദുഃഖത്തിന്നും വഴങ്ങി ഇമ്രെനാജ് ''ഹംഗറിയെ ദൈവം രക്ഷിയ്ക്കട്ടെ'' എന്നു നേർന്നു. കിഴക്കൻ യൂറോപ്പിന്റെ ജനോത്ഥാനം വിലക്കപ്പെട്ട ആ പദം വീണ്ടും ചെവിക്കൊണ്ടു: ദൈവം. എന്റെ അനാരോഗ്യത്തിന്റെ ജ്വരസീമകളിൽ, തറവാടിന്റെ സാമ്പത്തികത്തകർച്ചയിൽ, അച്ഛന്റെ നിസ്സഹായാവസ്ഥയിൽ, ഞാനും അത് ചെവിക്കൊള്ളാൻ തുടങ്ങിയിരുന്നു. ഹംഗറിയുടെ പ്രധാനമന്ത്രിയെ സോവിയറ്റ്സൈന്യം സ്ഥാന ഭ്രഷ്ടനാക്കി. യൂഗോസ്ലാവ് എംബസിയിൽ അഭയംപ്രാപിച്ച നാജിനെ, സുരക്ഷയുടെ വാക്കുകൊടുത്ത്, അവർ പുറത്തു കൊണ്ടുവന്ന് വെടിവെച്ചു കൊന്നു. നാജിനുവേണ്ടി വിലപിച്ച ഹംഗറിയുടെ ദുഃഖത്തെ എന്നിൽനിന്നകറ്റാൻ ഞാൻ ശ്രമിച്ചില്ല. അങ്ങനെ അകറ്റുകയാണ് ഹംഗറിയെ തൊട്ടറിഞ്ഞിട്ടില്ലാത്ത എന്റെ സഖാക്കൾ ചെയ്തത്; സംവേദനക്ഷമതയുടെ, സാമാന്യ മനുഷ്യസ്നേഹത്തിന്റെ, അപചയം! ആട്ടിൻപറ്റങ്ങളെപ്പോലെ മുറജപം നടത്തി എന്റെ പ്രിയ സഖാക്കൾ നാജിന്റെ വധത്തെ ന്യായീകരിയ്ക്കുന്നതു കണ്ട് ഞാൻ അമ്പരന്നു. വിശ്വാസവഞ്ചനയ്ക്കും കൊലപാതകത്തിനും നീതീകരണമാകുന്ന വിപ്ലവത്തിന് എവിടെയോ ഭീമമായ, ഭീകരമായ, പാളിച്ച പറ്റിയിട്ടുണ്ട് എന്ന് എന്റെ മനസ്സാക്ഷി എന്നോടു പറഞ്ഞു. ചങ്ങമ്പുഴയുടെയും കൃഷ്ണവാരിയരുടെയും ഏതാനും വരികൾ ഇവിടെ ഞാനോർക്കുന്നു. ചങ്ങമ്പുഴ എവിടെയോ എഴുതി:

> വിത്തനാഥന്റെ ബേബിയ്ക്ക് പാലും
> നിർദ്ധനച്ചെറുക്കന്ന് ഉമിനീരും
> ഈശ്വരേച്ഛയല്ല, ആകിൽ അമ്മട്ടു
> ള്ളീശ്വരനെച്ചവിട്ടുക നമ്മൾ.

നിരീശ്വരവാദമല്ല, ഈശ്വരസ്നേഹത്തിന്റെ കടുത്ത രോഷം. കൃഷ്ണവാരിയരുടെ കവിതയിൽനിന്ന്:

എങ്ങോ മർത്ത്യനു ചങ്ങല, കൈകളിൽ
അങ്ങെൻ കൈയുകൾ നൊന്തീടുകയാ –
ണെങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു...
ഇന്നാഫ്രിക്കയതെൻ നാട,വളുടെ
ദുഃഖത്താലേ ഞാൻ കേഴുന്നു.

കവിയുടെ, ശരാശരി മനുഷ്യന്റെ നിർമ്മലഭാവത്തിന്റെ, ഈ ദുഃഖം മാത്രമാണ് ഞാനുമറിഞ്ഞത്. ദുഃഖത്തിന്റെ അവിഭക്താവസ്ഥയെക്കുറിച്ച് എനിയ്ക്കറിവുണ്ടായി. രാഷ്ട്രീയ മുൻവിധികളെ ആസ്പദിച്ച് ആഫ്രിക്കയുടെ ദുഃഖത്തെ മാത്രം സ്വാംശീകരിക്കുന്നത് അവസരവാദമാണ്; ഹംഗറിയുടേയും ചെക്കോസ്ളോവാക്യയുടേയും അഫ്ഗാനിസ്ഥാന്റേയും കമ്പോഡിയയുടേയും പെറുവിന്റേയും ഹായിറ്റിയുടേയും, ചിലിയുടേയും നിക്കാറാഗ്വയുടേയും നെറുദയുടേയും ഫ്യൂച്ചിക്കിന്റേയും ഗ്രാംഷിയുടേയും നാജിന്റേയും കയ്യൂർസഖാക്കളുടേയും വയലാർ രക്തസാക്ഷികളുടേയും ഒക്കെ ദുഃഖങ്ങൾ ഒരു പാലക്കാടൻ ഗ്രാമീണൻ സ്വന്തമാക്കുമ്പോൾ മാത്രമേ മാനവചേതനയുടെ കടമ പൂർത്തിയാകുന്നുള്ളു. വിപ്ലവത്തിന്റെ മാർഗ്ഗഭംഗങ്ങൾ നീങ്ങുന്നുള്ളു.

എന്നാൽ, ഇങ്ങനെ ചിന്തിയ്ക്കാനുള്ള തെളിമയും ധൈര്യവും അന്നെനിയ്ക്കുണ്ടായിരുന്നില്ല. കോഴിക്കോട്ടെ കോളേജിൽനിന്ന് പിരിച്ചുവിട്ടപ്പോൾ ഒരു വലിയ സുഹൃദ്വലയം എനിയ്ക്ക് നഷ്ടപ്പെട്ടു. തഞ്ചാവൂർപട്ടണത്തിൽനിന്ന് ഏഴെട്ടു നാഴിക പുറത്തുള്ള ഒരു ഗ്രാമത്തിലായിരുന്നു ഈ പുതിയ കോളേജ്. ഭൂപരിഷ്കരണത്തിൽനിന്ന് രക്ഷപ്പെടാൻവേണ്ടി അളവറ്റ ധനവും ധാർഷ്ട്യവുമുള്ള ഒരു ഫ്യൂഡൽ കുടുംബം നടത്തിപ്പോന്ന സ്ഥാപനം. ഫ്യൂഡലിസത്തെ ധിക്കരിയ്ക്കാൻ ശീലിച്ചിട്ടില്ലായിരുന്ന ആജ്ഞാനുസാരികളായ അദ്ധ്യാപകന്മാർ, യജമാനന്റെ അഹന്ത പ്രതിഫലിപ്പിച്ച കൃഷിനിലം കാര്യസ്ഥന്മാർ. അടിമബന്ധങ്ങളുടെ ഈ താവളത്തിൽ ഞാൻ ഒറ്റപ്പെട്ടു. രണ്ടു പോംവഴികൾമാത്രമേ എനിയ്ക്ക് കാണാനുണ്ടായിരുന്നുള്ളു. ഒന്ന്, കമ്മ്യൂണിസത്തിന്റെ വിപ്ലവസാന്ത്വനം. രണ്ട് എന്റെ ചുറ്റുപാടും ജീർണ്ണിച്ച ഫ്യൂഡൽസംസ്കൃതിയിലേയ്ക്ക്, എന്റെ സഹപ്രവർത്തകന്മാരെപ്പോലെ, വഴുതിവീണ് അടിമത്തത്തിൽ ജീവിതസ്ഥിരത തേടൽ. ഈ പോംവഴി രണ്ടും സ്വീകരിയ്ക്കാതെ, മറ്റൊരു പോംവഴി അറിയാതെ, കമ്മ്യൂണിസ്റ്റുകാരനായ ഞാൻ ഇമ്രെനാജിനുവേണ്ടി ദുഃഖിച്ചു.

എന്റെ എഴുത്തിലും ഇക്കാലത്ത് അത്യാഹിതങ്ങളുണ്ടായി. എന്റെ ഒരു നല്ല കഥ, ‘നിദ്രയുടെ താഴ്‌വര[4]’എന്തു കാരണത്താലോ മാതൃഭൂമി വാരിക തിരിച്ചയച്ചു. ആ നിരാസത്തിന്റെ അനുഭവം എന്നിൽ അതിശയോക്തമായി.

കുറെ നാളത്തേയ്ക്ക് എനിയ്ക്ക് ഒരക്ഷരം എഴുതാൻ കഴിഞ്ഞില്ല. ഞാനെഴുതുന്നതൊക്കെ പിശകാണെന്ന ഭയം. എന്നാൽ, സർഗ്ഗദാഹത്തിന്റെ പ്രേരണ. ഈ ഭയത്തിൽത്തന്നെ, കോളേജു കഴിഞ്ഞ വൈകുന്നേരങ്ങളിൽ തഞ്ചാവൂരിന്റെ ഇളംചൂടുള്ള സന്ധ്യകളിൽ, ഞാൻ കുത്തിയിരുന്ന് ഖസാക്കിന്റെ ഇതിഹാസത്തിൽ വെട്ടും തിരുത്തും നടത്തി.

ഗാഢമായ ഈ വൈകാരികപ്രതിസന്ധിയിലും ഞാൻ പോംവഴികൾ തേടിക്കൊണ്ടിരുന്നു. ചില സായാഹ്നങ്ങളിൽ ഞാൻ കോളേജുകെട്ടിടം വിട്ട് നടക്കാനിറങ്ങി. നെൽവയൽപരപ്പുകൾ, മേച്ചിൽനിലങ്ങൾ, നാട്ടുകാര്യസ്ഥന്മാരെപ്പോലെ എങ്ങെങ്ങോ പോകുന്ന ചുവന്ന ചവിട്ടടിപ്പാതകൾ, ചിലപ്പോൾ ചേരികൾ, തഞ്ചാവൂരിന്റെ ഗ്രാമ്യവിസ്തൃതി, കുറേ നടന്നാൽ എത്തിച്ചേരുക ഒരു ജലവാഹിനിയുടെ കരിങ്കൽ പടവിലാണ്. ഇളംചൂടുള്ള കല്ലിൽ തനിച്ചിരിയ്ക്കും. നീരൊഴുക്കിനെ ശ്രദ്ധിച്ചാൽ വലിയ വെള്ളിമീനുകൾ വെട്ടിക്കടന്നു പോവുന്നതു കാണാം. ചിലപ്പോൾ നീർക്കോലികൾ. കൊച്ചലകൾ മുറിച്ച് നടരാജന്മാരായി പുളഞ്ഞുനീന്തുന്ന ഈ ജലസർപ്പങ്ങൾ മുഖമുയർത്തി എന്നെ നോക്കി കടന്നുപോയി. അപ്പോഴൊക്കെ എന്തുകൊണ്ടോ എനിയ്ക്ക് കരയാൻ തോന്നിയിട്ടുണ്ട്.

എന്നെക്കരയിച്ച മറ്റൊരു പ്രത്യക്ഷം തീവണ്ടിയാത്രയിൽ മിന്നിക്കടന്ന നാട്ടുവിളക്കുകളായിരുന്നു. വർഷത്തിൽ രണ്ടോ മൂന്നോ തവണ അവധിയ്ക്ക് നാട്ടിൽ പോകും. ആ അവസരങ്ങളിൽ എനിയ്ക്ക് മുതലാകാതിരുന്ന ഒരു ധാരാളിത്തത്തിന് ഞാൻ മുതിർന്നു. രണ്ടാംക്ളാസ്സു യാത്ര, മെത്തയുള്ള പഴയ രണ്ടാംക്ളാസ്സ്. ഈ യാത്രയ്ക്കു വേണ്ട പണം ഞാൻ കാലേകൂട്ടി രൂപയും തുട്ടുമെണ്ണി കരുതിവെച്ചു. പൊള്ളാച്ചിവഴി പോകുന്ന പാസഞ്ചർവണ്ടിയിലെ പഴയ രണ്ടാംക്ളാസ്സുമുറിയിൽ നാലു ബർത്തുകളാണ്. മിക്കപ്പോഴും ഞാൻ തനിച്ചായിരിയ്ക്കും. രാത്രി വൈകീട്ട് തഞ്ചാവൂരിൽനിന്ന് പുറപ്പെടുന്ന വണ്ടി പുലർച്ചെയാണ് കേരളത്തിലേയ്ക്ക് കടക്കുക. ചിലപ്പോൾ ചിലപ്പോൾ കണ്ണടയ്ക്കുന്നതൊഴിച്ചാൽ ഞാൻ എന്റെ തടവറയുടെ സൗമ്യരതിയിൽ ഉറക്കമിളച്ചു. പുറത്ത് ഇരുട്ട്, ഇരുട്ടിൽ കറുത്തുനിന്ന ചെവിടിമണ്ണ്. പാറക്കെട്ടുകൾക്കിടയിലൂടെ കടന്നു പോകുമ്പോൾ തീവണ്ടിയുടെ താളം കലുഷമാകും. ഇരുട്ടിന്റെ സാധനയിൽ, പ്രയാണത്തിന്റെ ജിജ്ഞാസയിൽ എന്നിലെ രവി, ദിനോസറുകളുടെ കഥ പറയുന്നവൻ, ഇമ്രെനാജിന്റെ ദുഃഖത്തിന് ഉത്തരം തേടി.

ഉത്തരം നാട്ടുവിളക്കുകളായി ഇരുട്ടിൽ മിന്നിക്കടന്നു. ചങ്ങല പിടിച്ച് വണ്ടി നിർത്താൻ, വിളക്കുവെട്ടത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വേണ്ട ധൈര്യം അന്നെനിയ്ക്കുണ്ടായിരുന്നില്ല. അതിന് ധർമ്മപുരാണം'വരെ കാത്തിരിയ്ക്കേണ്ടിവന്നു. വിളക്കുകൾ മിന്നിക്കടന്നു. എന്നാൽ, വെളിച്ചത്തിന്റെ

ഈ ക്ഷണികപാരസ്പര്യം വരുംകാലങ്ങളിലേയ്ക്കുള്ള മുതൽക്കൂട്ടായി എന്നിൽ ഊർന്നിറങ്ങി.

ആ ശാപമോക്ഷത്തിന്റെ വെളിപാടിൽ ഞാൻ ഇതിഹാസത്തിൽ ഇപ്രകാരം എഴുതിപ്പിടിപ്പിച്ചു:

> സ്കൂളു കൂടുന്നതിനുമുമ്പ് ആബിദ അവളുടെ വീട്ടിലേയ്ക്ക് തിരിച്ചുപോകും. വീണ്ടും വൈകുന്നേരം വന്നു മുറ്റമടിയ്ക്കും. ചായ കൂട്ടും, സന്ധ്യയോടെ തിരിച്ചു പോകും. രവി തനിച്ചാവും. തനിച്ചിരുന്നുകൊണ്ട് ജനാലയിലൂടെ പുറത്തേയ്ക്കു നോക്കും... പുറത്ത് പാണ്ടിപ്പയ്ക്കൾ മേയുന്നില്ല. ദുഃഖംപോലെ, സാന്ത്വനംപോലെ, ഇരുട്ട്. ഇരുട്ടിൽ അങ്ങിങ്ങ് മിന്നാമിനുങ്ങുകൾ. നാട്ടുവിളക്കുകളെന്ന പഥികന്മാർ. ഇപ്പോൾ ഞാറ്റുപുര ഒരു തീവണ്ടിമുറിയാണ്, പെട്ടെന്ന്, പുറത്തെ ഇരുട്ടിനെക്കുറിച്ച് ഓർത്തുപോവുകയാണ്. താനിപ്പോൾ എവിടെയാണ്? ഇരുവശവും ഇരുട്ടിന്റെ തരിശുകളിലൂടെ തിരിവിളക്കുകൾ നീങ്ങിമറഞ്ഞു. യാത്രയ്ക്കിടയിലൊരിയ്ക്കൽ, എങ്ങുനിന്നോ മറ്റൊരു തണ്ടുവാളം പാഞ്ഞടുത്തു. മറ്റൊരു പ്രയാണം, കർമ്മബന്ധത്തിന്റെ നൊടിനേരത്തെ പരിചയം. ചക്രങ്ങൾക്കിടയിൽ, ഒരു നൊടി മാത്രം, താളം കൊട്ടിക്കൊണ്ട് അതു വീണ്ടുമകന്നു.

4 വിജയന്റെ കഥകൾ എന്ന സമാഹാരം

# 9. ഖസാക്കിലെ സുന്ദരി

എന്റെ യുവസുഹൃത്ത് കാരശ്ശേരിയാണ് ഒരു വിഗ്രഹനഷ്ടത്തിന്റെ തീവ്ര നിരാശയോടെ പ്രതിഷേധിച്ചത്, ‘‘വിജയേട്ടനങ്ങനെ പറയരുത്!’’

‘‘പക്ഷേ, അതാണ് വാസ്തവം,’’ ഞാൻ പറഞ്ഞു. ഇത്രയും വർഷങ്ങൾക്കുശേഷം, ആ സൃഷ്ടികഥ അയവിറക്കുന്ന ഞാനും, വിചിത്രമെന്നു പറയട്ടെ, ആ നഷ്ടബോധം പങ്കിടുകയായിരുന്നു.

‘‘അപ്പോൾ,’’ കാരശ്ശേരി ചോദിച്ചു, ‘‘മൈമുനയ്ക്ക് ആ ഗ്രാമത്തിൽ മാതൃകയില്ല, അല്ലേ?’’

‘‘ഇല്ല.’’

‘‘അവൾ വെറും സങ്കല്പം, അല്ലേ?’’

‘‘അതെ.’’

ഈ സംഭാഷണം ഓർക്കുമ്പോൾ എന്റെ യുവസുഹൃത്തിനെ ആശ്വസിപ്പിയ്ക്കാനായി ഇങ്ങനെ പറയാൻ തോന്നുന്നു: ‘സ്ത്രൈണസൗന്ദര്യത്തിന്റെ മൂർച്ഛ സങ്കല്പത്തിലാണ്. പ്രതിമയിൽ, കവിതയിൽ, ഇതിഹാസത്തിൽ. മജ്ജയിലും മാംസത്തിലും സ്ത്രീയെ നാം ഉൾക്കൊള്ളുമ്പോൾ ആ ഉൾക്കൊള്ളലിന്റെ അനുഭവം പലപ്പൊഴും അപൂർണ്ണമായിരിയ്ക്കും.’

എന്നാൽ, എനിയ്ക്ക് മൈമുന പൂർണ്ണിമയായിരുന്നു, അപസ്വരമോ വിഗന്ധമോ സ്പർശഭംഗമോ ഇല്ലാത്ത രതിനായിക. അങ്ങനെയൊരു സാലഭഞ്ജിക ഖസാക്കിന്റെ മൂലഗ്രാമത്തിലൂടെ അതിന്റെ ചതുപ്പിലും മുള്ളിലും ചവിട്ടി നടന്നിരിയ്ക്കാൻ വയ്യ. അവളുടെ കാലടി വീണത് ഇതിഹാസത്തിലാണ്, ഇതിഹാസത്തിൽ മാത്രം. കഥാകൃത്തിന്റെ അരാജകത്വത്തിൽനിന്ന് അവൾ ഉടലെടുത്തിരിയ്ക്കാൻ ഇടയില്ല. അവളുടെ പിറവി എന്റെ സംയമനത്തിലും ധ്യാനത്തിലുമാണ്. ധ്യാനത്തിന്റെ മൃദുലസംഭോഗത്തിൽ ഞാൻ പ്രാപിച്ച മൈമുന അവളുടെ അടിയും മുടിയും മുമ്പും പിമ്പും ഒരേസമയം എനിയ്ക്ക് പകർന്നുതന്നു. ശരീരമുള്ള ഒരു കാമുകിയ്ക്കും പകർന്നുതരാനാവാത്ത സ്ത്രീസമൃദ്ധി. ഓർത്തുനോക്കിയാൽ, മൈമുന ഖസാക്കിനുമുമ്പ്, വളരെമുമ്പ്, എന്റെ കൂടെ നടന്നവളാണ്. ബാല്യത്തിൽ സ്ത്രീ ഒരു മുഖത്തിൽ ഒതുങ്ങിനില്ക്കുന്നു. പിന്നെ അത് കൈകളും കാലുകളുമാകുന്നു. പിന്നെ അതു വസ്ത്രത്തിന്നടിയിലേയ്ക്കു നീളുന്ന ജിജ്ഞാസയാവുന്നു. യോനീമുഖത്തിന്റെ ചതുപ്പും ഉറവും ഇരുട്ടും തിക്തമായ ഭോഗാലസ്യവും വിരക്തിയും. ഇതൊക്കെ ശരീരികളായ സ്ത്രീകളുടെ കാര്യമാണ്. ബന്ധത്തിലും സന്തതിയിലും വാർദ്ധക്യത്തിന്റെ വൈരസ്യത്തിലും നമ്മുടെ കൂട്ടുകാരികൾ. എന്നാൽ, മൈമുന

ഇവരായിരുന്നില്ല. ഇതിഹാസകഥനത്തിനും പുറകോട്ടു നീണ്ട ഇതിഹാസത്തിന്റെ സ്വപ്നമണ്ഡലങ്ങളിൽ ശരീരമില്ലാതെ ഞാൻ അവളുമായി ഇണചേർന്നു. അവൾ എന്റെ മാത്രമായി. പക്ഷേ, ഇതു വായിയ്ക്കുന്ന സഹൃദയൻ ചോദിച്ചെന്നു വരും, പിന്നെ അവൾ എങ്ങനെ ഖാലിയാരുടെ പ്രണയിനിയായി? മുങ്ങാങ്കോഴി എന്ന തുരുപ്പിടിച്ച മനുഷ്യന്റെ ഭാര്യയായി? എങ്ങനെ അവളുടെ ബഹുഭർത്തൃത്വത്തിൽ രവി സാന്ത്വനം കണ്ടെത്തി? ഈ സാന്ത്വനം:

വേനലുപോലെ സ്വച്ഛമായ വാറ്റുചാരായം.

''മൈമുനയ്ക്കു വേണോ?'' രവി ചോദിച്ചു.

''ച്ചി!''

സുഖത്തിന്റെ ഉമിത്തീപോലെ ചാരായം നീറിപ്പിടിച്ചു.

''ഈ നീലഞരമ്പ്,'' രവി ചോദിച്ചു, ''കൈയിലങ്ങോളം ണ്ടോ?''

മൈമുന കുപ്പായത്തിന്റെ കൈ ആവോളം തെരുത്തു കേറ്റിക്കാണിച്ചു. കൈത്തണ്ടയുടെ മുകൾനിരപ്പുവരെ. ഇനിയുമങ്ങോട്ടു പൊക്കാൻ വയ്യ.

കാറ്റില്ല. വേനൽച്ചൂട്.

''ഈ മുറിക്യേ കുപ്പായ്ട്ടാല് ഉഷ്ണിയ്ക്കില്ലേ?'' രവി ചോദിച്ചു.

മൈമുന മറുപടി പറഞ്ഞില്ല. അവളെണീറ്റു.

''പോറേൻ,'' അവൾ പറഞ്ഞു.

''ഇരിയ്ക്കൂ, മൈമൂനേ.''

''മാട്ടേൻ. പോറേൻ.''

''എവടെ പോവ്വാ ഇപ്പഴ്?''

''ഒടമ്പ് പൂരാ വെശർപ്പ്,'' അവൾ പറഞ്ഞു, ''കുളിയ്ക്കപ്പോറേൻ.''

മൈമുന ഇറങ്ങി. അവൾ അറബിക്കുളത്തിലേയ്ക്കു നടന്നു. ആ നീരാട്ടം നോക്കിക്കൊണ്ട് രവി അറയുടെ തണുവിൽ കിടന്നു... നട്ടുച്ചയുടെ മയക്കത്തിൽ അവൾ ഈറനുമുടുത്തു തിരിച്ചു വന്നു.

''ഇതാ ഇവടയങ്ങട് ഒണങ്ങാന്ടാ,'' രവി പറഞ്ഞു.

അറയുടെ അയക്കോലിൽ അവൾ ഒന്നൊന്നായി കായാനിട്ടു. എല്ലാമിട്ടു കഴിഞ്ഞപ്പോൾ അവൾ രവിയുടെ മുമ്പിൽ വന്നുനിന്നു. നീലഞരമ്പോടിയ അരക്കെട്ടിനെ ചുറ്റിയ കറുത്ത പട്ടുചരടിൽ ഒരു രക്ഷായന്ത്രം ഞാന്നു കിടന്നു. വിരലുകൾക്കിടയിൽ അതിനെ തിരുപ്പിടിച്ചുകൊണ്ട് രവി ചോദിച്ചു, ''ഇതാ നൈസാമണ്ണന്റെ ചെന്ത്രം?''

''ആമാ. അതിരിക്കറപോത് ഒന്നും വരാത്.''

''എന്നാൽ, അതങ്ങ്ട് ഊരിവെയ്ക്ക്യാ.''

അവൾ തടുത്തില്ല. രവി ചരടിന്റെ കുരുക്കഴിച്ച് യന്ത്രം ഊരിവെച്ചു. കായാനിട്ട ഉടുപുടയിലേയ്ക്കു നോക്കിക്കൊണ്ട് മൈമുന പറഞ്ഞു, ''ഒങ്ക ദെണ്ണം സൊഹപ്പെട്ട്ട് ഒര് മാസംകൂടിയാഹലേ. ഒങ്കള്ക്ക് എപ്പ്ടിയിരിക്ക്തോ എന്നമോ—''

രണ്ടുപേരുമെണീറ്റപ്പോൾ ഉച്ച തിരിയാൻ തുടങ്ങിയിരുന്നു. സ്ഫടികക്കുപ്പിയിൽ ഇത്തിരി ബാക്കിയുണ്ടായിരുന്നു.

''നെണക്ക് വേണോ, മൈമുനേ?''

''കൊടുങ്കോ.''

അവൾ കുപ്പിയിൽനിന്ന് ഈമ്പിക്കുടിച്ചു.

''ഒടമ്പെ പാത്ത്ക്കോ,'' ഇറങ്ങുമ്പോൾ അവൾ പറഞ്ഞു. അവൾ നടന്നകന്നു. അവളുടെ സമൃദ്ധമായ പിൻപുറത്തേയ്ക്ക് അയാൾ നോക്കിയില്ല. അതിന്റെ ഓർമ്മ

നുണഞ്ഞുകൊണ്ട് പള്ളിത്തണുവിന്റെ ആലിലയിൽ അയാൾ കിടന്നു.
ആലിലയെ മൂടിക്കൊണ്ട്, കറുത്ത കടലിനു മുകളിൽ അശാന്തിയുടെ മൂടൽമഞ്ഞുയരുകയായിരുന്നു.

സ്ത്രീത്വത്തിനു പുറകെയുള്ള ജാഗരൂകമായ ഈ അന്വേഷണത്തിൽ മുങ്ങാങ്കോഴിയേയും ഖാലിയാരേയും പങ്കാളികളാക്കിയത് എന്തിനെന്ന് ഞാനോർത്തുപോയിട്ടുണ്ട്. സ്ത്രൈണതയുടെ അനുഭൂതി പൂർത്തിയാകണമെങ്കിൽ ദുഃഖം അനിവാര്യമാണെന്നു തോന്നുന്നു. ജമദഗ്നിയ്ക്ക് കാർത്തവീര്യാർജ്ജുനൻ, ഗൗതമന് ദേവേന്ദ്രൻ. നമ്മുടെ കാലഘട്ടത്തിൽ നടന്ന മറ്റൊരു ദുരന്തകഥ സ്മരിയ്ക്കുന്നു. ഫ്രഞ്ചുനടിയായ ബ്രിജിറ്റ് ബാർദോവിന്റെ കഥ. ബ്രിജിറ്റിന്റെ ഭർത്താവും സംവിധായകനുമായിരുന്ന വാദിം സ്ത്രീത്വത്തിന്റെ പരിപൂർണ്ണകലാരൂപമായി അവളെ ആവിഷ്കരിയ്ക്കാൻ മുതിരുകയായിരുന്നു. ഈ ആവിഷ്കരണത്തിൽ ഏകഭർത്തൃവ്രതത്തിന്റെ സ്വകാര്യാസ്വാദനത്തിന് ഇടമില്ല. ഈ അവകാശത്തിന്റെ അതിരുകൾ വിട്ട് സ്ത്രീ കവിഞ്ഞൊഴുകുന്നു. അവകാശം അപ്രസക്തമാവുകയും, ത്യാഗവും ദുഃഖവും അതിന്റെ മണ്ഡലം പിടിച്ചുപറ്റുകയും ചെയ്യുന്നു. താൻ സംവിധാനംചെയ്യാനിരുന്ന പുതിയ ചിത്രത്തിലെ നായകനെ വാദിം വീട്ടിലേയ്ക്ക് ക്ഷണിച്ചു, നായികയായ ബ്രിജിറ്റിനെ പരിചയപ്പെടാൻ. നായകൻ വരുമ്പോൾ ബ്രിജിറ്റ് വെണ്മാടത്തിൽക്കിടന്ന് സൗരസ്നാനം ചെയ്യുകയായിരുന്നു. അതിഥിയെ പരിചയപ്പെടാൻ ഭർത്താവ് ഭാര്യയെ സ്വീകരണമുറിയിലേയ്ക്ക് വിളിച്ചു. വെയിലു കാഞ്ഞുകിടന്ന ബ്രിജിറ്റ് നഗ്നയായിത്തന്നെ മുറിയിൽ വന്ന് ആഗതനെ പരിചയപ്പെട്ടു. ദീർഘനേരം നീണ്ടുനിന്ന ചർച്ചയിലൂടെയത്രയും അവൾ നായകനോടു ചേർന്നിരുന്നു. വാദിം വേദനയനുഭവിയ്ക്കുകയായിരുന്നു. സമൂർത്തതയ്ക്കപ്പുറമുള്ള സ്ത്രീത്വത്തെ അറിയാനായി സ്വയം ഏറ്റെടുത്ത വേദന.

എന്നാൽ, മൈമുന ഈ വേദനകൾക്കുമപ്പുറം വളരുന്നു. അവളുടെ ദൗത്യം പൂർണ്ണമാകുന്നത് അള്ളാപിച്ചമൊല്ലാക്കയുടെ മൃതദേഹം ഖസാക്കിലേയ്ക്ക് തിരിച്ചുവരുമ്പോഴാണ്:

രാജാവിന്റെ പള്ളിയിൽ, ഇരുട്ടത്ത്. പൊടിയുടെ ഗന്ധം. ചന്ദനത്തിരിയുടെ ഗന്ധം. വാറ്റുചാരായം നിറച്ച സ്ഫടികക്കുപ്പി രവി മൈമുനയുടെ നേർക്കു ചെരിച്ചു. അവൾ ചുണ്ടുകൾ വിടർത്തി. അവയുടെ ചുവപ്പും ദൈർഘ്യവും രവിയ്ക്കു കാണാൻ വയ്യായിരുന്നു. അവയുടെ നനവറിഞ്ഞതേയുള്ളൂ.
''ഇനീം?''
''ഉം.''
''എങ്ങനിരിയ്ക്ക്ണൂ?''
''ചൂട്. സൊഹം!''
രവി ചുമരു ചാരിയിരുന്നു. പുറത്ത്, മീസാൻകല്ലുകളിൽ രാത്രി നീലച്ചു.

''കേട്ടോ?'' മൈമുന പെട്ടെന്നു പറഞ്ഞു.
രവി ചെകിടോർത്തു.
''എന്താത്?''
മൈമുന എണീറ്റു. നിലത്തെ പൊടിയിൽനിന്നും നിഴലിൽനിന്നും ഉടപുടയില്ലാതെ അവളുയർന്നു. പള്ളിവാതിലിലൂടെ അവൾ അകലേയ്ക്കു നോക്കി.
അകലെ:
''ലായിലാഹ ഇല്ലല്ലാഹ്—
ലായിലാഹ ഇല്ലല്ലാഹ്—''
വാറ്റുചാരായത്തിന്റെ തെളിമയോടെ ആ വിളി വന്നു.
''എന്താത്?'' രവി വീണ്ടും ചോദിച്ചു.
മൈമുന പറഞ്ഞു, ''ശവം.''

സരൂപപൂർണ്ണതയും വിട്ട് അതിനപ്പുറത്ത് മൃതിസാന്നിദ്ധ്യത്തിൽ മൈമുന സഫലയാവുന്നു. ഈ സാന്നിദ്ധ്യത്തെ ചിത്രീകരിയ്ക്കുന്ന ഹെൻറി മില്ലറുടെ ഏതാനും വരികൾ ഓർമ്മയിൽ വരുന്നു (സെക്സസ്'പരമ്പരയിലോ ട്രോപ്പിക് പരമ്പരയിലോ എന്ന് ഇപ്പോൾ തിട്ടമില്ല). കഥാനായകൻ തന്റെ പഴയ കാമുകിയെ കണ്ടുമുട്ടുന്നു. അവൾ അയാളെ വീട്ടിലേയ്ക്കു ക്ഷണിയ്ക്കുന്നു. ദരിദ്രവും ഇടുങ്ങിയതുമായ ആ രണ്ടു മുറിപ്പാർപ്പിടത്തിൽ കാമുകിയുടെ മകൻ ആസന്നമരണനായി കിടക്കുകയാണ്. അമ്മേ, എന്നെക്കൊണ്ട് ഒരു പ്രയോജനവുമില്ല, ഞാൻ ജീവിയ്ക്കില്ല, മകൻ പറയുന്നു. മകന്നുറക്കം പിടിയ്ക്കുമ്പോൾ തൊട്ടമുറിയിൽ അമ്മയും കാമുകനും സംഭോഗത്തിലേർപ്പെടുന്നു. കാമത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങവേ അമ്മയുടെ മനസ്സിൽ നിറയെ മരിയ്ക്കുന്ന മകനാണ്. മനോഹരമായ ഒരു വാചകത്തിലൂടെ ഈ അവസ്ഥാവിശേഷത്തെ മില്ലർ ചിത്രീകരിയ്ക്കുന്നു. വാക്കുകൾ തിട്ടമായി അറിവില്ല, ഓർമ്മയിൽനിന്ന് ഉദ്ധരിയ്ക്കട്ടെ, "Her tears were running like a toilet box." എന്നാൽ, ഈ സംഭവവും അതിന്റെ പരിസമാപ്തി കുറിയ്ക്കുന്ന ഈ വാചകവും പരുഷവും പൈശാചികവുമാണ്. പടിഞ്ഞാറനാണ്.

ഇതിന്റെയുമപ്പുറത്തു കടക്കാൻ എനിയ്ക്ക് ഗുരുസാഗരംവരെ കാത്തിരിയ്ക്കേണ്ടി വന്നു. അനുഭവപക്വതയുടെ വിനയവും ഒരു ഗുരുസമ്പർക്കവും അതിനിടയാക്കി.

''ഇന്ന് ലളിത ഈ വിളക്ക് കൊള്ത്തണം.''
''കൊള്ത്താം.''
''അച്ഛൻ ജപിച്ച മന്ത്രങ്ങൾ എന്തെങ്കിലും ഓർമ്മേണ്ടോ?''
''ണ്ട്.''
''എന്നാൽ, ലളിത ഇന്ന് അത് ജപിച്ചുതൊടങ്ങണം.''
ലളിത കുഞ്ഞുണ്ണിയുടെ മുമ്പിൽ വന്നുനിന്നു...ഒരു സായാഹ്നത്തിലെ സമ്പർക്കം, നിമിഷങ്ങളോളം നീണ്ടുനിന്ന ഗുരുപ്രസരം, എല്ലാറ്റിനേയും വിരാഗിയുടെ കരുണകൊണ്ട് തെളിച്ചിരുന്നു. ഇനിയൊരിയ്ക്കലും അവൾക്ക് ആ ചെറിയ നിലവിളക്കിൽ തിരി കൊളുത്താതിരിയ്ക്കാൻ കഴിയില്ല, ഇനിയൊരിയ്ക്കലും

ചലച്ചിത്രമാസികകൾ ജനാലപ്പടിയിൽ ശേഖരിയ്ക്കാൻ കഴിയില്ല, അശ്വനിയുടെ ശ്വാസോച്ഛ്വസനത്തിൽ അറയ്ക്കാൻ കഴിയില്ല.

നമസ്തസ്മൈ, വിഷ്ണവേ<br>
പ്രഭ വിഷ്ണവേ!

## 10. അകന്നുപോയ താവഴികൾ

പരിണാമത്തിന്റെ ഇതിഹാസരഥ്യയുടെ അവസാനത്തിലും ശാന്തി മന്ത്രം —

ഞങ്ങൾ പാണ്ടിക്കാട്ട് താമസിയ്ക്കുമ്പോൾ അമ്മയെ നടുക്കിയ ഒരു സംഭവമുണ്ടായി. വർഷങ്ങൾക്കുശേഷമാണ് അമ്പരപ്പു മാറാതെ, എന്നാൽ കുറ്റബോധത്തോടെ, അമ്മ ആ കഥ ഞങ്ങളോട് പറഞ്ഞത്. ഒരു ദിവസം പാണ്ടിക്കാട്ട് ക്യാമ്പിന്റെ പടിയ്ക്കൽ ഒരു പിച്ചക്കാരൻ പ്രത്യക്ഷപ്പെട്ടു. പ്രവേശനം തടഞ്ഞ പാറാവുകാരനോട് അയാൾ അച്ഛന്റെ പേര് പറഞ്ഞു, ''ഞാൻ വേലുക്കുട്ടിയേട്ടന്റെ ബന്ധുവാണ്.'' അതു വിശ്വസിയ്ക്കാനായില്ലെങ്കിലും പാറാവുകാരൻ പിച്ചക്കാരനെ ബന്തവസ്തോടെ വീട്ടിലേയ്ക്ക് പറഞ്ഞുവിട്ടു.

പിച്ചക്കാരൻ തിണ്ണയൊതുക്കിൽ പകച്ചുനിന്നു. വീട്ടിൽ അമ്മ മാത്രമേയുള്ളു. പിച്ചക്കാരൻ തുടങ്ങി, ''ഞാൻ —''

''എന്തു വേണം?'' അമ്മ ചോദിച്ചു.

''ഞാൻ — ഞാൻ ഊട്ടുപുലായ്ക്കലെയാണ്.''

തലമുറകൾക്കുമുമ്പ് സമ്പത്തിന്റെ പരമ്പരയിൽനിന്ന് തെന്നിവീണ് പടിപടിയായി ശോഷിച്ച കുടുംബശാഖയുടെ യാചകസന്തതി. മനുഷ്യന്റെ പ്രാഥമിക ദരിദ്രതയുടെ കിരീടാവകാശി. അമ്മ എന്തു ചെയ്തെന്ന കഥയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്നാൽ, യാചകനായ ഈ ചാർച്ചക്കാരൻ എന്നിൽ നിരന്തരമായ ഒരു ചോദ്യമായി. നമ്മുടെ ചാർച്ചക്കാരിൽ എത്രപേർ രാജാക്കന്മാർ, എത്ര പേർ യാചകന്മാർ? ചാർച്ചയിൽ മനുഷ്യവർഗ്ഗം സമസ്തവും ഉൾപ്പെടുന്നു. കഴിഞ്ഞില്ല. ജനിതകസരിത്തിന്റെ ഓരത്തുകൂടെ അതിന്റെ പ്രഭവസ്ഥാനങ്ങളിലേയ്ക്ക് നടന്നാൽ ചോദ്യമിതാണ്, ''നമ്മുടെ ചാർച്ചക്കാരിൽ എത്രപേർ മൃഗങ്ങളാണ്, എത്രപേർ സസ്യങ്ങൾ?'' ഈ അലട്ടാണ് ഇതിഹാസത്തിലെ ഈ രംഗത്തിന് കാരണമായത്:

> പണ്ടുപണ്ട്, ഓന്തുകൾക്കും മുമ്പ്, ദിനോസറുകൾക്കും മുമ്പ്, ഒരു സായാഹ്നത്തിൽ രണ്ടു ജീവിബിന്ദുക്കൾ നടക്കാനിറങ്ങി. അസ്തമയത്തിലാറാടിനിന്ന ഒരു താഴ്വരയിലെത്തി.
>
> ഇതിന്റെ അപ്പുറം കാണേണ്ടേ? ചെറിയ ബിന്ദു വലിയ ബിന്ദുവിനോടു ചോദിച്ചു.
>
> പച്ചപിടിച്ച താഴ്വര, ഏട്ടത്തി പറഞ്ഞു. ഞാനിവിടെത്തന്നെ നില്ക്കട്ടെ.
>
> എനിയ്ക്കു പോകണം, അനുജത്തി പറഞ്ഞു.
>
> അവളുടെ മുമ്പിൽ നീണ്ടുകിടന്ന അനന്തപഥങ്ങളിലേയ്ക്ക് അനുജത്തി നോക്കി.
>
> നീ ചേച്ചിയെ മറക്കുമോ? ഏട്ടത്തി ചോദിച്ചു.
>
> മറക്കില്ല, അനുജത്തി പറഞ്ഞു.

മറക്കും, ഏട്ടത്തി പറഞ്ഞു. ഇതു കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു.

അനുജത്തി നടന്നകന്നു. അസ്തമയത്തിന്റെ താഴ്വരയിൽ ഏട്ടത്തി തനിച്ചു നിന്നു. പായൽക്കുരുന്നിൽനിന്ന് വീണ്ടുമവൾ വളർന്നു. അവൾ വലുതായി. വേരുകൾ പിതൃക്കളുടെ കിടപ്പറയിലേയ്ക്കിറങ്ങി. മൃതിയുടെ മുലപ്പാലു കുടിച്ച് ചില്ലകൾ പടർന്നു തിടംവെച്ചു. കണ്ണിൽ സുറുമയും കാലിൽ തണ്ടയുമിട്ട ഒരു പെൺകുട്ടി ചെതലിയുടെ താഴ്വരയിൽ പൂവിറുക്കാനെത്തി. അവിടെ തനിച്ചുനിന്ന ചമ്പകത്തിന്റെ ചില്ലയൊടിച്ച് പൂ നുള്ളിയെടുത്തപ്പോൾ ചമ്പകം പറഞ്ഞു, അനുജത്തീ, നീയെന്നെ മറന്നുവല്ലോ...

കുട്ടികൾ പൊയ്ക്കഴിഞ്ഞിരുന്നു. രവി കണ്ണു ചിമ്മി കസേലയിൽ ചാരിയിരുന്നു. ചുറ്റിലും ധൂപക്കൂട്ടിന്റെ മണമുയരുന്നു. ചേങ്ങലയും കുടമണിയും മുഴങ്ങുന്നു.

വേദാനുദ്ധരതേ ജഗന്നിവഹതേ
ഭൂഗോള മുദ് ബിഭ്രതേ
ദൈത്യം ദാരയതേ ബലിംഛലയതേ
ക്ഷത്രക്ഷയം കുർവതേ
പൗലസ്ത്യം ജയതേ ഹലം കലയതേ
കാരുണ്യമാതന്വതേ
മ്ലേച്ഛാന്മൂർച്ഛയതേ ദശാകൃതികൃതേ
കൃഷ്ണായ തുഭ്യം നമഃ

കണ്ണു തെളിഞ്ഞപ്പോൾ, അകലെ ചെതലിയുടെ താഴ്വരയിൽ അസ്തമയമാണ്. ജനാലയിലൂടെ പോക്കുവെയില് അകത്തേയ്ക്കു വന്നു. അതിന്റെ സുഖസ്വരം ഞാറ്റുപുരയിലത്രയും പരന്നു.

## 11. കുഞ്ഞാമിനയും ആമിനക്കുട്ടിയും

കുഞ്ഞാമിന സ്ത്രീത്വത്തിന്റെ മറ്റൊരു ധ്രുവമാണ്. ശുദ്ധമായ മുകുളാവസ്ഥ. എന്റെ കൃതികളിലൊന്നിലും നായികമാരില്ലെന്ന ആരോപണം ചില സുഹൃത്തുക്കൾ ഉന്നയിച്ചിട്ടുണ്ട്. കഥാസങ്കല്പങ്ങളുടെ സാധാരണതയിൽ മൈമുന ഒരു നായികയല്ലല്ലോ. രജസ്വലയാകാത്ത കുഞ്ഞാമിനയ്ക്കാവട്ടെ നായികയാവാൻ അർഹതയുമില്ല.

രവി അറിഞ്ഞ ഏറ്റവും സാന്ദ്രമായ ബന്ധം തന്റെ അമ്മയോടാണ്. കല്പകവൃക്ഷത്തിന്റെ തൊണ്ടുകളെണ്ണുമ്പോൾ ഗർഭിണിയായ അമ്മയുടെ വയറും ചാരിക്കിടന്ന് രവി പിറന്നിട്ടില്ലാത്ത അനുജത്തി എവിടെയാണെന്നു തേടി. പിന്നീട്, ഷെയ്ഖിന്റെ മിനാരങ്ങളിൽ:

> പൂത്തു ചുവന്നുനിന്ന വാകയുടെ ചോട്ടിൽ രവി ഇരുന്നു. ഇത്തിരി കഴിഞ്ഞപ്പോൾ കുഞ്ഞാമിന തിരിച്ചുവന്നു.
>
> ''എന്തേ,'' രവി ചോദിച്ചു, ''വെള്ളത്തിൽ കളിയ്ക്കാമ്പോണില്ലേ?''
>
> ''ഇല്ല,'' അവൾ പറഞ്ഞു, ''എനിയ്ക്ക് പൂതത്തിനെ കാണണ്ട.''
>
> അവൾ അടുത്തുവന്നു നിന്നു.
>
> ''എന്താ നെണക്ക്?'' അയാൾ ചോദിച്ചു.
>
> ''ഞാൻ ബടെ ഇരിയ്ക്കട്ടെ?'' അവൾ ചോദിച്ചു. ''മാഷ്ടർന്റട്ത്ത്?''
>
> പെട്ടെന്ന് രവിയ്ക്ക് ഉള്ളലിയുകയായിരുന്നു.
>
> ''ആമിനക്കുട്ടിയ്ക്കെന്താ സങ്കടം?'' അയാൾ ചോദിച്ചു.
>
> ''സങ്കടം,'' അവൾ പറഞ്ഞു.
>
> രവി പതുക്കെ അവളെ തന്നോടടുപ്പിച്ചു. അവൾ അയാളുടെ മടിയിലിരുന്നു. മടിയിൽ അവളുടെ ഘനസ്പർശം നിറയുന്നപോലെ തോന്നി.
>
> ''കുഞ്ഞാമിന പോവൂ,'' അയാൾ പറഞ്ഞു, ''പോയി കളിയ്ക്കൂ.''
>
> അവൾ എണീറ്റുനിന്നു. അവൾ ഇത്തിരി ദൂരം നടന്ന്, പിന്നെ തിരിച്ചുവന്നു.
>
> ''എനിയ്ക്ക് വയ്യ,'' അവൾ പറഞ്ഞു.
>
> കണ്ണുകൾ അസാധാരണമായി തിളങ്ങുകയാണ്.
>
> ''എന്താ സൂക്കേട്?''
>
> അവളൊന്നും പറഞ്ഞില്ല. ഇപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി.
>
> ''അയ്യേ, നോക്കൂ,'' രവി സമാധാനിപ്പിയ്ക്കാൻ ശ്രമിച്ചു. ''കരയ്യാണോ? —''
>
> കുഞ്ഞാമിന അടിവയറ്റിൽ കയ്യമർത്തി. അവൾ ചെറുതായി മുന്നോട്ടു ചാഞ്ഞു. രവി അവളെ താങ്ങി. പെട്ടെന്ന്, വെള്ളിത്തണ്ടയുടെ മേൽ, കാല്പടത്തിൽ, സിന്ദൂരക്കുറിപോലെ. രവി മിഴിച്ചുനോക്കി. വീണ്ടുമൊരു ചോരത്തുള്ളി താഴോട്ടു വീണു. കുഞ്ഞാമിനയെ നിലത്തിരുത്തിയപ്പോൾ അവൾ കരയുകയായിരുന്നു. രവിയുടെ കൈപ്പടം നനഞ്ഞിരുന്നു. കൈപ്പടം നിവർത്തി ഇമ തല്ലാതെ അയാൾ അതിലേയ്ക്കു നോക്കി. വരണ്ട കൈവരകൾക്കുമേൽ ചോരയുടെ പുതുമഴത്തുള്ളികൾ ഊറിക്കിടന്നു.

ഈഡിപ്പസ് കോംപ്ലക്സ്, എലക്ട്രാ കോംപ്ലക്സ് എന്നീ കള്ളികളിലൊതുങ്ങുന്ന മനഃശാസ്ത്രത്തെ എനിയ്ക്കു പേടിയാണ്. കാരണം, അത് അതിന്റെ പരിമിതിയെ സാർവ്വത്രിക ദർശനമാക്കി മനുഷ്യരുടെമേൽ അടിച്ചേല്പിക്കുന്നു. ഫ്രോയ്ഡിനെ, മാർക്സിനേയും, എനിയ്ക്ക് അവിശ്വാസമാണ്.

എന്റെ അനുഭവത്തെ കഴിവതും സത്യസന്ധമായി പ്രതിഫലിപ്പിയ്ക്കുകയാണ് ഞാൻ ഈ രണ്ട് ധ്രുവങ്ങളിലൂടെ ശ്രമിച്ചിട്ടുള്ളത്. അമ്മയും കുഞ്ഞാമിനയും. ഗർഭത്തിന്റേയും കൗമാരത്തിന്റേയും മുകുളഭാവങ്ങൾ. ഇവയ്ക്കിടയിൽ കിടക്കുന്ന വിശാലമായ അനുഭവമണ്ഡലം എന്റെ ജീവിതത്തിൽ എനിയ്ക്ക് വിലക്കപ്പെട്ടതാണെന്ന് തോന്നുന്നു. ആ വിലക്കിലാണ് ഞാൻ മൈമുനയെ പ്രതിഷ്ഠിച്ചത്. സ്ത്രീത്വത്തിന്റെ ഒരു പാൽനിറവുപോലെ മൈമുന തളംതല്ലി. ഭാര്യയായോ കാമുകിയായോ വഴങ്ങാൻ അവൾ വിധിയ്ക്കപ്പെട്ടിട്ടില്ലായിരുന്നു. അമ്മയ്ക്കും മകൾക്കുമിടയിലുള്ള വഴിത്താരകളിലൂടെ പിടിച്ചുകെട്ടാനാവാത്ത യാഗാശ്വമായി അവൾ നടന്നു.

മുകുളത്തിന്റെയും ഗർഭതടത്തിന്റെയും ആരാധനമാത്രമേ എനിയ്ക്കു കഴിഞ്ഞിട്ടുള്ളു. ഭക്തിയോടും ശുദ്ധിയോടും പ്രതികരിച്ച ഞാൻ ആ തലങ്ങൾക്കിടയിൽ നിറഞ്ഞുനിന്ന രതിസമൃദ്ധിയെ അശാന്തിയായിമാത്രം അറിഞ്ഞു. ആ അശാന്തിയിൽ, അസ്തിത്വത്തിന്റെ തുച്ഛമായ ആലിലയിൽ ഞാൻ അങ്ങിങ്ങ് പാറിയലഞ്ഞു.

ഖേദപൂർണ്ണങ്ങളായ ഓർമ്മക്കുറിപ്പുകളിൽനിന്ന് ഒരദ്ധ്യായം: ക്ഷമ (പേര് സാങ്കല്പികം) എന്ന പെൺകുട്ടിയുമായുള്ള പരിചയം. മുകുളസങ്കല്പത്തിന്റെ മൗഢ്യത്തിൽ ക്ഷമ ഒരു സ്ത്രീയായിക്കഴിഞ്ഞിരുന്നെന്ന് എനിയ്ക്കു കാണാൻ കഴിഞ്ഞില്ല. വിടർന്ന പൂവിന്റെ പെൺമണങ്ങൾ, അവളുടെ സ്ത്രീത്വത്തിന്റെ ത്വര, ഞാനറിഞ്ഞില്ല. കോഫീഹൗസിലും ഉദ്യാനത്തിലും ഇരുന്ന സായാഹ്നങ്ങളിൽ അവൾ ഇടയ്ക്കിടെ പറഞ്ഞു, ''താങ്കളുടെ പുസ്തകം എനിയ്ക്ക് വായിയ്ക്കണം.''

''ക്ഷമയ്ക്ക് മലയാളം അറിയില്ലല്ലോ.''

''വായിച്ച് തർജ്ജമചെയ്തു തന്നാൽ മതി.''

അങ്ങനെയാണ് എന്റെ ആദ്യത്തെ തർജ്ജമകൾ തുടങ്ങിയത്, വാങ്മയത്തിൽ. ഇതിഹാസത്തിലെ കുഞ്ഞാമിനയ്ക്കായി, എന്റെ സമീപത്തിരിയ്ക്കുന്ന കുഞ്ഞാമിനയ്ക്കായി, ഞാൻ വായിച്ച് മറുമൊഴി ചെയ്തു. ക്ഷമ പറയും, ''അതാവർത്തിയ്ക്കൂ!'' അല്ലെങ്കിൽ, ''നമുക്ക് വീണ്ടും ആദ്യംമുതൽ തുടങ്ങാം.'' ഈ ആവർത്തനങ്ങളിലൂടെ, പുനരാവർത്തനങ്ങളിലൂടെ, ക്ഷമ ഇതിഹാസം ഹൃദിസ്ഥമാക്കി. ആ വായനയുടെ ഐക്യഭാവമാകണം അവളെ കുഞ്ഞാമിനയുമായി അടുപ്പിച്ചത്. ഞാനുമായുള്ള പരിചയത്തിൽ മലയാളപദങ്ങളോട് സാമാന്യപരിചയം നേടിയ അവൾ കുഞ്ഞാമിനയെ ആമിന

ക്കുട്ടിയാക്കി. ഒരു നാൾ എന്റെമേൽ ചാരിയിരുന്നുകൊണ്ട് ഒരു കുഞ്ഞുശബ്ദത്തിൽ അവൾ പറഞ്ഞു, ''അത് ഞാനാണ്.''

''ആര്?''

''ആമിനക്കുട്ടി.''

അശാന്തമായ കടൽപ്പരപ്പിൽ ക്ഷമയും അവളുടെ ആലിലയിൽ പാറുകയായിരുന്നു. വിരിഞ്ഞു നിറഞ്ഞ പൂവിൽനിന്ന് മുകുളത്തിലേയ്ക്കുള്ള മായികമായ മടക്കയാത്ര.

''ആമിനക്കുട്ടീ!'' ഞാൻ വിളിച്ചു.

വീണ്ടും കുഞ്ഞായി അവൾ വിളി കേട്ടു. അവൾ പറഞ്ഞു, ''താങ്കൾ പുസ്തകത്തിന്റെ പുതിയ പതിപ്പ് തിരുത്തുമോ?''

''തിരുത്തുകയോ?''

''എനിയ്ക്കുവേണ്ടി. ഈ സായാഹ്നത്തെയോർത്ത്.''

''പറയൂ.''

''എനിയ്ക്ക് കുഞ്ഞാമിനയോട് അസൂയയാണ്. കുഞ്ഞാമിനയ്ക്കു പകരം ഇതിഹാസത്തിൽ നിങ്ങൾ എന്നെ പ്രതിഷ്ഠിയ്ക്കണം. ആമിനക്കുട്ടിയെ.''

ആ സായാഹ്നത്തിന്റെ മധുരസ്മൃതിയ്ക്കായി ഞാൻ ഇതിഹാസത്തിന്റെ രണ്ടാംപതിപ്പിൽ ഒരു കുറിപ്പു ചേർത്തു, വായനക്കാരാ, നിങ്ങളീ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ കുഞ്ഞാമിനയെ ആമിനക്കുട്ടിയെന്ന് തിരുത്തി വായിയ്ക്കണം; ആമിനക്കുട്ടി സ്നേഹവും കരുണയുമാണ്, രവിയുടെ മേൽ പടർന്ന സർപ്പവിഷത്തിന് പ്രതിവിധി, പുനർജ്ജനി.

ആ സായാഹ്നം പറന്നുപോയി, ക്ഷമയും ഞാനും തേടിയ നിരവധി മിഥ്യാസാന്ത്വനങ്ങളിൽ അതും ചെന്നടിഞ്ഞു. ആ സാന്ത്വനങ്ങളുടെ ശാന്തസ്ഥലികൾ പിളർന്നുകൊണ്ട് അവളിലെ യൗവനവും എന്നിലെ വാർദ്ധക്യവും പ്രകാശനം തേടി.

ഇതിഹാസത്തിലെ കുഞ്ഞാമിന ഋതുമതിയായി. അവിടെ അവളുടെ ദൗത്യം അവസാനിയ്ക്കുന്നു. അതാണ് അവളുടെ ദുഃഖവും രവിയുടെ ദുഃഖവും. രവിയുടെ വനവാസവും അവിടെ അവസാനിച്ചേ പറ്റൂ. അവളുടെ പരിവർത്തനം പരുഷമായ മറ്റൊരു ലോകത്തിലേയ്ക്ക് അവളെ മടക്കി. അവളോട് ചമ്പകമരം പറഞ്ഞത് ഓർത്തുപോകുന്നു, അകൽച്ചയും ദുഃഖവും മാത്രമുള്ള, കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥ. എന്നെങ്കിലും കാഥികന്റെ അസ്ഥിയിൽ ചവിട്ടി അവൾ പൂവിറുക്കാൻ എത്തിയാൽ കാഥികൻ പറഞ്ഞെന്നുവരും, ''അനുജത്തീ, നീയെന്നെ മറന്നുവല്ലോ.''

അന്തരാളഗതിയിൽ ഒന്നൊടൊന്നന്തരാപെടും അണുക്കൾ, ക്ഷണികപാരസ്പര്യങ്ങൾ, ശിഷ്ടവിഷാദങ്ങൾ. ഇദംപ്രവർത്തയതേ ചക്രം. ഋതുപൂർത്തി വരിയ്ക്കുന്നതിനുമുമ്പുള്ള കുഞ്ഞാമിനയെ, ആമിനക്കുട്ടിയെ, പുതിയ സഹൃദയതലമുറകളിലുള്ളവർ കണ്ടെത്തി പ്രണയിയ്ക്കട്ടെ.

ഭാവിയായ്കത് ചിതാശവങ്ങളിൽ
പൂവുപോൽ അശുഭനശ്വരങ്ങളിൽ.

ഇതിഹാസസൃഷ്ടിയ്ക്കുശേഷം ഈ നിർവ്വേദത്തിന്റെ തുരീയത്തിൽ എത്തിച്ചേരുന്നു. ഗർഭതടത്തിൽനിന്നും മുകുളത്തിൽനിന്നും ഞാൻ വിട വാങ്ങി. ഗുരുസാഗരത്തിൽ കുഞ്ഞുണ്ണി താൻ മകളായി സ്നേഹിച്ച പെൺകുട്ടിയുടെ, കല്യാണിയുടെ, മരണം കാണുന്നു. ആ വേർപാടിനെ ഞാനിങ്ങനെ വിവരിച്ചു:

പിറ്റേന്ന് പുലരിയ്ക്കുമുമ്പ്, പ്രസവോദ്യുക്തരായി നിന്ന
ജ്യോതിസ്സുകളിലൂടെ, ഗദാധരന്റെ അരിപൊരിയുടെ പാഥേയവുമായി
കല്യാണി യാത്ര പുറപ്പെട്ടു...

സ്ത്രീയുടെ അപദാനങ്ങളറിയാനുള്ള ഇതിഹാസയാത്രയുടെ ക്ഷീണത്തിനുശേഷം ശാന്തിമന്ത്രം.

# 12. ഇരുൾവെള്ളത്തിന്റെ കുളിര്

കഥാപാത്രം ഉയിർത്തെഴുന്നേറ്റുവന്ന് കഥാകാരന്റെ രോഗശമനത്തിന് ജപിച്ചുകെട്ടുക! നടക്കാമെങ്കിൽ മറ്റെന്താണ് നടന്നുകൂടാത്തത്? 1942ലാണ് മറ്റൊരു കഥാപാത്രം തന്റെ അസ്തിത്വപ്രഖ്യാപനമായ ആർത്തനാദം പുറപ്പെടുവിച്ചുകൊണ്ട് എന്റെ പടിയ്ക്കലൂടെ വീണ്ടും വീണ്ടും നടന്നുപോയത്. ഇതിഹാസസൃഷ്ടിയ്ക്ക് വർഷങ്ങൾക്കുമുമ്പ് ഈ ആദിമാചാര്യൻ കഥാരചനയുടെ കുരുന്നക്ഷരങ്ങൾ എന്റെ നാവിലെഴുതുകയായിരുന്നു.

അന്ന് കൊടുവായൂർ എന്ന പാലക്കാടൻ ഗ്രാമത്തിലായിരുന്നു ഞങ്ങളുടെ താമസം. ദേശീയപ്രസ്ഥാനം സംഘട്ടനരൂപിയായതോടെ അച്ഛന് തുടരെത്തുടരെ സ്ഥലംമാറ്റങ്ങളുണ്ടായിത്തുടങ്ങി. എന്റേയും അനുജത്തിയുടേയും വിദ്യാഭ്യാസം ഇക്കാരണത്താൽ അപകടപ്പെടരുതെന്നു കരുതിയായിരുന്നു മുത്തച്ഛനും മുത്തശ്ശിയും അമ്മയും ഞങ്ങളേയുംകൊണ്ട് കൊടുവായൂരിൽ ഒരു വാടകവീടെടുത്ത് താമസം തുടങ്ങിയത്; പിറ്റേക്കൊല്ലം ഞങ്ങൾ പാലക്കാട്ടുപട്ടണത്തിൽ വീടുവാങ്ങി അവിടെ സ്ഥിരതാമസമാക്കുകയുമായിരുന്നു. വലിയൊരു തൊടികയുടെ നടുക്കാണ് കൊടുവായൂരിലെ വാടകവീട്. മാവും പ്ലാവും അതിൽ പന്തലിച്ചുനിന്നു. മരച്ചുവട്ടിലുള്ള കൽത്തറകളിൽ നാഗശിലകൾ. അവയെ പൂജിയ്ക്കാൻ എന്നും രാവിലെയെത്തുന്ന വീട്ടുടമസ്ഥനായ അപ്പുമന്നാടിയാർ. തൊടിക അവസാനിയ്ക്കുന്നേടം വലിയൊരു കന്മതിലാണ്. കുതിരവട്ടത്തു തമ്പുരാന്റെ കൊട്ടാരം.

ആ കന്മതിലിനപ്പുറത്തുള്ള കൊട്ടാരത്തിൽ പാർത്തുവന്ന വൃദ്ധനായ തമ്പുരാന് ഒരു യക്ഷിക്കഥയിലെ രാജാവിന്റെ മാനങ്ങൾ ഞാൻ കൊടുത്തു. അമ്മയോടു സല്ലപിയ്ക്കാൻ വരുന്ന അയൽക്കാരിയാണ് ഈ കൊട്ടാരത്തിന്റെ കഥ ഞങ്ങളെ ധരിപ്പിച്ചത്. കൊട്ടാരത്തിനകത്ത് അമ്പലവും അമ്പലക്കുളവുമുണ്ട്. അമ്പലക്കുളത്തിലാണ് തമ്പുരാന്റെ നീരാട്ടം. എന്നാൽ, നീരാട്ടത്തിന് ചൂടുവെള്ളം വേണം. അതിന്റെ വിവരണം എന്നെ ഭ്രമിപ്പിച്ചു. വലിയ വെങ്കലച്ചരക്കുകളിൽ വെള്ളം തിളപ്പിച്ച് കുളത്തിലൊഴിയ്ക്കും.കടവിൽ അതിന്റെ ചൂട് ഏറെ നില്ക്കും. ആ ചൂടിലാണ് തമ്പുരാൻ നീരാടുക.

ഞാനൊരിയ്ക്കൽ ഈ അയൽക്കാരിയോട് ചോദിച്ചു, ‘‘കൊളം കാണാൻ ചേച്ചി എന്നെ കൂട്ടിക്കൊണ്ടു പോവോ?’’

തമ്പുരാന്റെ നീരാട്ടം കഴിഞ്ഞാൽ മിച്ചമുള്ള ചൂടിൽ കുളിയ്ക്കാൻ പോകുന്ന പെണ്ണുങ്ങളിൽ അയൽക്കാരിയും പെടും. അയൽക്കാരിയും അമ്മയും മുഖത്തോടുമുഖം നോക്കി എന്തോ പതുക്കെപ്പറഞ്ഞു. അതിന്റെ അർത്ഥം

അന്നെനിയ്ക്കു മനസ്സിലായിരുന്നില്ല—അമ്പലക്കുളം 'ശുദ്ധക്കുള'മാണ്. അവർണ്ണരായ ഞങ്ങൾക്ക് അവിടെ പ്രവേശനമില്ല.

കൊടുവായൂരിലേയ്ക്ക് താമസം മാറ്റുന്നതുവരെയുള്ള ക്യാമ്പു വർഷങ്ങളിൽ ഞങ്ങളുടെ പരിചാരകന്മാർ സവർണ്ണരായ സായുധപ്പോലീസുകാരായിരുന്നു. ജാതിയുടെ പരാധീനത എന്തെന്നറിയാതെയാണ് ഞങ്ങൾ ക്യാമ്പിൽ വളർന്നത്. സാമ്രാജ്യത്വത്തിന്റെ കാവൽപ്പടത്താവളത്തിൽനിന്ന് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ വെളിനിലങ്ങളിലേയ്ക്ക് കടന്ന ഞാനും വർണ്ണാശ്രമധർമ്മവും ഒരു കന്മതിലിന് അപ്പുറവും ഇപ്പുറവുമായിക്കഴിഞ്ഞു.

''ചേച്ചീ, ചേച്ചീ,'' ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കു കടന്നു, ''കൊളത്തിൽ തെളച്ച വെള്ളം പാർമ്പഴേ —''

''പാർമ്പൊ?''

''മീനൊക്കെ ചാവില്ലേ?''

''തല മൂത്ത ചേറമ്മീനാണ്. അമ്പലക്കൊളത്തിലെ മീനല്ലേ? ബുദ്ധിയുള്ള മീന്. തമ്പ്രാൻ നീരാടാനെത്തുമ്പൊ മീന് കടവിന്ന് മാറിക്കെടക്കും.''

ആ ചിത്രം എന്നെ മഥിച്ചു. നാടുവാഴിയുടെ ചുടുവെള്ളം, കലക്കുവെള്ളം. ആ വെള്ളത്തിന്റെ സങ്കലനത്തിനപ്പുറത്ത് ആഴത്തിന്റെ മറ്റൊരു നിരപ്പ്, ഒന്നിനും ഭേദിയ്ക്കാനാവാത്ത കുളിരിന്റേയും ഇരുളിന്റേയും ഉൾനീർത്തടം. അവിടെ മാണിക്യം ചൂടിയ ചേറൻമീനുകൾ വിശ്രമംകൊണ്ടു. അവ ഖസാക്കിലെ ഉൾക്കിണറിലെ മീനുകളായി, ഗുരുസാഗരത്തിലെ മത്സ്യദേവതയായി.

മുത്തച്ഛനോട് വർത്തമാനം പറഞ്ഞിരിയ്ക്കാൻ വന്ന ഒരു തൊഴിൽരഹിതനായിരുന്നു ശ്രീനാരായണമന്നാടിയാർ എന്ന ശ്രീകുട്ടി. മന്നാടിയാന്മാരുടെ കഥ ശ്രീകുട്ടി ഞങ്ങൾക്കു പറഞ്ഞുതന്നു. തില്ലമന്നാട്ടുകാർ എന്ന മന്നാടിയാർ വംശമാണ് ആ തറയിലുള്ള നിരവധി പ്രാചീന തറവാടുകളിൽ താമസം. കുതിരവട്ടത്തുതമ്പുരാനെപ്പോലെതന്നെ തില്ലമന്നാട്ടിലെ മന്നാടിയാന്മാർക്കും സാമൂതിരിയുമായി പ്രത്യേക ബന്ധങ്ങളുണ്ടായിരുന്നു. ഏതോ ഒരു സാമൂതിരി ശത്രുഭീതിയാൽ കൊടുവായൂരിൽ തില്ലമന്നാട്ടുകാർക്കിടയിൽ അഭയം തേടുകയും തന്റെ കിരീടം സൂക്ഷിയ്ക്കാനായി അവരെ ഏല്പിക്കുകയും ചെയ്തുവത്രെ. കിരീടത്തെ പത്തായത്തിൽ ഒരു ചരക്കുകൊണ്ടു മൂടി കാരണവരായ മന്നാടിയാർ സൂക്ഷിച്ചു. മൂന്നാം ദിവസം കിരീടത്തെ തുടച്ചു വിളക്കാനായി ചരക്കു പൊക്കിയപ്പോൾ കിരീടമില്ല. ഭൂമിയിലേയ്ക്ക് താഴ്ന്നിറങ്ങിയതാണെന്നും തില്ലമന്നാട്ടിലെ ഏതോ കിണറ്റിന്റെ ഉൾക്കിണറ്റിൽ അത് വിശ്രമം കണ്ടെത്തിയിട്ടുണ്ടെന്നും അതിനെ അന്വേഷിയ്ക്കരുതെന്നും ജ്യോതിഷി മന്നാടിയാന്മാരോടു പറഞ്ഞു.

സാമൂതിരിവംശം ക്ഷയിച്ചു, വർഷങ്ങൾ കടന്നുപോയി. തില്ലമന്നാട്ടിലെ ഇടവഴികളിലൂടെ ദുർബ്ബലനായ ഒരു കൊട്ടുകാലൻ വിളിച്ചുകൊണ്ടു നടന്നു,

''കിണറ്റിൽ വീണ പാത്രങ്ങൾ, കരണ്ടകങ്ങൾ, മാലകൾ എടുക്കാനുണ്ടോ?'' ഈ വാക്കുകളൊന്നും വടിവോടെയല്ല പുറത്തുവന്നത്. വക്കിടിഞ്ഞ, ചേറിൽക്കുതിർന്ന ഗമകങ്ങൾ ഒരു ചരിത്രവിലാപമായിരുന്നു, തില്ലമന്നാട്ടിലെ ഇടവഴികളിലൂടെ ഒഴുകിയ മരണഗാഥ.

''ഏത് കെണറ്റിലും ഇവൻ മുങ്ങും,'' ശ്രീകുട്ടി പറഞ്ഞു.

''കെണറ്റിൽനിന്ന് എന്തെടുക്കാനാണ്?'' മുത്തച്ഛൻ ചോദിച്ചു.

''എന്തെങ്കിലും കാണും. ബക്കറ്റ്, കൊടം. അപൂർവ്വമായിട്ട് മാലേം പതക്കോം.''

കിരീടമല്ല!

''ഏതായാലും സാഹസംതന്നെ.''

''ഓരോ പെഴപ്പല്ലേ? ഇവടെ ഇവനെ ഞങ്ങൾ വിളിക്യാ മുങ്ങാങ്കോഴീന്നാ.''

''എന്താണാവോ പേര്?''

''ആവോ. മുങ്ങാങ്കോഴീന്ന് വിളിച്ചാൽ വിളി കേക്കും.''

1942. എങ്ങും ക്വിറ്റിന്ത്യാസമരം അലതല്ലുന്നു. ആ സമരത്തിന്റെ വിതാനങ്ങൾ കിണറുകളിൽ മുങ്ങിത്തപ്പുന്ന മുങ്ങാങ്കോഴിയോ പോലീസ് മേധാവിയുടെ മകനായ ഞാനോ അറിഞ്ഞില്ല. സ്ത്രീത്വത്തിന്റെ മുമ്പിൽ പരാജയപ്പെട്ട ഖസാക്കിലെ മുങ്ങാങ്കോഴി, വിപ്ലവത്തിന്റേയും ശാസ്ത്രത്തിന്റേയും നടുക്ക്, എന്താണ് തേടിയത്? തന്റെ അവസാനത്തെ മുങ്ങലിനായി —

സന്ധ്യ മയങ്ങവേ നാഴികകളകലെ, ഇരുട്ടുകെട്ടിയ ഒരു നാലുകെട്ടിനകത്തെ കിണറ്റിന്റെ ആൾമറമേൽ മുങ്ങാങ്കോഴി ഇരുന്നു. ദുരൂഹമായ ആഴത്തിൽ മഷിനോട്ടക്കാരന്റെ വെറ്റിലയിലെ മഷിപോലെ ജലമുഖം തെളിഞ്ഞു. ഉമ്മയില്ലാതെ കിടന്നു നിലവിളിച്ച കൊച്ചുമകളെ ഉറക്കാനായി താൻ പണ്ടു പാടിയൊരു പാട്ടുണ്ടായിരുന്നു. ആൾമറ മേലിരുന്നുകൊണ്ട് തുരുപ്പിടിച്ച അപസ്വരത്തിൽ മുങ്ങാങ്കോഴി പാടി:

''തലമൂത്ത മീനേ
എന്റെ ചേറമ്മീനേ —
എന്റെ കുട്ടി മക്ള്ക്കൊര്
മണി കൊണ്ട്വായോ —''

അയാൾ കിണറ്റിലേയ്ക്കു കൂപ്പുകുത്തി. കിണറു കടന്ന് ഉൾക്കിണറ്റിലേയ്ക്ക്. വെള്ളത്തിന്റെ വില്ലീസു പടുതകളിലൂടെ അയാൾ നീങ്ങി. ചില്ലുവാതിലുകൾ കടന്ന്, സ്വപ്നത്തിലൂടെ സാന്ധ്യപ്രജ്ഞയിലൂടെ, തന്നെ കൈ നീട്ടി വിളിച്ച പൊരുളിന്റെ നേർക്ക് അയാൾ യാത്രയായി. അയാൾക്കു പിന്നിൽ ചില്ലുവാതിലുകൾ ഒന്നൊന്നായടഞ്ഞു.

ഖേദകഥാപാത്രമായ മുങ്ങാങ്കോഴി, സ്രഷ്ടാവിന്റെ കൈത്തെറ്റ്, എന്നിൽ സഹാനുഭൂതി നിറയ്ക്കുന്നു. പ്രായശ്ചിത്തത്തിന്റെ ഉൾക്കിണറ്റിൽ തന്റെ

ആത്മാഹുതിയിലൂടെ അയാൾ തേടിയതെന്തായിരുന്നു? ശൈശവത്തോടും അനാഥത്വത്തോടും ഉള്ള സ്നേഹം. ഇത്തിരി സ്നേഹം.

## 13. നിമിത്തങ്ങൾ

വെട്ടും തിരുത്തിന്റെയും വീണ്ടുവിചാരത്തിന്റെയും വർഷങ്ങൾ പലപ്പൊഴും നിരുന്മേഷങ്ങളായിരുന്നു. ഇതിഹാസകഥ മാത്രമല്ല പരിവർത്തനം പ്രാപിച്ചുകൊണ്ടിരുന്നത്. എന്റെ ദർശനവും, അങ്ങനെയൊന്ന് എനിയ്ക്കവകാശപ്പെടാമെങ്കിൽ, മാറി മറിയുകയായിരുന്നു. ഞാൻ കമ്മ്യൂണിസത്തിൽനിന്ന് അകലുകയായിരുന്നെന്ന് പറയുന്നത് ലളിതവൽക്കരണമായിരിയ്ക്കും. പ്രശ്നം സമൂഹത്തിന്റേതായിരുന്നില്ല, അത് രവിയെന്ന ഒരൊറ്റ മനുഷ്യന്റെ പാപബോധവും പുണ്യദാഹവും ആയിരുന്നു. രവിയെ ഒരസ്തിത്വവാദിയായി നിർവ്വചനത്തിന്റെ കള്ളിയിലൊതുക്കുന്നത് അന്യായമായിരിയ്ക്കും. പാശ്ചാത്യമാതൃകകളില്ലാതെ പിടിച്ചു നില്ക്കാൻ വയ്യെന്നുവരുന്ന മലയാളിയുടെ കൊളോണിയൽ വിധേയത്വമായിരിയ്ക്കും. രവി അസ്തിത്വവാദിയായിട്ടുണ്ടെങ്കിൽ, അത് എന്റെ അറിവോടുകൂടിയല്ല എന്നേ എനിയ്ക്കു പറയാനാവൂ; അങ്ങനെ സംഭവിക്കുന്നത് അസംബന്ധപൂർണ്ണമാണെന്നും പറയാതെ വയ്യല്ലോ. സാർത്രിന്റെ പ്രശസ്തമായ ട്രിലോജി 1956ലാണ് ഞാൻ വായിയ്ക്കാൻ ശ്രമിച്ചത്. ആദ്യത്തെ പുസ്തകം മുക്കാൽഭാഗം വായിച്ചു, പിന്നെ വായിയ്ക്കാൻ കഴിഞ്ഞില്ല. കാരണം ഞാനൊരു ശാഠ്യക്കാരനാണെന്നതുതന്നെ. എന്റെ അന്തർധാരയുമായി പൊരുത്തപ്പെട്ടു പോകാത്തതെന്തും ഉൾക്കൊള്ളാനുള്ള ഈ വൈമനസ്യം നല്ലതാണെന്നും പറയുകയല്ല. സംഗീതത്തിലും എനിയ്ക്ക് ഈ രാഗശാഠ്യമുണ്ട്. എനിയ്ക്ക് ബോധിച്ച സംഗീതജ്ഞൻ മധുരമണി അയ്യരാണ്. എന്നാൽ, അദ്ദേഹത്തിൻെറ ചില ആവിഷ്കരണങ്ങൾ മാത്രമേ എനിയ്ക്ക് കേട്ടുകൂടു. അവയെ നൂറാവൃത്തി കേൾക്കുകയും വേണം. ഇതും അഭിരുചിയുടെ 'കതോലിസിറ്റി'യ്ക്ക് ചേർന്നതല്ല. പക്ഷേ, ഞാൻ അങ്ങനെയാണ്, എൻെറ അഭിരുചിയുടേയും സൃഷ്ടിയുടേയും പ്രാകൃത സങ്കുചിതത്വങ്ങളിൽ ഞാൻ ചടഞ്ഞുകൂടുന്നു.

എക്സിസ്റ്റെൻഷ്യലിസത്തിൻെറ പാഠഗ്രന്ഥങ്ങൾ മിയ്ക്കവയും എൻെറ ഗ്രന്ഥശേഖരത്തിലുണ്ടെങ്കിലും, അങ്ങിങ്ങ് മറിച്ചു നോക്കുന്നതിൽക്കവിഞ്ഞ് എനിയ്ക്ക് അവയൊന്നും പാരായണം ചെയ്യാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല, മനസ്സില്ലാഞ്ഞ്. അതിൽ നഷ്ടബോധവുമില്ല. നേരു പറഞ്ഞാൽ, യുദ്ധാനന്തര യൂറോപ്യൻ നിരാശയുടെ ഈ പരിമിതപാഠങ്ങൾ പഠിയ്ക്കാതെ പോയത് ഒരനുഗ്രഹമായി ഞാൻ കാണുന്നു. കാരണം, പ്രകൃതിദത്തമായ ഒരു ദർശനബോധത്തിന്നായി ഞാൻ വെമ്പുകയായിരുന്നു. മുത്തശ്ശിക്കഥയിലും കല്പകവൃക്ഷത്തിലും പൂശാരിയുടെ ദൈവാനുഭവത്തിലും വേരൂന്നി വളർന്ന

പാലക്കാടൻ പ്രകൃതിയുടെ ജൈവബോധം. സമൃദ്ധവും പ്രാകൃതവുമായ ഈ ദർശനത്തെ പുസ്തകങ്ങൾ പരാജയപ്പെടുത്തിയിരിയ്ക്കുമായിരുന്നു.

മഞ്ഞപ്പുല്ലു പടർന്നുനില്ക്കുന്ന കുന്നിൻചെരുവിലേയ്ക്കു നോക്കിയാൽ അരയാലിലകളിൽ കാറ്റു പതിഞ്ഞുവീശുന്നത് ചെകിടോർത്താൽ നമ്മുടെ ഒറ്റപ്പെട്ട ജൈവസ്വരൂപത്തിന് ജീവന്റെ മൗലികങ്ങളുമായുള്ള ഗാഢബന്ധങ്ങൾ നമുക്ക് വെളിപ്പെടാവുന്നതേയുള്ളു. ഈ വെളിപാടുകൾ ഏതു നിരക്ഷരനും കൈവരാവുന്നതുമാണ്. സത്യം പറഞ്ഞാൽ സാക്ഷരത്വത്തിന്റെ ശീലങ്ങളെ മറികടന്ന് പ്രാകൃതൻെറ കന്നിപ്പരുവത്തിലേയ്ക്ക് സംക്രമിയ്ക്കുന്നവനുമാത്രമേ അവൻെറ പുൽപ്പറമ്പിലും അവൻെറ അരയാലിലും നിരന്തരം പൊലിഞ്ഞുപൊങ്ങുന്ന മായികദൃശ്യങ്ങൾ കൺനിറയെ കാണാൻ കഴിയൂ.

ഇതിഹാസത്തിൻെറ പരിവർത്തനം എൻെറയും പരിവർത്തനത്തിൻെറ കഥയാണെന്ന് പറഞ്ഞുവല്ലോ. ഞാൻ ഒരു പുസ്തകത്തിൽനിന്ന് രക്ഷ പ്രാപിക്കാൻ ശ്രമിയ്ക്കുകയായിരുന്നു, ചരിത്രാധിഷ്ഠിത ഭൗതികവാദത്തിൽ നിന്ന്. ആ പുസ്തകത്തെ നമ്പിയിരുന്ന കാലത്തുപോലും പുൽപ്പറമ്പും മൃഗതൃഷ്ണയും അരയാലും എന്നെ അസ്വസ്ഥനാക്കിയിരുന്നു. ഭൗതികവാദത്തിൻെറ പാഠപുസ്തകത്തിൽനിന്ന് അസ്തിത്വവാദത്തിന്റെ പാഠപുസ്തകത്തിൽ ചെന്നടിയാൻ ഞാൻ തയ്യാറുണ്ടായിരുന്നില്ല. ഖസാക്കിൻെറ ഇതിഹാസം ഒരു ദാർശനികകൃതിയല്ലെന്ന്, പാഠപുസ്തകങ്ങളുടെ ഊന്നുപിടിച്ച്, പ്രശസ്ത നോവലിസ്റ്റും വിമർശകനുമായ ഒരു സുഹൃത്ത് പലയിടത്തും എഴുതുകയുണ്ടായി. ഏതെങ്കിലുമൊരു ദർശനശാസ്ത്രത്തിൻെറ കഥാമയമായ ആവിഷ്കരണമല്ല ഖസാക്ക് എന്നാണ് വാദമെങ്കിൽ, ഞാനദ്ദേഹത്തോടു തികച്ചും യോജിയ്ക്കുന്നു. പക്ഷേ, ദർശനം എന്താണ്? വിശ്വപ്രകൃതിജീവജാലങ്ങളിലേയ്ക്ക് നിരന്തരം പെയ്തുതരുന്ന കരുണധാരയായ മഴയാണ് ദർശനമെന്ന് നാമറിഞ്ഞാൽ എല്ലാവരും അതിലകപ്പെടുന്നതായി നമുക്കു കാണാം. കൃഷിക്കാരനും വാറ്റുകാരനും പ്രേതോപാസകനും പൊട്ടനുമൊക്കെ. മൃഗവും സസ്യവുമൊക്കെ. ഖസാക്കിൻെറ ഇതിഹാസം ഈ മഴയുടെ കഥയാണ്.

ഈ മഴയെ വിശ്വസിയ്ക്കാനുള്ള ആത്മധൈര്യം തേടുകയായിരുന്നു എൻെറ പ്രശ്നം. നമ്മുടെ കാറ്റും മരവും നമുക്കു വാരിയെറിഞ്ഞുതരുന്ന മൗലികതയെ സ്വന്തമാക്കാനുള്ള ധൈര്യം നമ്മുടെ കൊളോണിയലിസത്തിന്റെ പരാധീനതയിൽ നമുക്കു നഷ്ടപ്പെട്ടു. ജോയ്സിൻെറയോ ഇബ്സെൻെറയോ ഒക്കെ മൂലസങ്കല്പങ്ങളുമായി തട്ടിച്ചുനോക്കിയെങ്കിലേ നിരൂപണം നടത്താനാവൂ എന്ന അവസ്ഥ നമുക്കേർപ്പെട്ടു. ഇത് ഹീനവും ദാരുണവുമായിരുന്നു.

ഖസാക്കിലെ പ്രകൃതിബിംബങ്ങൾ ലോറൻസ് ഡ്യൂറലിൻെറ അലക്സാൻഡ്റിയ ക്വാർട്ടെറ്റിൽനിന്നും മോഷ്ടിച്ചതാണെന്ന ഒരാരോപണം ഒരു

സഹൃദയസുഹൃത്ത് പ്രചരിപ്പിയ്ക്കുകയുണ്ടായി. ബിംബങ്ങൾ മാറ്റി പ്രതിഷ്ഠിച്ചാൽ അവ മുഴച്ചു നില്ക്കുന്നതു കാണാം. കഥനത്തിൻെറ ആന്തരപ്ര ക്രിയയിൽനിന്ന്, ചക്കരയിൽ കൽക്കണ്ടമൂറുന്നതുപോലെ, പിറവിയെടുക്കുന്നവയാണ് ബിംബങ്ങൾ. ഒട്ടിപ്പിടിച്ച ബിംബത്തിൻെറയും ഊറിവളർന്ന ബിംബത്തിൻെറയും തനിമയില്ലായ്മയും തനിമയും ശ്രദ്ധാലുവായ ഒരു വായനക്കാരന് കാണാവുന്നതേയുള്ളു. പക്ഷേ, പ്രശ്നം ശ്രദ്ധയല്ല, വിധേയത്വത്തിൻെറ ഗതികേടാണ്.

അലക്സാൻഡ്രിയ ക്വാർട്ടെറ്റിൻെറ കഥ പ്രചരിപ്പിച്ചിരുന്നവരിൽ ഡൽഹിയിലെ ഒരു പത്രലേഖകസുഹൃത്തും പെട്ടിരുന്നു. പാണ്ഡിത്യവും സംവേദനശേഷിയുമുള്ള ഒരു പ്രതിഭാശാലി. അദ്ദേഹത്തിന് എന്നോടു യാതൊരു വിരോധവുമുണ്ടായിരുന്നില്ല, എന്നാൽ കൊളോണിയൽ അന്ധവിശ്വാസത്തിൻെറ ഇരയായിരുന്നു അദ്ദേഹവും. ഞാനീ സുഹൃത്തിനെ ഒരിയ്ക്കൽ അഭിമുഖീകരിച്ചു, ''നിങ്ങൾ എന്തിനാണ് ഈ അപഖ്യാതി പറയുന്നത്?''

''ഞാനിനിയും പറയും. അപഖ്യാതിയല്ല, സത്യമാണ്.''

''ഒരു സുഹൃത്തെന്ന നിലയിൽ ഞാൻ വാക്കു തരുന്നു, താങ്കൾ ഉദ്ദേശിയ്ക്കുന്നതുപോലെ ഒരു പറിച്ചുനടൽ എൻെറ പുസ്തകത്തിൽ നടന്നിട്ടില്ലെന്ന്.''

''അങ്ങനെയല്ലാതെ നിങ്ങൾക്കിതെഴുതാൻ സാദ്ധ്യമല്ല.''

''ഈ പറയുന്നതിന് എന്താണടിസ്ഥാനം?''

''മലയാളം ഒരു പിന്നോക്കഭാഷയാണ്,'' അദ്ദേഹം പറഞ്ഞു. ''അതിൽ 'ഹൈ വോൾട്ടേജ്''സാഹിത്യം ഉണ്ടാകുന്നുവെങ്കിൽ, അത് അനുകരണമാകാനേ സാധ്യതയുള്ളൂ.''

അധമ വിഷാദം. ഞാനിവിടെ കുറിയ്ക്കാനാഗ്രഹിയ്ക്കുന്നു, മലയാളം ഒരു പിന്നോക്കഭാഷയല്ല. ഒരു ഭാഷയും പിന്നോക്കഭാഷയല്ല. അതുപയോഗിക്കുന്നവരുടെ സ്വത്വബോധമില്ലായ്മയാണ് ആ ഭാഷയെ പിന്നോക്കഭാഷയാക്കുന്നത്. നമ്മുടെ പിന്നോക്കാവസ്ഥയ്ക്ക് നമ്മുടെ സാഹിത്യനായകന്മാരും അക്കാദമികളും കൂട്ടുനില്ക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് കേന്ദ്രസാഹിത്യ അക്കാദമിയുടെ കാര്യദർശിയായിരുന്ന വിഷ്ണു ഖരെ എന്നോടു പറഞ്ഞതോർക്കുന്നു, ''നമ്മുടെ കൃതികൾ പടിഞ്ഞാറിനെ അപേക്ഷിച്ച് ഇരുനൂറോ മുന്നൂറോ കൊല്ലം പുറകിലാണ്. നാമെത്ര ശ്രമിച്ചാലും നമുക്ക് എത്തിപ്പിടിയ്ക്കാൻ സാധ്യമല്ല.'' അക്കാദമിയുടെ വിദേശനയം!

നാം പടിഞ്ഞാറിനു പിന്നിലാകുന്നത് പടിഞ്ഞാറിൻെറ സങ്കല്പങ്ങൾക്കനുസൃതമായി സാഹിത്യരചന നടത്തുമ്പോഴാണ്. ഭാരതീയ ദർശനങ്ങളുടെ സമൃദ്ധിയിൽ ഊന്നിനിന്നുകൊണ്ട്, ഉപനിഷൽഗർവ്വത്തിൽ നാം

പറഞ്ഞേ തീരൂ, നാം പിന്നിലല്ല, മുന്നിലാണ്! നമ്മുടെ മിസ്റ്റിസിസത്തെ ഇന്തോ ആംഗ്ലിയന്മാർക്കും പടിഞ്ഞാറിനും മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ, നാം അവർക്കുവേണ്ടി നമ്മുടെ രചനയെ വെട്ടിച്ചുരുക്കുകയല്ല, അവരുടെ ശുഷ്കമായ അവബോധത്തെയോർത്ത് സഹതപിയ്ക്കുകയാണു വേണ്ടത്. ഒന്നുകൂടി പറയട്ടെ. വേദവും ഉപനിഷത്തും കമ്പോടു കമ്പ് പാരായണം ചെയ്തിട്ടാവരുത് നാമൊരു സാഹിത്യസംസ്കൃതിയിൽ എത്തിച്ചേരേണ്ടത്. പിന്നെയോ? പുൽപ്പറമ്പിലും അരയാലിലും വീഴുന്ന ദർശനത്തിൻെറ മഴയിൽനിന്നാവട്ടെ നമ്മുടെ സൃഷ്ടികൾ മുളപൊട്ടുന്നത്.

വെട്ടിൻെറയും തിരുത്തിൻെറയും ക്ലേശകരമായ വർഷങ്ങളിലേയ്ക്ക് ഞാൻ മടങ്ങട്ടെ. തിരുത്തുകൾ കഥയിലായിരുന്നില്ല. കഥാംശത്തിനു നേരിയ മാറ്റങ്ങൾ മാത്രം, എന്നാൽ, ഈ മാറ്റങ്ങൾ കഥയുടെ ഭാവപരിണാമം സമൂലമായി സാധിച്ചെടുക്കണം, ഭൗതികത്തിൽനിന്ന് ആദ്ധ്യാത്മികത്തിലേയ്ക്ക്. ഈ കടമയുടെ ഭാരിപ്പ് എന്നെ പലപ്പൊഴും നിഷ്ക്രിയനാക്കി. പോരെങ്കിൽ നോവലെഴുതാനുള്ള എൻെറ കഴിവിൽ ഗാഢമായ സന്ദേഹവും എനിയ്ക്കുണ്ടായിരുന്നു (നോവലിസ്റ്റെന്ന നിലയ്ക്കു മാത്രമല്ല, കാർട്ടൂണിസ്റ്റെന്ന നിലയ്ക്കും, രാഷ്ട്രീയ നിരൂപകനെന്ന നിലയ്ക്കും ഒക്കെ ഞാനീ സന്ദേഹങ്ങൾ ഇന്നും വെച്ചുപുലർത്തുന്നു). നിരാശയിൽ ഞാൻ സ്വയം ചോദിച്ചു, ''ഞാനീ നോവൽ തിരുത്തിയെഴുതുമോ?''

''ഇല്ല. നിനക്ക് കഥനപാടവമില്ല,'' എൻെറ ഉൾസ്വരം മറുപടി പറഞ്ഞു.

ഒരു കഥാമാലയായി പ്രസിദ്ധീകരിക്കുക, നിരാശയിൽ ഞാനങ്ങനെ തീരുമാനിച്ചു.എൻെറ ഗതികേടു കണ്ടു സഹതപിച്ച ഒരു സുഹൃത്ത് മറ്റൊരു പോംവഴി നിർദേശിച്ചു, ''താനിതിനെ ഒരു കൂട്ടം ചെറുകഥകളായി പ്രസിദ്ധീകരിയ്ക്ക്. ഏതായാലും അപ്പുക്കിളി ഒരു കഥയായി അടിച്ചു വന്നതല്ലേ?''

ഒരു ദുർബല നിമിഷത്തിൽ ഞാനങ്ങനെ ചെയ്യുമായിരുന്നേനെ. എന്നാൽ ഇതിഹാസത്തിനു വിധിച്ചത് മറ്റൊരവതാരമായിരുന്നു. സമൂഹരൂപിയായ ഒരു പുരോഗമന കഥയായിട്ടായിരുന്നു അതിൻെറ ആദ്യസങ്കല്പം. ഈ സങ്കല്പത്തെ നിരാകരിച്ചുകൊണ്ട് ഞാൻ വലിയ ഒരു തീരുമാനമെടുത്തു. കഥ രവിയിൽ നിന്നു തുടങ്ങണം, രവിയുടെ പാപബോധവും പുണ്യദാഹവും കൈകാര്യം ചെയ്യാൻ അങ്ങനെയേ പറ്റൂ. 1961ൽ ആദ്യത്തെ അദ്ധ്യായം പാടേ പുതുക്കിയെഴുതി. എന്നിട്ടും എൻെറ സന്ദേഹങ്ങൾക്ക് അറുതി വന്നില്ല.

അവിവാഹിതനായ ഞാൻ ന്യൂ രാജേന്ദ്രനഗറിൽ സാമാന്യം ഏകാന്തമായ ഒരു ഫ്ളാറ്റിൽ താമസിയ്ക്കുകയായിരുന്നു. വെൺമാടത്തിലിറങ്ങിനിന്നാൽ അകലെ മുൾക്കാടുകളുടെ ഒരു പെരുംപടർപ്പ്. ഞാൻ അതത്രയും ഇന്നും വ്യക്തമായി ഓർക്കുന്നു. കൃപാർദ്രമായ ഒരു സായാഹ്നത്തിൻെറ കഥയാണത്.

അന്ന് എന്നെ സന്ദർശിക്കാനെത്തിയ റേഡിയോ ന്യൂസ് റീഡർ പ്രതാപവർമ എന്നോടന്വേഷിച്ചു, ''തൻെറ നോവലെവിടെ?''

''ആകെ കുഴപ്പത്തിലാണ്.''

''നമുക്ക് ചില ഭാഗങ്ങൾ വായിച്ചുനോക്കാം, എന്താ?''

''വേണ്ട.''

''വേണ്ടെങ്കിൽ വേണ്ട.''

എന്തുകൊണ്ടോ പൊടുന്നനെ പറയാൻ തോന്നി, ''ഞാൻ ആദ്യത്തെ അദ്ധ്യായം പുതുക്കിയെഴുതിയിട്ടുണ്ട്. വേണെങ്കിൽ നമുക്കത് വായിച്ചുനോക്കാം.''

ഞാൻ വായിച്ചുതുടങ്ങി. കൂമൻകാവിൽ ബസ്സിറങ്ങി രവി ഖസാക്കിലേയ്ക്ക് വരുന്നത്. പ്രതാപൻ നിശ്ശബ്ദനായി കേട്ടുകൊണ്ടിരുന്നു. അദ്ധ്യായം തീർന്നപ്പോൾ അദ്ദേഹം കാണിച്ച പ്രതികരണകാരുണ്യം എനിയ്ക്ക് മറക്കാനാവില്ല, നഷ്ടപ്പെട്ട ധൈര്യം ഒരുപാടൊരുപാട് അതെനിയ്ക്കു തിരിച്ചുതന്നു.

പ്രതാപൻെറ വാക്കുകൾ ഞാനുദ്ധരിയ്ക്കട്ടെ, ''ഒരു സിംഫണി ഓർക്കെസ്ട്രപോലിരിയ്ക്കുന്നു.''

## 14. ബഹിരാകാശക്കപ്പലുകൾ

1956ൽ ഞാൻ ആ ഗ്രാമത്തിലെത്തുമ്പോൾ എൻെറ യുക്തിബോധത്തിന് പരുക്കേറ്റു കഴിഞ്ഞിരുന്നു. ആ പരുക്കുകളെയോർത്ത് ഞാൻ ലജ്ജിക്കുന്നുമില്ല. വിദൂരഗ്രഹമണ്ഡലങ്ങളിൽനിന്ന് പഴകിയ താളിയോലക്കെട്ടിലേയ്ക്ക് നിപതിച്ച ഇരുണ്ട വെളിച്ചങ്ങൾ, പാപത്തിനിരയായി മരിച്ചുപോയവരുടെ സരൂപഭേദങ്ങൾ ഇവയൊക്കെയായിരുന്നു എൻെറ യുക്തിയെ വശം കെടുത്തിയത്. പ്രപഞ്ചത്തിൻെറ മുമ്പിൽ യുക്തിയുടെ മൂടുപടമില്ലാതെനിന്ന് അമ്പരക്കുന്നതിൽ സംതൃപ്തിപ്പെടുവാനേ എനിയ്ക്ക് കഴിഞ്ഞുള്ളൂ.

ഖസാക്കിലെ ശാപബന്ധങ്ങളെ, ശാപമോക്ഷങ്ങളെ, ഉൾക്കൊള്ളാനുള്ള തയ്യാറെടുപ്പ് ഇതിനകം നടന്നുകഴിഞ്ഞിരുന്നു. 1950ൽ ഒരു രാത്രി ഞാനോർക്കുന്നു. പാലക്കാടു പട്ടണത്തിലുള്ള ഞങ്ങളുടെ വീടിൻെറ പൂമുഖത്തിരുന്ന് ഒരു പണിയ്ക്കരുകുട്ടി കവിടി നിരത്തി പ്രശ്നം വെയ്ക്കുകയാണ്. ചേരാമംഗലം അണക്കെട്ടിൽ അച്ഛൻ ഒരു കരാറെടുക്കാൻ ഒരുങ്ങിനിൽക്കുകയായിരുന്നു. ഞങ്ങൾക്ക് ജാതകനിലയറിയണം. ഹിതാനുസാരിയായി കാര്യങ്ങളവതരിപ്പിയ്ക്കാൻ പഠിച്ചിട്ടില്ലായിരുന്ന യുവജ്യോതിഷി ഇങ്ങനെ പറഞ്ഞു, ''ഇത് വേണ്ട. നഷ്ടം വരും.''

ഞങ്ങൾ നിശ്ശബ്ദരായി ഇരുന്നു, എന്തെങ്കിലും ഇളവു കിട്ടാൻ, എന്തെങ്കിലും പ്രതിവിധി കണ്ടെത്താൻ. പക്ഷേ, പണിയ്ക്കരുകുട്ടി ആവർത്തിച്ചതേയുള്ളു, ''വലിയ നഷ്ടം വരും.''

എൻെറ കുടുംബത്തിന് ജാതകത്തിൽ വിശ്വാസവും അവിശ്വാസവുമായിരുന്നു. ജ്യോതിഷി പറഞ്ഞത് ഞങ്ങളെ തെല്ല് അലോസരപ്പെടുത്തിയെങ്കിലും, സാമാന്യബുദ്ധി അതിൻെറ നഷ്ടപ്പെട്ട സംതുലിതാവസ്ഥ പിടിച്ചുപറ്റാൻ അധികം നേരമെടുത്തില്ല. പണിയ്ക്കരെ ദക്ഷിണ കൊടുത്ത് യാത്രയാക്കി. അയാൾ പോയശേഷം ഗ്രഹദേവന്മാരുടെ സാന്നിദ്ധ്യമില്ലാതെ ഞങ്ങൾ കരാറെടുപ്പ് ചർച്ചചെയ്തു. മൂലധനം പരിമിതം, എഞ്ചിനിയർമാർ പഴയ സുഹൃത്തുക്കൾ. നഷ്ടം വരാൻ ന്യായമില്ല. അങ്ങനെ അച്ഛൻ കരാറിൽ ചെന്നുചാടി.

ഒരു കൊല്ലംകൊണ്ട് കുടുംബത്തിൻെറ ആസ്തിയത്രയും അന്യാധീനമായി. പാലക്കാട്ടെ വീടു വിട്ട് പട്ടണത്തിൻെറ അതിർത്തിയിൽക്കിടന്ന ഒരവികസിത പ്രദേശമായ മണലിയിലേയ്ക്ക് 1951ൽ ഞങ്ങൾ താമസം മാറ്റി. പട്ടണത്തിലെ വീട് വിട്ടാൽ എവിടേയ്ക്കു മാറണമെന്ന് ആലോചിച്ച ഞങ്ങളോട് അമ്മയ്ക്ക് ഇത്രമാത്രമേ പറയാനുണ്ടായിരുന്നുള്ളു: ബന്ധുജനങ്ങളെയും സുഹൃത്തുക്കളെയും കാണേണ്ടിവരാത്ത ഒരിടത്തേയ്ക്ക്. അങ്ങനെയാണ്

സുമാർ ഒരേക്ര ഭൂമിയിൽ നിന്ന ആ കളപ്പുര ഞങ്ങൾ കണ്ടെത്തിയത്. വീടിനു ചുറ്റും അത്രയും പറമ്പുണ്ടായിട്ടും അതിൻെറ ഉടമസ്ഥന്മാർ കഴിഞ്ഞ കാലങ്ങളിൽ മരവും ചെടിയും വെച്ചുപിടിപ്പിയ്ക്കാൻ അറച്ചപോലെ തോന്നി. തരിശായിക്കിടക്കണമെന്ന് ആ പറമ്പിന് ശാഠ്യം, പറമ്പിൻെറ നടുക്ക് ഇടിഞ്ഞു പൊളിഞ്ഞ് കഴിഞ്ഞുകൂടണമെന്ന് ആ കളപ്പുരയ്ക്കു ശാഠ്യം. ഈ ശാഠ്യങ്ങൾ, ഈ വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ, ഏതോ വിധിനിർണ്ണയത്തിൻെറ പിന്നലും തുരടുമായി കാലത്തിൻെറ ഇരുൾച്ചയിലൂടെ നീണ്ടുകിടക്കുന്നത് ഞാൻ കാണുന്നു. ആ കയറുകൾ ഞങ്ങളെ ആ കളപ്പുരയിൽ തളച്ചിട്ടു.

ഒരു ജ്യോതിഷിയല്ല അതു പറഞ്ഞത്, അയൽക്കാരനായ ഒരു കാരണവരായിരുന്നു, ''ഈ സ്ഥലം നിങ്ങൾക്ക് വേണ്ടീര്ന്നില്ല.''

''എന്തേ?''

ശങ്കയോടെ, ''അല്ല, വേണ്ട.''

''പറയൂ.''

''അതോ,'' അയാൾ പറഞ്ഞു, ''ഇവടെ ഒരു ശാപണ്ട്.''

ഞങ്ങൾ ഒരു പിഴയും ചെയ്തിട്ടില്ലായ്കയാൽ ശാപത്തെക്കുറിച്ച് ഞങ്ങൾക്ക് ജിജ്ഞാസയിൽക്കവിഞ്ഞ് ഒന്നുമുണ്ടായിരുന്നില്ല.

''എന്തിനെച്ചൊല്ലിയാ ശാപം?'' ഞങ്ങൾ ചോദിച്ചു.

''ആർക്കും പിടീല്യ—''

എന്നോ കഴിഞ്ഞ കഥയുടെ അവ്യക്തശകലങ്ങൾ കാരണവർ ഞങ്ങളെ ധരിപ്പിച്ചു. ഒരു വിശ്വാസവഞ്ചനയുടെ കഥ, തീരാഖേദത്തിൽ അവിടെക്കിടന്നു മരിച്ച ഒരു മനുഷ്യൻെറ കഥ. പരേതൻെറ അസ്ഥികൾ ആ തൊടികയിലെവിടെയോ മണ്ണിനടിയിൽ കിടന്നു കയർക്കുന്നു.

ഈ കഥയെയും ഞങ്ങൾ അവഗണിച്ചു. സാമാന്യം പ്രസാദത്തോടെ തന്നെ ഞങ്ങൾ കളപ്പുരയിൽ പാർപ്പു തുടങ്ങി. ആദ്യത്തെ ആഴ്ചതന്നെ അസുഖകരമായ ഒരു സംഭവമുണ്ടായി. കൊച്ചുകുട്ടിയായിരുന്ന എൻെറ സഹോദരി ഉഷയുടെ കിടക്കയിലേയ്ക്ക് ഒരു രാത്രി മേൽത്തട്ടിൽ നിന്ന് ഒരു ചെറിയ കെട്ടുവരിയൻ പാമ്പ് വീണു. വിഷമുള്ള പാമ്പ്, അത്യാപത്ത്. എന്നാൽ, വീഴ്ചയുടെ അമ്പരപ്പിൽ പാമ്പ് അനങ്ങാതെ കിടന്നു. ഞങ്ങൾ കുട്ടിയെ മാറ്റി വിളക്കു തെളിച്ച് പാമ്പിനെ തച്ചു കൊന്നു. ശാപമുള്ള വീടായിരിക്കാം, എങ്കിലും ഈശ്വരൻ നമ്മെ രക്ഷിക്കും എന്ന് അമ്മ പറഞ്ഞു. ഈശ്വരൻ അരൂപിയായി, നിർഗുണനായി എങ്ങും നിറഞ്ഞു നിന്നു. എന്നാൽ, വേലികൾക്കപ്പുറത്തു നിന്ന് കന്മഷസാന്നിദ്ധ്യങ്ങൾ ഞങ്ങളുടെ രാത്രികളിലേയ്ക്ക് എത്തിനോക്കി. കളപ്പുരയ്ക്കു ചുറ്റും പരന്നുകിടന്ന പശിമയുള്ള മണ്ണിൽ ഒന്നും തന്നെ വിളയുന്നത് ഞങ്ങൾ കണ്ടില്ല. രാത്രികളിൽ ഓരോ പുതുമുളയെയും ഈ

സാന്നിദ്ധ്യങ്ങൾ നോക്കി തളർത്തിയെന്നു തോന്നി. ഈ അറിവ് ഞങ്ങളുടെ പകലുകളെ നിരുന്മേഷങ്ങളാക്കി.

ഗ്രാമീണ സമുദായങ്ങളുടെ പ്രാചീന സ്മൃതികളിൽ ശാപങ്ങളും ഖേദങ്ങളും കെട്ടിക്കിടന്നു. അതിൻെറ മുൾക്കാടുകളിലൂടെ ചവിട്ടി നടന്ന അശിക്ഷിതരായ മനുഷ്യർ കൊച്ചുകൊച്ചു യാഗങ്ങളിലൂടെ പോംവഴികൾ വെട്ടിത്തുറന്നു, പരിചിതങ്ങളായ ദൈവസങ്കല്പങ്ങളിൽ സുരക്ഷയും സ്വാസ്ഥ്യവും അറിഞ്ഞു. 1951ൽ, നഗരത്തിൻെറ കറപിടിച്ച എനിയ്ക്ക് മണലിയെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. മണലിയിൽ ഒരു പൂശാരിയുണ്ടായിരുന്നു. ആ പൂശാരിയെയും അയാളുടെ ഗ്രാമ്യദേവതയെയും പരിഹസിയ്ക്കാനാണ് എൻെറ വികലനാഗരികത എന്നെ പ്രേരിപ്പിച്ചത്. ആ പരിഹാസത്തിൻെറ കഥയായിരുന്നു ഒരു യുദ്ധത്തിൻെറ അവസാനം.[5] എങ്കിലും ആ പരിഹാസം എന്റെ അവസാന വാക്കായിത്തീർന്നില്ല. പക്ഷേ, സച്ചിദാനന്ദത്തിൻെറ കൊറ്റക്കുടയ്ക്കു കീഴിൽ പെരുകിനിന്ന ഉടമ്പടിയുടെ ചിഹ്നങ്ങളെ കണ്ടെത്താൻ ഖസാക്കുവരെ ചെല്ലേണ്ടിവന്നു.

> അന്തിവെളിച്ചത്തിലൂടെ നടക്കുമ്പോൾ രവി ഖസാക്കിൻെറ ഈശ്വരന്മാരെ കണ്ടു. ഇരുട്ടുകെട്ടിയ പള്ളിത്തളത്തിൽ, പള്ളിച്ചതുപ്പിൽ, പുളിങ്കൊമ്പിൽ, ചാൺ കവിയാത്ത സർപ്പശിലയിൽ, ചവിട്ടടിപ്പാതയുടെ വിജനതയിൽ, അങ്ങനെ ആ കാവൽപ്പടികളിൽ അവർ കുടികൊണ്ടു. ഞായറാഴ്ച കാവിൽ ചെല്ലുമ്പോൾ വിഷാദവാന്മാരായ അവരോട് ഒന്നും ചോദിയ്ക്കാനില്ല, ഒന്നും ആരായാനില്ല. കുട്ടാടൻ പൂശാരിയോട് സഹതപിയ്ക്കാനുമല്ല അവിടെ ചെല്ലുന്നത്. പിന്നെയോ? വീണ്ടും സ്വയം ചോദിച്ചു പോവുകയാണ്. ചോദ്യം അപാരമായ ഉത്തരത്തിൻെറ സന്നിധിയിൽ രവിയെ എത്തിച്ചു. അറ്റമില്ലാത്ത കരിമ്പനക്കാടുപോലെ, ഉദിയ്ക്കാത്തതുമസ്തമിയ്ക്കാത്തതുമായ സന്ധ്യപോലെ, പടർന്ന തൻെറ പാപത്തിൽ നൊടിനേരം അയാൾ ആബദ്ധനായി. തൂണിലും തുരുമ്പിലും കാവൽ നിന്ന ഈശ്വരന്മാർ അതിൻെറ ധന്യതയുടെ സാക്ഷികളായി.

മണലിയെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും മണലി ആ സമയമത്രയും എന്നെ ശിക്ഷണത്തിന് തയ്യാറെടുപ്പിയ്ക്കുകയായിരുന്നു. ശാപദൃശ്യങ്ങൾ, ഖേദദൃശ്യങ്ങൾ, എൻെറ അബോധതലങ്ങളിൽ അവയുടെ മുദ്ര പതിപ്പിച്ചു. ഞങ്ങളുടെ കടുംബത്തിൻെറ കഠിനശ്രമങ്ങളെല്ലാംതന്നെ ഒന്നൊന്നായി ഒരു യുക്തിയുമില്ലാതെ പരാജയപ്പെട്ടുതുടങ്ങി. അച്ഛനാകട്ടെ ഈ പരാജയകഥയിലെ കേന്ദ്രപാത്രവും. ഞങ്ങൾ, മുത്തച്ഛനും മുത്തശ്ശിയും അമ്മയും അനുജത്തിമാരും ഞാനും, കാഴ്ചക്കാർ. ഈ ദൃക്സാക്ഷിത്വത്തിൻെറ ദീർഘലക്ഷീണത്തിൽ മണലി രണ്ടനുഭവങ്ങൾ എനിയ്ക്കു തന്നു. അസ്തമയവും രാത്രിയും. കളപ്പുരയുടെ മുഖം പടിഞ്ഞാറോട്ടാണ്. പടിയ്ക്കലൂടെ ഒരു വെട്ടുവഴി. വെട്ടുവഴി മുറിച്ചാൽ ഒരിറക്കം, പിന്നെ കുളവും പാടങ്ങളും പറമ്പും, അതിനപ്പുറം കരിമ്പനകളും. കരിമ്പനകൾക്കപ്പുറം നഗരം, നഗരചക്രവാളത്തിൽ

സന്ധ്യയുടെ സിന്ദൂരക്കുറി. സിന്ദൂരം മങ്ങിക്കഴിഞ്ഞാൽ പിന്നെ കിഴക്കൻ കാറ്റിൻെറ രാത്രിയാണ്. തെക്കും പടിഞ്ഞാറുമുള്ള പറമ്പുകളിലൂടെ, കളപ്പുരയ്ക്കു പുറകിൽ ഒഴുകിയ തോടിൻെറ വരമ്പിലൂടെ, ദൂരെദൂരെ മനുഷ്യർ നടന്നു. പാതിരവരെ. തുണയറ്റ പഥികന്മാർ. രാക്കാറ്റിൽ അവർ ഈരച്ചൂട്ടുകൾ വീശി. സർപ്പഭയത്തെയും പ്രേതഭയത്തെയും അകറ്റാൻ. കാറ്റിൽ ചൂട്ട് തീനാളമായി. കാറ്റ് ശമിക്കുമ്പോൾ കണലായി. പഥികൻ ചുഴറ്റവേ വീണ്ടും ആളിപ്പിടിച്ചു.

ഒരു കഥാവിവരണത്തിലെ ബിംബങ്ങൾ എവിടെനിന്നു കണ്ടെടുത്തുവെന്ന് അന്വേഷിക്കുന്ന ഗവേഷകൻ തിരയേണ്ടത് സമാനകൃതികളിലല്ല, കാഥികൻെറ ആത്മകഥയിലാണ്. ഓരോ ബിംബത്തിൻെറ പിറവിയും തീവ്രമായ ദുഃഖമോ തീവ്രമായ ആനന്ദമോ അറിഞ്ഞിരിയ്ക്കും. അങ്ങനെയല്ലാത്ത രൂപകങ്ങൾ അന്യമായ അലങ്കാരവസ്തുക്കളായി മുഴച്ചു നില്ക്കുകയേയുള്ളു. ഈരച്ചൂട്ടുകൾ എന്നെ സംബന്ധിച്ചിടത്തോളം വിവരണത്തിൻെറ അംശങ്ങൾ മാത്രമായിരുന്നില്ല. അവ ആ കളപ്പുരയുടെ ശാപഭാരവും അച്ഛൻെറ വിഫലമായ അദ്ധ്വാനവും എൻെറ ദുഃഖസാക്ഷ്യവും ആയിരുന്നു. അവ എൻെറ ഉള്ളിൻെറ ദൂരങ്ങളിൽ നിന്നു പുറത്തു കടന്ന് മണലിയുടെ വെളിമ്പുറങ്ങളിൽ അലഞ്ഞു, വെളിമ്പുറങ്ങളും വിട്ട് വേനലിൻെറ ആകാശങ്ങളിലേയ്ക്ക് കടന്നു. പിതൃവാത്സല്യത്തിൻെറ ദുഃഖത്തിൽ നിന്ന് അകലാൻ വെമ്പുന്ന മകൻെറ പലായനത്തിന് അവ നൗകകളായി. കിഴവനായ സ്കൂൾ ഇൻസ്പെക്ടറിൽ സ്വപിതാവിനെ സങ്കല്പിക്കുന്ന രവിയുടെ ദൂരാവലോകനത്തിൽ ഈരച്ചൂട്ടുകൾ വീണ്ടും തെളിയുന്നത് അങ്ങനെയാണ്.

ഖസാക്കിൽ നിന്ന്:

ഈശ്വരാ, രവി പറഞ്ഞു. ഇപ്പോൾ ആ പദം അത്രയ്ക്ക് പരുഷവും നിരർത്ഥവുമായി തോന്നിയില്ല. എണീറ്റ് ഒരു ഗ്ലാസ്സു വെള്ളം കുടിച്ച് വീണ്ടും തിരികെ വന്നു കിടന്നു. വിയർത്തടങ്ങുന്ന പനിപോലെ ഓർമ്മകൾ രവിയെ തെല്ലു ശാന്തനാക്കിയിരുന്നു. പുറത്ത്, വിസ്തൃതിയുടെ ലഹരിയിൽ മുഴുകിയ രാത്രി. ഖസാക്കിലെ കരിമ്പനകളിൽ കാറ്റു പിടിച്ചു. ദൂരെ ദൂരെ, ഈരച്ചൂട്ടുകൾ മിന്നിമിന്നിക്കടന്നു പോയി. കണൽത്തുമ്പിൻെറ ചലനത്തിലൂടെ ഏതോ വ്യഥിതമായ സന്ദേശമാവർത്തിച്ചുകൊണ്ട് ബഹിരാകാശക്കപ്പലുകളെപ്പോലെ അവ രാത്രിയിൽ അകന്നകന്നു മറഞ്ഞു.

5 ‘വിജയന്റെ കഥകൾ’ എന്ന സമാഹാരത്തിൽ.

## 15. അമ്മയും നായികയും

ഖസാക്കിൻെറ ഇതിഹാസത്തിൽ പ്രേമബന്ധങ്ങളില്ലെന്ന് ആരോപിയ്ക്കപ്പെട്ടിട്ടുണ്ട്. ഒരു തലത്തിൽ ഇതു ശരിയാണ്, എന്നാൽ, ഒരു തലത്തിൽമാത്രം, ആ തലത്തിൽ ഇതിഹാസകഥ ക്ഷണികബന്ധങ്ങളുടെയും അസ്ഫുടപ്രണയങ്ങളുടെയും അഗമ്യാഗമനത്തിൻെറയും കഥയാണ്. രവി ഒരു പ്രണയകഥയിലെ നായകനല്ല, തനിയ്ക്കു തന്നെ ദുർഗ്രാഹ്യമായ ഒരു പ്രക്രിയയുടെ സാക്ഷിയാണ്. എന്നാൽ, ഇതിഹാസത്തിൽ ഗാഢമായ സ്നേഹങ്ങളുണ്ട്: രവിയുടെയും മാധവൻനായരുടെയും സൗഹൃദം, രവിയ്ക്ക് തൻെറ വിദ്യാർത്ഥികളോടുള്ള കടപ്പാട്, അപ്പുക്കിളിയുമായുള്ള ആത്മബന്ധം. നിസ്സാർത്ഥങ്ങളായ ഈ കെട്ടുപാടുകൾ കഥാഗതിയെ കരുണാമയമാക്കുന്നു. കാലത്തേയും നിലനിൽപിനേയും പാപത്തേയും തിരോധാനത്തേയും നേരിടുന്ന അന്വേഷകൻെറ ദുഃഖത്തിന് ഈ കാരുണ്യം പരിസ്ഥിതിയായിത്തീരുന്നു. ഇത് അസാധാരണമായ ഏതെങ്കിലുമൊരു കഥാപാത്രത്തിൻെറ മാത്രം വിധിയല്ല. ഈ പരിസ്ഥിതി അനുഭവിയ്ക്കാത്തവരായി ആരുംതന്നെയില്ല. താത്ത്വികനും പ്രക്ഷോഭകാരിയും ഗണിതശാസ്ത്രജ്ഞനും സാങ്കേതിക വിദ്വാനും വർത്തകനും കുറ്റവാളിയും എല്ലാം തന്നെ സന്ദേഹത്തിൻെറ ഒരു മുഹൂർത്തമെങ്കിലും നിത്യവും അറിയുന്നു. ഉറക്കത്തിലേയ്ക്ക് വഴുതി വീഴുമ്പോൾ അല്ലെങ്കിൽ നക്ഷത്രങ്ങളാളിക്കത്തുന്ന ആകാശത്തിലേയ്ക്കു നോക്കുമ്പോൾ.

ബാലമനസ്സുകൾക്കുപോലും ഈ അനുഭവം സ്വാഭാവികമാണ്. എനിയ്ക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോഴത്തെ ഒരു രാത്രി ഓർമ്മ വരുന്നു. ക്ളാരി എന്ന ക്യാമ്പിൽ. ഞങ്ങളുടെ വീടും തിണ്ണയും ആ തിണ്ണയിൽ അച്ഛനെ കാണാനായി കാത്തുനിന്ന പോലീസുകാരനും വീട്ടുമുറ്റവും മുറ്റത്തിനപ്പുറത്തെ മരങ്ങളും സ്വപ്നത്തിൻെറ നേരിയ ചന്ദ്രികയിൽ തെളിയുന്നു. അത്താഴത്തിന് നേരമായിട്ടില്ല. തിണ്ണയിൽ കളിച്ചു നിന്ന എന്നോട് പോലീസുകാരൻ കുശലം പറയുന്നു. സംഭാഷണത്തിനിടയ്ക്ക് ഞാൻ മുറ്റത്തേയ്ക്കോടി നൊടിനേരം ആകാശത്തേയ്ക്ക് നോക്കി വീണ്ടും തിണ്ണയിലേയ്ക്ക് ഓടിക്കയറി. ഇത്തിരി കഴിഞ്ഞ് ഞാൻ വീണ്ടും അങ്ങനെ ചെയ്തു. നാലോ അഞ്ചോ തവണ ആവർത്തിച്ചെന്നു തോന്നുന്നു. പോലീസുകാരൻ എൻെറ ഈ ചേഷ്ടകൾ കണ്ട് കൗതുകം പൂണ്ടു.

''കുട്ടി എന്താ ചെയ്യണേ?'' അയാൾ ചോദിച്ചു.

എന്തെന്നു പറയാനുള്ള വാക്കുകൾ അന്നെനിയ്ക്കുണ്ടായിരുന്നില്ല. എന്തന്നറിയാനുള്ള സ്ഫുടതയും. ആ സാഹസത്തെ വിവരിയ്ക്കാനുള്ള

വകതിരിവ് ഈ പതിറ്റാണ്ടുകൾക്കത്രയും ശേഷമാണ് എനിയ്ക്ക് കൈവന്നത്. ആറു വയസ്സായ കുട്ടി ആകാശവുമായി ഗൂഢമായ ഒരു മുഖാമുഖം നടത്തുകയായിരുന്നു. നേരിയ ചന്ദ്രികയിലും തെളിഞ്ഞു നിന്ന വലിയ നക്ഷത്രങ്ങളെ നോക്കി സമൃദ്ധമായ ഏതോ ഭയം അറിയുകയായിരുന്നു.
ആംഗലത്തിൽ ഈ ഭയത്തെ വിവരിയ്ക്കുന്ന ഒരു പദമുണ്ട്—ആങ്സ്റ്റ്' (Angst). ആകാംക്ഷ, അസ്തിത്വഭയം, പ്രതീക്ഷ, ദർശനം ഇവയൊക്കെയും ഈ ഭാവത്തിൽ ലയിച്ചിരിയ്ക്കുന്നു. 'ആങ്സ്റ്റ്' സൃഷ്ടിയാണ്.
ഖസാക്കിലെത്തുമ്പോഴേയ്ക്ക് ഈ തീവ്രഭാവത്തിന് പക്വത വരുന്നു. യുവാവായ രവി മനസ്സിൻെറ അകാലവാർദ്ധക്യത്തിൽ പരിക്ഷീണനാണ്. അയാൾ അച്ഛൻെറയും മുത്തച്ഛൻെറയും വൃദ്ധമുഖങ്ങളെ കണ്ടുകഴിഞ്ഞിരുന്നു. കിഴവൻെറ മുഖം, കിഴവിൻെറ തന്നെ മുഖം. നക്ഷത്രങ്ങളെ കണ്ടുകഴിഞ്ഞാൽ, ആ മുഖങ്ങൾ കണ്ടു കഴിഞ്ഞാൽ, പിന്നൊന്നും കാണാനില്ല. പിന്നൊന്നും അറിയാനില്ല. നക്ഷത്രത്തിനും മുഖത്തിനുമിടയ്ക്കുള്ള അറിവുകളത്രയും തുച്ഛകൗശലങ്ങൾ. ആ കൗശലങ്ങളിൽ മുഴുകി വ്യയം ചെയ്യുന്ന വ്യാവഹാരികജീവിതത്തിന് പ്രതിവിധി ഉറക്കം മാത്രം. ഉറക്കത്തിൻെറ വിതാനങ്ങളെ വേണ്ടത്ര തെളിവോടെ കൈകാര്യം ചെയ്യാനുള്ള കെൽപ് ഞാൻ ഖസാക്കിൽ നേടിയിട്ടില്ലായിരിയ്ക്കണം. ഒരു പക്ഷേ, പിന്നെയും ഒരു പതിനഞ്ചു കൊല്ലം ഖസാക്കിൻെറ പകർപ്പ് നീട്ടിക്കൊണ്ടുപോകേണ്ടിയിരുന്നു. പതിനഞ്ചു കൊല്ലം കഴിഞ്ഞാൽ പിന്നെയുമൊരു പതിനഞ്ചു കൊല്ലമെന്ന് തോന്നാവുന്നതേയുള്ളു. പക്വതയുടെ മൃഗതൃഷ്ണ!

താരാപഥത്തിൻെറ ഈ അനുഭവത്തെ വിവരിച്ച രണ്ടു വരികൾ ഇതിഹാസത്തിൻെറ കൈയെഴുത്തു പതിപ്പിൽ ഉണ്ടായിരുന്നു. ആ പതിപ്പ് വായിച്ച നിരവധി സുഹൃത്തുക്കളിൽ ഒരാൾ ആ വരികളിൽ അസ്വാസ്ഥ്യം കൊണ്ടു.

''ഇത് ഇത്തിരി ജാസ്തിയല്ലേ?'' അയാൾ ചോദിച്ചു.

''ആണോ?''

''അതെ. അതിഭാവുകത്വം.''

''ആയിരിയ്ക്കാം. പക്ഷേ കഥയിലുടനീളമുള്ളതല്ലേ ഈ അതിഭാവുകത്വം?''

''എന്നുവെച്ച് രക്ഷപ്പെടാൻ പറ്റുമോ? റിയലിസവുമായി എവിടെയെങ്കിലും ബന്ധം പുലർത്തേണ്ടേ?''

വേണമെന്ന് ഞാനും ഓർത്തുപോയി. എൻെറതന്നെ ഉൾസ്വരത്തെ അവഗണിച്ച്, എൻെറ സുഹൃത്തിൻെറ യുക്തിബോധത്തിന് ഞാൻ വഴങ്ങി.

''എന്തു ചെയ്യണം?'' ഞാൻ ചോദിച്ചു.

''പറഞ്ഞാൽ മുഷിയുമോ? സൃഷ്ടിയിൽ കൈകടത്തലായിരിയ്ക്കും അത്.''

''പറയൂ—''

''തിരുത്താൻ പറ്റില്ല.''
''പിന്നെയോ?''
''വെട്ടിക്കളയൂ.''
ഈ വരികളാണ് ഞാൻ വെട്ടിക്കളഞ്ഞത്.
''നീലയും ചുകപ്പുമായ നക്ഷത്രങ്ങൾ, അമൃതഭീതികളുടെ അനന്തൻ ചില ന്തികൾ, കുട്ടിയുടെ ഉറക്കത്തിലേയ്ക്ക് ഉറ്റുനോക്കി. അവനെ സ്വപ്നങ്ങൾകൊണ്ടു പുതപ്പിച്ച് അവ വീണ്ടും കറങ്ങിയകന്നു.'

ഈ താരസ്പർശമുണ്ടായവന് പിന്നെ മോചനമില്ല, വിജയസാഫല്യമില്ല. രവി അസ്ട്രോഫിസിക്സിൻെറ കൗശലങ്ങൾ വശമാക്കിത്തുടങ്ങുമ്പോഴാണ് അയാൾക്ക് ഈ ആദിമസ്മരണകൾ വീണ്ടുമുണ്ടാകുന്നത്. ആ പഠനവേളയിലാണ് അയാൾ ചിറ്റമ്മയുമായി പാപം ചെയ്തത്, അങ്ങേ മുറിയിൽ അഴിവിൻെറ പടവുകൾ ഇറങ്ങിയിറങ്ങിക്കടന്ന അച്ഛൻെറ സാമീപ്യത്തിൽ. ഈ അനുഭവം രണ്ടു വിരുദ്ധ ധ്രുവങ്ങളെ രവിയ്ക്ക് പ്രദാനം ചെയ്തു. നക്ഷത്രവും കിഴവൻെറ മുഖവും. അതിൻെറ ഡയലിറ്റിക്സ് നിഷ്ഠുരമായിരുന്നു, പരിഹാരമില്ലാത്തതും. രവിയ്ക്ക് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളു, പരിവ്രാജകൻെറ വിനീതപഥം.

സാമൂഹികമായ വിശകലനത്തിൽ ഇത് എസ്കെയ്പ്പിസ്റ്റിൻെറ പാതയാണെന്നത് ശരിതന്നെ. എഞ്ചിനീയറിംഗോ വൈദ്യശാസ്ത്രമോ പഠിച്ച് ജീവിതസാഫല്യങ്ങളിലേയ്ക്ക് പ്രതീക്ഷയോടെ നോക്കേണ്ട യുവതലമുറയ്ക്ക്, വർഗ്ഗസമരങ്ങൾ നയിയ്ക്കുന്ന യുവരാഷ്ട്രകാരന്, ഈ പാത ചേർന്നതല്ല. അണക്കെട്ടിലെ അതിഥിമന്ദിരത്തിലെ സമാഗമവേളയിൽ പത്മ രവിയെ ക്ഷണിയ്ക്കുന്നു:

> ''എൻെറ കൂടെ വരൂ, എനിയ്ക്ക് പ്രിൻസ്റ്റണിൽ ജോലിയുണ്ട്. രവിയ്ക്ക് പഠിപ്പു തുടരാം. ഗവേഷണം തുടരാം.''

''എന്തു ഗവേഷണം?''
''എന്നെ കളിയാക്കുകയാണോ, രവീ?''

പാരമാർത്ഥികലോകത്തിൽ കാലു കുത്തിക്കഴിഞ്ഞവന് പിന്നെ ഗവേഷണമില്ലെന്നു പറയാനുള്ള ദുരന്തസന്നദ്ധത ആ കനിവിൻെറ നിമിഷങ്ങളിൽ രവിയ്ക്കില്ലാതെപോയി. അതിലത്ഭുതവുമില്ല. സർവ്വസംഗപരിത്യാഗികൾക്കുപോലും ആ സന്നദ്ധതയുണ്ടായെന്നു വരില്ല. അപ്പോൾ ഇത്തിരി ഫലിതം അതിനെ സഹ്യമാക്കുന്നു..

എൻെറ സുഹൃത്ത് കാരശ്ശേരിയാണ്, ഈയിടെ സംഭാഷണവേളയിൽ, ഖസാക്കിലെ ഇരുട്ടിനെക്കുറിച്ച് സംസാരിച്ചത്. ഞാൻ നിവേദിച്ചത് സഹൃദയൻ സ്വീകരിച്ചുവല്ലോ, ഞാൻ ചരിതാർത്ഥനായി.

‘‘ആ ഇരുട്ട് ഒരമ്മയാണ്,’’ കാരശ്ശേരി പറഞ്ഞു.

അമ്മയായിത്തന്നെയാണ് ഞാൻ അതിനെ സങ്കല്പിച്ചതും എഴുതിയതും. അമ്മയിൽ അഭയം തേടാത്ത സന്തതിയില്ല, ഇരുട്ടിൽ അഭയം തേടാത്ത പ്രാണിയില്ല. യോഗത്തിൽ രമിയ്ക്കുന്നവനാകട്ടെ, ഭോഗത്തിൽ രമിയ്ക്കുന്നവനാകട്ടെ, സംഗത്തിൽ രമിയ്ക്കുന്നവനാകട്ടെ, സംഗ വിഹീനനാകട്ടെ, ഏതെങ്കിലുമൊരു മുഹൂർത്തത്തിൽ ഇരുട്ടിൽ തല ചായ്ക്കാൻ കൊതിച്ചിരിയ്ക്കും.

എന്നാൽ, ഖസാക്കിൽ ഇതു സംഭവിയ്ക്കുന്നത് ഖസാക്കിലെ നായികയുമായി ഐന്ദ്രിയസമൃദ്ധമായ വേഴ്ച പൂർത്തിയാക്കുന്നതിനുശേഷമാണ്. ആരാണീ നായിക? പ്രകൃതി. സരൂപിയും സമൃദ്ധയുമായ നാട്ടിൻപുറത്തിന്റെ ചൈതന്യദേവത. നഗരത്തിൽനിന്നും പരീക്ഷണശാലയിൽനിന്നും പലായനം ചെയ്തെത്തിയ രവി മതിവരുവോളം അവളെ അറിയുന്നു. അവളെ അറിയുമ്പോൾ അയാൾക്ക് നക്ഷത്രക്കുട്ടന്റെ യുവതാസിദ്ധികളാണ്. അറിഞ്ഞുകഴിയുമ്പോഴാകട്ടെ, അമ്മയുടെ മടിത്തട്ട്. പിന്നെ:

> ഈശ്വരാ, ഒന്നുമറിയരുത്. ഉറങ്ങിയാൽ മതി. ജന്മത്തിൽനിന്നു ജന്മത്തിലേയ്ക്കു തലചായ്ക്കുക. കാടായി, നിഴലായി, മണ്ണായി, ആകാശമായി വിശ്രമം കൊള്ളുക. അറിവിന്റെ കണ്ണുകൾ പതുക്കെ പൂട്ടി മിന്നിത്തുടിയ്ക്കുന്ന ബഹിരാകാശം കൈതപ്പൊന്തകളിലേയ്ക്കിറങ്ങി വന്ന് ഖസാക്കിലെ മിന്നാമിനുങ്ങുകളായി. ആ അനന്തരാശിയിൽ നിന്ന് ഏതോ സാന്ദ്രതയുടെ കിനിവുകൾ അയാളുടെ നിദ്രയിലിറ്റുവീണു. അവ ആ മനുഷ്യനെ സ്നാനപ്പെടുത്തി.

## 16. അമ്മയുടെ സന്തതികൾ, എൻെറ ഉടപ്പിറപ്പുകൾ

ഇരുട്ടമ്മയുടെ ഗർഭപാത്രം മഴക്കാടും മുൾത്തുറവയുമായിരുന്നു. അതിൽ നിന്ന് ഒരു പറ്റം നക്ഷത്രക്കുട്ടന്മാർ പിറവിയെടുത്തു. അവർക്ക് എട്ടു കിരണങ്ങളുണ്ടായിരുന്നു, കറുത്ത പ്രകാശത്തിൻെറ പാഷാണപദങ്ങൾ. പിറവിയുടെ ഗർവ്വത്തിൽ അവർ മുള്ളിലും മരക്കൊമ്പിലും ഏകാദ്ധ്യാപകവിദ്യാലയത്തിൻെറ മൺചുമരിലും കറുത്ത നക്ഷത്രങ്ങളായി ഉദിച്ചു നിന്നു. അവയ്ക്കിടയിൽ വഴിയമ്പലം തേടിയ ഏകാന്തസഹോദരൻെറ വ്യഥിതജാതകത്തിൽ കൈകടത്തി. ഖസാക്കിലെ ചിലന്തികൾ, ലോകത്തിലെങ്ങുമുള്ള ചിലന്തികൾ!

ഈ ചിലന്തിക്കഥ എൻെറ ചരിത്രാതീതത്തിലേയ്ക്ക് നീളുന്നു. അച്ഛൻ അമ്മയെ വേളികഴിച്ചുകൊണ്ടുവന്ന കാലം. അന്നും അച്ഛന് അരിയക്കോട്ടായിരുന്നു പോസ്റ്റിംഗ്. ക്യാമ്പിൻെറ കെട്ടിടങ്ങൾ പണിതീർന്നിട്ടില്ല. ക്യാമ്പിൻകുന്നിൻെറ ചെരിവിൽ അപ്പോഴും ശിക്കാരിയായ ഉണ്ണിക്കമ്മുമാപ്പിള പുലികളെ നായാടുകയാണ്. പുഴയ്ക്കക്കരെ ഉറുങ്ങാട്ടിരിമലയിൽ പ്രകൃതി പുലിക്കൃഷിചെയ്യുകയായിരുന്നു.

ആ വനഗർഭത്തിൽ, എലിക്കുഞ്ഞുങ്ങളുടെ സംഖ്യാസമൃദ്ധിയോടെ, പുലികൾ പിറന്നു പെരുകി, പുഴ നീന്തി ക്യാമ്പിൻ കുന്നിലേയ്ക്കു വന്നു. ആരേയും വേട്ടയാടാനല്ല. അന്വേഷണത്തിൻെറ പ്രാകൃത കൗതുകത്തിൽ. മാപ്പിളലഹളക്കാരെ നിർദ്ദയം വേട്ടയാടിയ പോലീസ് ജീവികളെ അറിയാനുള്ള ജിജ്ഞാസയിൽ.

ക്യാമ്പിലെ വീടുകൾ കെട്ടിത്തീരുന്നതുവരെ താഴ്വരയിൽ ഒരു വീട് വാടകയ്ക്കു വാങ്ങി അച്ഛനുമമ്മയും താമസിച്ചു. ഞാൻ അന്ന് ഗർഭസ്ഥശിശുവായിരുന്നു. ഗർഭത്തിലിരിയ്ക്കെത്തന്നെയാണ് അങ്ങാടിപ്പുറത്തുനിന്ന് കരുവാരക്കുണ്ടിലേയ്ക്കും കരുവാരക്കുണ്ടിൽ നിന്ന് അരിയക്കോട്ടേയ്ക്കും ഞാൻ സഞ്ചരിച്ചത്. കരുവാരക്കുണ്ടിൽ അരിയക്കോട്ടിനേക്കാൾ കനത്ത കാടുകളാണ്. ചലന്തികളായിരുന്നില്ല, പാമ്പുകളായിരുന്നു അവിടത്തെ പ്രധാന പ്രത്യക്ഷം. ഡി.എച്ച് ലോറൻസിൻെറ കാവ്യത്തിലെ പാമ്പുകൾ, കിണററുവക്കിലെ നീരുറവകൾ നക്കിക്കുടിയ്ക്കാൻ അലസമായണയുന്ന കൃഷ്ണസർപ്പങ്ങൾ. ജനാലയിലൂടെ ഇവയെ നോക്കിക്കണ്ട അമ്മ ഭയന്നില്ല, ഏതോ ഒരു പ്രാചീന ദൃശ്യത്തിൽ മുഴുകുക മാത്രമാണു ചെയ്തത്. പരീക്ഷിത്തിനെപ്പോലെ ഞാനും ഈ സർപ്പ സാന്നിദ്ധ്യം ഉൾക്കൊണ്ടു.

എന്നാൽ അരിയക്കോട്ടുവെച്ച് ചിലന്തിയുമായി അമ്മയ്ക്കുണ്ടായ അനുഭവം ഞെട്ടിയ്ക്കുന്ന ഒരേറ്റുമുട്ടലായിരുന്നു. ഗർഭാലസ്യത്തിൽ വിശ്രമിയ്ക്കുന്ന അമ്മയുടെ വയറ്റിലേയ്ക്ക് തട്ടിൽ നിന്ന് ഒരു വലിയ കറുത്ത ചിലന്തി പിടിയറ്റുവീണു. അടുത്ത നിമിഷം തട്ടിൽനിന്നുതന്നെ തെല്ലകലത്ത് അടർന്നു വീണ രണ്ടാമത്തെ ചിലന്തി അമ്മയുടെ നേർക്ക് പാഞ്ഞടുത്തു. മുത്തശ്ശി രണ്ടു ചിലന്തികളെയും തച്ചുകൊന്നെങ്കിലും അമ്മ തീവ്രമായ ഭയം അനുഭവിച്ചു. യുക്തിയുടെ ഭയമല്ല, ഏതോ ആദിമസംഹാരരൂപവുമായി ഏറ്റുമുട്ടിയതിന്റെ ഭയം. ഗർഭത്തിലിരുന്ന ഞാൻ ഈ ഭയം ഏറ്റുവാങ്ങി.

ചിലന്തി എന്നെ സംബന്ധിച്ചിടത്തോളം ഒരു മാസ്മരപ്രശ്നമായി. പിൽക്കാലങ്ങളിൽ ഞാൻ അതിനെക്കുറിച്ച് ഒരുപാടന്വേഷിയ്ക്കാനും പുസ്തകങ്ങൾ വായിയ്ക്കാനും ഇടയായി. ഈ ഫോബിയ അസാധാരണമല്ലത്രെ. ചിലന്തിയും തേളും നമ്മേക്കാൾ പ്രാചീനമായ വംശമാണ്. ചരിത്രാതീതയുഗങ്ങളിൽ അവർ ഇവിടെ പ്രതാപികളും അതികായന്മാരുമായി നടന്നിരിയ്ക്കണം. നരവംശത്തിൻെറ തുടക്കത്തെ പുച്ഛത്തോടെ വീക്ഷിച്ചിരിയ്ക്കണം. എന്നാൽ, പരിണാമത്തിൻെറ യുദ്ധത്തിൽ അവർ തോറ്റു. തൻെറ രൂപത്തിൽ അവരെ സൃഷ്ടിച്ച ആദിമദേവത ദേവസ്മൃതികളുടെ പ്രേതഭൂമിയിലെവിടെയോ നിലം പറ്റി.

ഒരന്ത്യസംഘർഷമില്ലാതെയാവില്ല അവർ തോറ്റു മടങ്ങിയത്. കോടാനുകോടി കൊല്ലം മുമ്പുള്ള എൻെറ ജനിതക പൂർവ്വികനെ ഒരു ചിലന്തി നായാടിയിരിയ്ക്കണം. ആനയോളം പോന്ന ചിലന്തിയും എൻെറ ആദിപിതാവായ ഏതോ ചെറുപ്രാണിയും! ആ ഭയവും പേറി ഗർഭത്തിലിരിയ്ക്കുന്ന എൻെറ മേൽ കാലം ആ പഴയ നായാട്ടിനെ ആവർത്തിയ്ക്കുകയായിരുന്നു.

ഞാൻ ചിലന്തിയെ ഭയപ്പെടുന്നെങ്കിലും അവൻെറ നഷ്ടഗോപുരങ്ങളെ ആദരിയ്ക്കാൻ മറന്നിട്ടില്ല. കൃശമായിത്തീർന്ന അവൻെറ ശരീരത്തിൽ ഒരു യുഗാസ്തമയത്തിൻെറ ഗാംഭീര്യം ഇന്നും തെളിയുന്നു. അങ്ങനെയാണ് രവി ചിലന്തിയുടെ പ്രതീകത്തിൽ തന്റെ പിതൃസ്മൃതിയെ സംക്രമിപ്പിച്ചത്. പരിണാമയുദ്ധത്തിൻെറ നിഷ്ഠുര യുഗങ്ങൾ രവിയും ചിലന്തിയും പിന്നിട്ടു, ഇനിയുമെത്രയോ കാലങ്ങൾ പിന്നിടാനിരിയ്ക്കുന്നു. ഖസാക്കിലെ വിദ്യാർത്ഥികൾ രവിയ്ക്കുവേണ്ടി ചിലന്തിയെ നായാടി. കുഞ്ഞാമിന ചില ന്തിയുടെ വംശകഥ ചെവിക്കൊണ്ടു. അപ്പുക്കിളി ചത്ത ചിലന്തിയെ ഊതിയൂതി ഉയിർത്തെഴുന്നേല്പിയ്ക്കാൻ നോക്കി.

ഈ പരിണാമയുദ്ധത്തിൽ നാം എന്തു നേടി? ജനിതകധാരയുടെ നൈസർഗ്ഗികജ്ഞാനങ്ങളെ കൈവിട്ട് ജന്മവാസനകളെ യന്ത്രോപകരണ ങ്ങൾക്ക് അടിയറവെച്ച് നാം ഇന്നു കഴിയുന്നു. ജീവൻെറ മുക്തി ചിലന്തിയുടെ യുഗത്തിലാകട്ടെ, മനുഷ്യൻെറ യുഗത്തിലാകട്ടെ, ദുഃഖസമസ്യയായി

അവശേഷിയ്ക്കുന്നു. ഈ വിഷാദത്തിലാണ് ചുമരിലെ ചിലന്തിയും കിടക്കയിൽക്കിടന്ന മനുഷ്യനും, പിതാവും പുത്രനും, ഖസാക്കിലെ ഏകാദ്ധ്യാപകവിദ്യാലയത്തിൽ പരസ്പരം നേരിടുന്നത്.

ഖസാക്കിലെ മൂലഗ്രാമത്തിൽ, അവിടത്തെ സ്ഥൂലരൂപങ്ങൾക്കിടയിൽ, കണ്ടുമുട്ടിയവരായിരുന്നില്ല ഈ ചിലന്തികൾ. പ്രാചീന യുഗങ്ങളിൽ നിന്ന് ജപിച്ചുവരുത്തി ഞാനവയെ എൻെറ ഇതിഹാസഭൂമിയിൽ പെരുകാൻ വിട്ടതായിരുന്നു. എന്നാൽ, ഇതിഹാസത്തിൻെറ തിരുത്തിയെഴുത്തിനിടയ്ക്ക് ചിലന്തികൾക്കിടയിൽ ഒരു മൂന്നു മാസം കഴിച്ചുകൂട്ടാൻ ഇടയായി. 1961ൽ ശങ്കേർസ് വീക്കിലിയിൽനിന്ന് അവധിയെടുത്ത് തിരുത്തിയെഴുത്തു തുടരാൻ ഞാൻ കുലു താഴ്വരയിൽ പോയി താമസിച്ചു. കുലുവിനുമപ്പുറത്ത്, മണാലിയ്ക്കുമപ്പുറത്തു കിടന്ന വസിഷ്ട് എന്ന ഹിമാലയൻ ഗ്രാമം. അവിടെ എൻെറ സുഹൃത്തും കവിയുമായ ഗോപാലശർമ്മൻെറ സഹോദരൻ ശ്രീശർമ്മൻ ഒരു കുലുവൻ സുന്ദരിയെ കല്യാണം കഴിച്ച് കൃഷിക്കാരനായി കഴിയുകയായിരുന്നു. കുന്നിൻചെരിവിൽ ഒറ്റപ്പെട്ടുകിടന്ന ഒരു കോട്ടേയ്ജ് ശ്രീയുടെ മാദ്ധ്യസ്ഥത്തിൽ എനിയ്ക്ക് താമസിയ്ക്കാൻ കിട്ടി. അതിന്റെ വരാന്തയിലിരുന്നാൽ കൺമുമ്പിൽ ചെങ്കുത്തായ ഇറക്കം. ഇറക്കത്തിൻെറ പച്ചപ്പടർപ്പിൽ ഹിമാലയത്തിൻെറ ചൂടില്ലാത്ത വെയിലിൽ, ചിലപ്പോൾ ചിലപ്പോൾ പ്രത്യക്ഷപ്പെടുന്ന കുലുവൻ സുന്ദരിമാർ. കുന്നിൻചെരിവ് താഴ്വര തൊടുന്നേടത്ത് കയർത്തൊഴുകുന്ന ബിയാസ് നദി. അതിൻെറ ഓരം ചേർന്ന് ലാഹൂളിലേയ്ക്കും സ്പിത്തിയിലേയ്ക്കും പോകുന്ന വഴിത്താര. അതിലൂടെ നീങ്ങുന്ന കോവർ കഴുതകൾ, ഒരു പ്രാർത്ഥനപോലെ കുന്നിൻമുകളിൽ കേൾക്കായ അവയുടെ കുടമണിയൊച്ച. അതിനൊക്കെയുമപ്പുറം ഹിമരേഖകൾ വെള്ളിപോലെ മിന്നിയ മലനിര. ആ വരാന്തയിലിരുന്നുകൊണ്ട് ഞാൻ എൻെറ തിരുത്തിയെഴുത്ത് തുടർന്നു.

ഒന്നുരണ്ടു ദിവസം വിശേഷിച്ചൊന്നും സംഭവിച്ചില്ല. പിന്നെ ഒരു ചാറ്റു മഴ പെയ്തു. അന്നു വൈകുന്നേരം വരാന്തയിൽ പാവിയ കറുത്ത കൽത്തളികകളുടെ വിടവിൽ നിന്ന്, തിരിച്ചുവരുന്ന മഹാബലിയെപ്പോലെ ഒരാദിരൂപം പൊങ്ങിവരുന്നതു ഞാൻ കണ്ടു. ഞൊറിച്ചു പിടിച്ച എട്ടുകാലുകളുടെ കൊറ്റക്കുടയ്ക്കു കീഴിൽ കുടവയറ് ഞാത്തിത്തൂക്കിയ ഒരു വലിയ ചിലന്തി. പിന്നെ മറ്റൊന്ന്, പിന്നേയും മറ്റൊന്ന്! ഞാൻ ശ്രീയുടെ കളത്തിലേയ്ക്കോടി. എന്തു സംഭവിച്ചുവെന്ന് എൻെറ സുഹൃത്തിനെ മനസ്സിലാക്കാൻ കുറേ സമയമെടുത്തു. പ്രശ്നത്തിൻെറ രൂപം പിടികിട്ടിയപ്പോൾ ശ്രീയും ഭാര്യയും ഒരുപാടു ചിരിച്ചു.

''അവ കടിയ്ക്കില്ലല്ലോ,'' ശ്രീയുടെ ഭാര്യ പറഞ്ഞു. ''പിന്നെന്തിന് പേടിയ്ക്കുന്നു?''

കോടാനുകോടി കൊല്ലം പഴക്കമുള്ള ജനിതകയുദ്ധത്തെക്കുറിച്ച്, പരീക്ഷിത്തിനെപ്പോലെ ഞാൻ കണ്ടുമുട്ടിയ അരിയക്കോടൻ ഊറാമ്പുലിയെക്കുറിച്ച്, അവരോട് എന്തു പറയാനാണ്? സന്ധ്യയാകുന്നു. ഉറങ്ങാൻ കോട്ടേയ്ജിൽ തിരിച്ചുചെല്ലണമെങ്കിൽ ചിലന്തികളെ തച്ചുകൊന്നുതരണമെന്ന് ഞാൻ ശ്രീയോട് അപേക്ഷിച്ചു. കൊല്ലാൻ സമ്മതിയ്ക്കില്ലെന്നായി ശ്രീയുടെ ഭാര്യ. അവർ ഒരു ബ്രാഹ്മണ സനാതനിയായിരുന്നു. പ്രശ്നത്തിന് പരിഹാരമില്ലാതെ ഞാൻ അന്നു രാത്രി ശ്രീയുടെ വീട്ടിലുറങ്ങി.

പിറ്റേന്ന്, ഭാര്യയെ അറിയിയ്ക്കാതെ, ശ്രീ കോട്ടേയ്ജിൽ വന്നു ചിലന്തികളെ കൂട്ടക്കൊല നടത്തി. കീടനാശിനിയും തടിച്ച തവിട്ടുകടലാസും പശയും സജ്ജമാക്കി. കോട്ടേയ്ജിൻെറ പ്രധാന മുറിയിൽ ഉള്ള വിടവുകളത്രയും കടലാസുവെച്ചടച്ചു. സന്ധ്യയ്ക്കു മുമ്പേ കീടനാശിനി തളിച്ച് ചില്ലുവാതലും ജനലും കൊട്ടിയടച്ച് ഞാൻ കിടക്കയിൽ കയറിയിരുന്നു. കൂട്ടിന് ബോധ്റാം എന്നു പേരുള്ള ഒരു വേലക്കാരനും.

ചിലന്തികൾ മുറിയ്ക്കകത്തു കയറിയില്ല. ഗോപുരങ്ങളെപ്പോലെ പുറത്തേയ്ക്കുന്തിനിന്ന ചില്ലുജാലകങ്ങളിലൂടെ രാത്രിയിലേയ്ക്ക് ടോർച്ചടിച്ചു നോക്കിയാൽ പുറത്തെ പാറയിലും മതിലിലും എണ്ണമറ്റ ചിലന്തികളുടെ വലിയ കണ്ണുകൾ രത്നങ്ങളെപ്പോലെ തിളങ്ങുന്നതു കാണാമായിരുന്നു.

കുലുവൻ മലഞ്ചെരുവിലൂടെ നടത്തിയ ദീർഘമായ പ്രഭാതയാത്രകളിലൊന്നിലാണ് എന്റെ അനുഭവത്തിലെ ഏറ്റവും വലിയ ചിലന്തിയെ ഞാൻ നേരിട്ടത്. വഴിവക്കിൽ ചവറ്റിലകളിൽ എന്തോ ഒരു ജീവി ചുര മാന്തുന്ന ശബ്ദം കേട്ട് ഒരു പാറക്കെട്ടിനടിയിലേയ്ക്ക് ഞാൻ ചാഞ്ഞു നോക്കി. ഒരാമയുടെ വലിപ്പമുള്ള, കറുത്ത മിനുസമായ തോടുള്ള, ഒരു ചിലന്തി എന്നിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിയ്ക്കുന്നു. എന്തുകൊണ്ടോ ഭയമല്ല അപ്പോൾ തോന്നിയത്, ഭക്തിയായിരുന്നു. പിതാമഹ, ഭീഷ്മാചാര്യ, ഞാൻ പറഞ്ഞു, നമ്മുടെ യുദ്ധം കഴിഞ്ഞുവല്ലോ!

ചിലന്തിയും ഞാനും മുഖത്തോടു മുഖം നോക്കി കുറെ നേരം നിന്നു. ഒരു വശത്ത് ബിയാസിന്റെ താഴ്‌വര, മറുവശത്ത് ചെങ്കുത്തായ മലമുടി, ശിവശീർഷത്തിൽനിന്നെന്നപോലെ പൊട്ടിച്ചിതറിയൊഴുകുന്ന കാട്ടരുവി. എങ്ങും നല്ല ഹൈമവതഭൂവിന്റെ ശാന്തി.

ആ മുഖാമുഖം ഞാൻ ഇന്നും സ്മരിയ്ക്കുന്നു, സാത്വികസാമീപ്യം.

## 17. പഞ്ചവർണ്ണക്കിളി

ഖസാക്കിലെ പച്ചപ്പനന്തത്ത, മാധവൻനായരുടെ 'ഖകം, ഓർമ്മയുടെ തുടക്കം മുതൽക്കേ എന്റെ തലയ്ക്കുമേൽ ചിറകടിച്ചു പാറിയവനാണ്. അമ്മയുടെ ആദ്യ ശാസനങ്ങളിൽ ഈ ഭീഷണിയും ഉൾപ്പെടുമായിരുന്നു, നീ ഇങ്ങനെ കൊഞ്ചിയാൽ അപ്പുക്കിളിയാവ്വം.''

നമഃശിവായം ചൊല്ലിപ്പഠിപ്പിയ്ക്കുമ്പോൾ ശിവനാരെന്ന് അന്വേഷിയ്ക്കാൻ മുതിരാത്തതുപോലെ അപ്പുക്കിളിയാരെന്ന് ചോദിയ്ക്കാനും ഞാൻ മുതിർന്നില്ല. അപ്പുക്കിളി ക്ഷീണം തീർക്കാൻ എന്റെ ചുമലിൽ ഇരുന്നു, ഞാനുറങ്ങുമ്പോൾ എന്റെ കട്ടിലിന്റെ കൊതുകുവലത്തട്ടിൽ ചേക്കയേറി. ചിലപ്പോഴൊക്കെ ഈ ഖഗാസ്ത്രത്തെ ഞാൻ എന്റെ പ്രതിയോഗികളുടെ നേർക്ക് തൊടുത്തുവിട്ടു. ഞങ്ങളുടെ അയൽവാസിയായിരുന്ന കൃഷ്ണപ്പണിയ്ക്കരമ്മാവന്റെ മകൾ സരോജിനിയ്ക്ക് എന്നേക്കാൾ നാലു വയസ്സ് പ്രായമാണ്. എനിക്ക് ആറും അവൾക്ക് പത്തും. എന്നാൽ, അമ്മയോളം വളർച്ചയെത്തിയ ഒരു സ്വരൂപമായാണ് ഞാൻ സരോജിനിയെ കണ്ടത്. അത്രയും വലിയ ഒരു പെണ്ണിനെ എതിർക്കാൻ എനിയ്ക്ക് ധൈര്യം തന്നത് കൈവശമുള്ള ഈ അസ്ത്രമായിരുന്നു. വാക്തർക്കത്തിൽ തോൽക്കാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു, സരോജിനിച്ചേച്ചി അപ്പുക്കിളിയാവ്വം.''

ക്യാമ്പിലെ കുട്ടികളായ ഞങ്ങൾ മറ്റൊരു പക്ഷിബാധയിൽനിന്ന് രക്ഷപ്പെട്ടത് ആയിടയ്ക്കായിരുന്നു. ഞങ്ങളുടെകൂടെ കളിയ്ക്കാനെത്തുന്ന സാമാന്യം മുതിർന്ന ഒരു കുട്ടിയായിരുന്നു കുഞ്ഞുണ്ണി, നാരായണമേനോന മ്മാവന്റെ ചാർച്ചക്കാരൻ. തരം കിട്ടുമ്പോഴൊക്കെ കുഞ്ഞുണ്ണി ഞങ്ങളെ തനിയെ വിളിച്ച് പ ക്ഷിയാക്കിവിടുമെന്ന് ഭീഷണിപ്പെടുത്തുക പതിവായിരുന്നു. പോരെങ്കിൽ അമ്മയോടു പറയരുതെന്ന വിലക്കും. അമ്മമാരോടു പറയാൻ ധൈര്യപ്പെടാതെ കുഞ്ഞുണ്ണിയുടെ ആധിപത്യത്തിൽ ഞങ്ങൾ കഴിഞ്ഞുകൂടി. അവസാനം ഞങ്ങളിലാരോ ഒരാൾ തന്റെ അമ്മയോടു പറയുകയും, കുഞ്ഞുണ്ണി പിടിയ്ക്കപ്പെടുകയും ചെയ്തു. നാരായണമേനോനമ്മാവന്റെ ചൂരൽ പ്രയോഗത്തോടെ കുഞ്ഞുണ്ണിയുടെ മന്ത്രശക്തി അവസാനിച്ചു. ചൂരൽപ്രയോഗം കഴിഞ്ഞിട്ട് ഏതാനും ദിവസങ്ങളായിട്ടേയുള്ളു. അപ്പോഴാണ് അവൾ അപ്പുക്കിളിയാവുമെന്ന് ഞാൻ സരോജിനിയോടു പറയുന്നത്. സരോജിനി അമ്പരന്നു. പ്രാണഭയത്തിൽ അവൾ എന്റെ ചെവി ഞെരടി. ഞാനവളുടെ കൈത്തണ്ടയിൽ കടിച്ചു ചോര വരുത്തി.

ചോര വന്നതോടെയാണ് കുറ്റം മുതിർന്നവരുടെ മുമ്പിലെത്തിയത്. സരോജിനിയുടെ അമ്മ എന്റെ അമ്മയോട് ചോദിച്ചു, എന്താ കമലാഷ്യേമ്മേ

ഈ അപ്പുക്കിളി?''

അമ്മയുടെ മറുപടി ഞാൻ കേട്ടില്ല, അമ്മമാർ ചിരിച്ചു സല്ലപിയ്ക്കാനിരുന്നതേ ഓർമ്മയുള്ളു.

നമഃശിവായ മന്ത്രത്തിലെ ശിവനെപ്പോലെ എന്റെ സ ന്തതസഹചാരിയായിരുന്ന ഖഗസ്വരൂപന്റെ ചരിത്രം അറിയുന്നത് വർഷങ്ങൾ കഴിഞ്ഞാണ്. മുത്തച്ഛൻ വിക്ടോറിയ കോളേജിൽ പഠിച്ചിരുന്ന കാലത്ത് കോളേജിലെ തോട്ടപ്പണി നോക്കിയിരുന്ന ഒരു കുടുംബമുണ്ടായിരുന്നു. അതിലെ ഒരംഗമായിരുന്നു അപ്പുക്കിളി. പേർ അപ്പുക്കിളിയെന്നുതന്നെ. അഞ്ചമ്മമാരുടെ മകൻ, പൊട്ടൻ, കൊഞ്ഞൻ. വിദ്യാർത്ഥിയായിരുന്ന മുത്തച്ഛൻ അയാളെ കാണുമ്പോൾ അപ്പുക്കിളിയ്ക്ക് നാല്പതോ നാല്പത്തഞ്ചോ വയസ്സുണ്ട്. ഖസാക്കിലെ അപ്പുക്കിളിയെപ്പോലെയല്ല രൂപവും പ്രകൃതവും. കാഴ്ചയ്ക്ക് അംഗ വൈകല്യമില്ലാത്ത മനുഷ്യൻ. മാനസികമായ വയസ്സ് ഒരു കുട്ടിയുടേതാകയാൽ ഈ വലിയ മനുഷ്യനായ അപ്പുക്കിളി കുട്ടികളുടെ കൂടെ തുമ്പി പിടിച്ചു കളിച്ചുവെന്നു മാത്രം. കോളേജിൻെറ പരിസരങ്ങളിൽ അപ്പുക്കിളി അന്ന് ഒരു പരിചിതസാന്നിദ്ധ്യമായിരുന്നുവത്രെ. ഞാൻ കോളേജിൽ പഠിയ്ക്കുമ്പോഴും തോട്ടപ്പണി നോക്കിയിരുന്നത് അപ്പുക്കിളിയുടെ കുടുംബക്കാർ തന്നെയായിരുന്നു. ഗാർഡനർ മുത്തുവേട്ടൻ എൻെറ ഇതിഹാസ ശൃംഖലയിൽ എത്രകണ്ട് വിലപ്പെട്ട ഒരു കണ്ണിയായിരുന്നുവെന്ന് ഞാൻ അന്ന് മനസ്സിലാക്കിയിരുന്നില്ല.

ഖസാക്കിൻെറ ഇതിഹാസം മനസ്സിൽ രൂപം കൊള്ളുന്നതിന് എത്രയോ മുമ്പുതന്നെ അപ്പുക്കിളിയെക്കുറിച്ച് ഒരു കഥയെഴുതാൻ ഞാൻ തുനിഞ്ഞിരുന്നു. പരുക്കനായ ഒരു ഫലിതകഥ. ഭാഗ്യമെന്നു പറയട്ടെ, ആ കഥ മുഴുമിയ്ക്കപ്പെട്ടില്ല, അതിൻെറ കുറിപ്പുകൾപോലും നഷ്ടപ്പെട്ടുപോയി. 1956ൽ എഴുതിത്തുടങ്ങിയ ഇതിഹാസത്തിൻെറ ആദ്യരൂപത്തിലും അപ്പുക്കിളി ഫലിത കഥാപാത്രമായിരുന്നു. അതിൻെറ പരിവർത്തനരഥ്യ ഞാൻ നേരത്തേ സൂചിപ്പിച്ചുവല്ലോ.

പക്ഷേ, അപ്പുക്കിളിയെ സംബന്ധിക്കുന്ന രണ്ടു പ്രധാന സത്യങ്ങൾ ഇവിടെ കണക്കിലെടുക്കണമെന്നു തോന്നുന്നു. ഒന്ന്, അപ്പുക്കിളിയെന്ന പേർ ഒരു കഥാകൃത്തിനും സൃഷ്ടിച്ചെടുക്കാൻ സാദ്ധ്യമല്ല. രൂഢിയായ ഒരു ശബ്ദരൂപമാണ് അത്. അപ്പുക്കിളി മുന്നേ സൃഷ്ടിക്കപ്പെട്ടിരുന്നു. കഥാകൃത്ത് അവനെ തേടിപ്പിടിയ്ക്കാൻ, അവനെ പ്രാപിക്കാൻ, അർഹനാകുക എന്നതായിരുന്നു പ്രശ്നം. രണ്ട്, ഭൗതികമായ വാർപ്പിൽനിന്ന് ഭൗതികേതരമായ മറ്റൊരു വാർപ്പിലേയ്ക്കുള്ള ഇതിഹാസ സംക്രമണത്തിൻെറ സചിത്രത അപ്പുക്കിളിയിലാണ് ഏറ്റവുമധികം തെളിയുന്നത്. പക്ഷേ, അപ്പുക്കിളിയുടെ മിസ്റ്റിക്കൽ ഫ്രെയ്മം പൊടുന്നനെ ഉരുത്തിരിഞ്ഞിരിയ്ക്കാൻ സാദ്ധ്യതയില്ല. അപ്പുക്കിളിയെ ഫലിതപാത്രമായി സങ്കല്പിയ്ക്കുമ്പോഴും പിന്നീട്

മായികരൂപമായി പുതുക്കുമ്പോഴും, ആ ദശാന്തരങ്ങളിലത്രയുംതന്നെ, എൻെറ കുട്ടിക്കാലത്തെ പഞ്ചവർണ്ണക്കിളി ഉപബോധ മനസ്സിൽ ചേക്കയിരുന്നിരിയ്ക്കണം. വളർച്ചയെത്തിയ മനുഷ്യൻെറ അത്ഭുതങ്ങളേക്കാൾ ഗൂഢവും സമ്പന്നവുമാണ് കുട്ടിയുടെ അത്ഭുതങ്ങൾ.

അങ്ങനെ, എൻെറ കുട്ടിക്കാലത്തുനിന്നേ ഞാൻ അപ്പുക്കിളിയുടെ ആവിർഭാവത്തിന് തയ്യാറെടുക്കുകയായിരുന്നു. പിൽക്കാലങ്ങളിൽ അപ്പുക്കിളിയ്ക്ക് ഒരു തിയോളജി കൈവരുകയുണ്ടായി. പുസ്തകവൈമുഖ്യത്തിന്റെ ദൈവശാസ്ത്രം. ഞാൻ എന്നും ഒരു പുസ്തകപ്രേമിയായിരുന്നില്ല. എന്നാൽ, അങ്ങിങ്ങ് കണ്ണിൽപ്പെട്ട, മനസ്സിൽ ഊന്നിയ, വാക്കുകളും വരികളും എന്നെ ഗാഢമായി സ്വാധീനിച്ചിരുന്നു. ഇന്നും സ്വാധീനിയ്ക്കുന്നു. ഒരു മഹാഗ്രന്ഥം ധ്യാനിച്ചു തുറക്കുമ്പോൾ, നിമിത്തങ്ങളറിയാൻ രാമായണം തുറക്കുന്നതുപോലെ തുറക്കുമ്പോൾ, ഈ വാക്കോ വരിയോ കണ്ണിൽപ്പെടുന്നു. ഗുരുസന്ദേശമാണ് അത്. അതു കിട്ടിക്കഴിഞ്ഞാൽ ഗ്രന്ഥത്തിന്റെ ആവശ്യം കഴിഞ്ഞു. ഞാൻ കമ്പോടുകമ്പു വായിച്ച ഗ്രന്ഥങ്ങളുടെ എണ്ണം നന്നേ കുറയും.

ഒരപ്പുക്കിളിയായാണ് ഞാനെന്റെ കലാലയജീവിതത്തിലൂടെ കടന്നുപോയത്. എന്റെ അദ്ധ്യാപകരുടെ പ്രഗല്ഭ വചനങ്ങൾ ഒരു കാതിലൂടെ കടത്തി മറ്റേ കാതിലൂടെ പുറത്തേയ്ക്കു വിട്ട ഒരു പൊട്ടൻ. അപ്പുക്കിളി പഠിച്ച ഒരേയൊരു അക്ഷരം 'ഠ' കാരമായിരുന്നുവല്ലോ. ഖസാക്കിലെ സിദ്ധൻ ആ അക്ഷരം ബോർഡിലും നിലത്തും ചുമരിലും വാതിലിലുമൊക്കെ കളർച്ചോക്കുകൊണ്ട് എഴുതിവെച്ചു. ഖസാക്കിൽ നിന്ന്:

> ''ഖകമേ,'' മാധവൻനായർ പറഞ്ഞു, ''നീയ് നൊമ്പടെ ദേശത്തിന്റെ മാനം രക്ഷിച്ചു...കിളിയ്ക്ക് പുത്തിയ്ണ്ടോ ഇല്ല്യോ? നിങ്ങളന്നെ പറയീ, മാഷ്ഷേ. പത്തുകൊല്ലം നുമ്പേ ഞാൻ പട്പ്പിച്ച് കൊട്ത്തതാണീ അക്ഷരം. ഇപ്പള്ം മറക്കാണ്ട് എഴ്തീലേ പുത്തിശാലി!''
>
> ''നേരോ!''രവി പറഞ്ഞു.
>
> മാധവൻനായർ ചാരുകസേലയിലേയ്ക്ക് കേറിക്കിടന്നു. ചുമരിൽ കുത്തിനിർത്തിയ തലയിണയിൽ ചാരി ബെഞ്ചിൽ കാലു നീട്ടി രവിയുമിരുന്നു. പച്ചയും നീലയും ചുകപ്പുമായി 'ഠ'കാരങ്ങൾ അവിടമാസകലം വിതറിക്കിടന്നു.
>
> ''ഒരക്ഷരം പടിച്ചാ മതി,'' മാധവൻനായർ പറഞ്ഞു.
>
> ''നേരാ,'' രവി പറഞ്ഞു. രവി നേരമ്പോക്കു പറയുകയായിരുന്നില്ല.

അപ്പുക്കിളിയുടെ ആദ്യചരിത്രം പറഞ്ഞുവല്ലോ. എന്നാൽ ഖസാക്കിലെ അപ്പുക്കിളിയ്ക്ക് രൂപം നൽകിയത് എന്റെ സമകാലീനനായ ഒരു വ്യക്തിയാണ്. ഞങ്ങളുടെ വീട്ടിൽ ഒരു വേലക്കാരിയുണ്ടായിരുന്നു. സൗന്ദര്യമില്ലെങ്കിലും കൗതുകം തോന്നിയ്ക്കുന്നൊരു ശരീരത്തിന്റെ ഉടമസ്ഥയായ കല്യാണിയച്ചി. ഞാൻ കോളേജിൽ പഠിപ്പിയ്ക്കുമ്പോൾ അവരുടെ മകനായ വേലാണ്ടിയ്ക്ക്

ഇരുപതു വയസ്സായിരുന്നിരിയ്ക്കണം. എന്നാൽ, നാലു വയസ്സിന്റെ മാനസികവളർച്ചമാത്രം. വളർച്ചയെത്തിയ ഉടലിൽ നന്നെ കുറുകിയ കൈകാലുകൾ. അശ്വമുഖത്ത് സദാ പച്ചച്ചിരി. വേലാണ്ടി പാലക്കാട് കൊപ്പം അംശത്തിലുള്ള അവന്റെ വീട്ടിലില്ലെങ്കിൽ വിക്ടോറിയ കോളേജിന്റെ പടിയ്ക്കലോ സമീപത്തുള്ള കടകളുടെ മുമ്പിലോ കാണും. അവൻ സദാ ഉച്ചരിച്ച ഒരു വചനമുണ്ടായിരുന്നു, ''അമ്മാ, അമ്മാ, ദാ അപ്പൻ!'' പെൺകുട്ടികളോടാണ് അത് പറയുക, അവർക്കെതിരെ ആൺകുട്ടികൾ നടന്നുവരുമ്പോൾ. ആരെയും പരിഹസിയ്ക്കാനല്ല വേലാണ്ടി അതു പറഞ്ഞത്, പൊട്ടന്റെ നൈർമ്മല്യത്തിൽ പരിഹാസത്തിന് ഇടമില്ലല്ലോ.

പിന്നെ ആ പറഞ്ഞതിന്റെ പൊരുളെന്തായിരുന്നു? പൊട്ടന്റെ മനസ്സിൽ തെളിഞ്ഞ ദർശനമെന്തായിരുന്നു? പ്രകൃതീപുരുഷന്മാരുടെ സങ്കലനമോ ശക്തീശിവന്മാരുടെ പ്രചണ്ഡനൃത്തമോ? തിട്ടമതാർക്കറിയാം?

ആ രഹസ്യവുംകൊണ്ട് വേലാണ്ടി കടന്നുകളഞ്ഞു. ഒരു റോഡപകടത്തിൽ മരിച്ചെന്ന് ആരോ എന്നോടു പറഞ്ഞു. വേലാണ്ടി തിരിച്ചുവരും, ബുദ്ധിയുടേയും വളർച്ചയുടേയും കടം വീട്ടാൻ. മറ്റുള്ളവരും തിരിച്ചുവരും. ആ കലാലയത്തിൽ പഠിച്ചു പുറത്തു കടന്ന വിദ്യാർത്ഥികളും, ഇതെഴുതുന്ന കഥാകൃത്തും. നമ്മുടെയാരുടേയും ജാതകങ്ങൾ മോക്ഷജാതകങ്ങളല്ല. എന്നാൽ, ഈ അപൂർണ്ണതയറിയാതെ നാമെല്ലാവരും നമ്മുടെ ബഹുലപ്രസന്നതകളിൽ മുഴുകിക്കറങ്ങുന്നു.

അപൂർണ്ണതയിലേയ്ക്കു നോക്കി, അതിനെ അറിഞ്ഞുകൊണ്ട്, പൊട്ടൻ ജനിമൃതികളുടെ സന്ധ്യയിൽ തനിച്ചുനിന്നു.

കരിമ്പനകളുടെ ചക്രവാളത്തിൽ സന്ധ്യ കറുത്തു തുടങ്ങിയിരുന്നു. പച്ചക്കിളികൾ കൂട്ടം ചേർന്നു പറന്നു പോവുന്നതും നോക്കി അപ്പുക്കിളി പടിയ്ക്കൽ നിന്നു.

''ഈ ക്ളിയ്ക്ക് എന്നും അന്തിയാണ്, മാഷ്ഷേ,'' മാധവൻനായർ പറഞ്ഞു. ''എന്നാലോ, കൂടൊട്ട് പറ്റൂമില്ല.''

''ആര്ം കൂട് പറ്റാറില്ല, മാധവന്നായരേ.''

''നേരാ മാഷ്ഷേ.''

അപ്പോഴും, അസ്തമയത്തിലൂടെ പനന്തത്തകളുടെ ധനുസ്സുകൾ പറന്നകന്നുകൊണ്ടിരുന്നു.

## 18. ഖാലിയാരുടെ സഖാവ്

1967. ഇതിഹാസകഥാപദാർത്ഥം ഒരു തകരപ്പെട്ടിയിൽ നിറഞ്ഞുകിടന്നു. എന്തുകൊണ്ടോ തിരുത്തിയെഴുത്തിന്റെ അവസാനത്തെ ശ്രമത്തിന്, അവസാനത്തെ പകർപ്പിന്, തുടക്കം കുറിയ്ക്കാൻ കഴിഞ്ഞില്ല.

പേറ്ററിയട്ട് എന്ന ഇംഗ്ലീഷ് ദിനപത്രത്തിന്റെ സ്റ്റാഫ് കാർട്ടൂണിസ്റ്റായി ജോലി നോക്കുകയായിരുന്നു ഞാൻ. ഇടതുപക്ഷത്തിന്റെ ആംഗലമുഖപത്രമായി പുറത്തുവന്ന പേറ്ററിയട്ടിൽ ഞാൻ ചെന്നുചേരുകയെന്നത് സ്വാഭാവികമായിരുന്നു. മുഖ്യധാരാമാദ്ധ്യമങ്ങളിൽ കയറിക്കൂടാനുള്ള സന്ദർഭങ്ങളെ അവഗണിച്ചാണ് ഞാൻ അങ്ങനെ ചെയ്തതും. പേറ്ററിയട്ടിന്റെ പത്രാധിപരും സ്ഥാപകനുമായിരുന്ന എടത്തട്ട നാരായണൻ ഇന്ത്യൻ പത്രരംഗത്തെ അതികായന്മാരിൽ ഒരാളായിരുന്നു. മുൻശുണ്ഠിക്കാരൻ, തൊഴിൽ ദൗർബല്യങ്ങളോട് കഠിനമായ പുച്ഛം പുലർത്തിപ്പോന്നവൻ, പ്രായാധിക്യത്തിലും തീവ്രാദ്ധ്വാനത്തിൽ ഊറ്റംകൊണ്ടവൻ. അത്തരമൊരു പത്രാധിപരുടെ കൂടെ പണിയെടുക്കുകയെന്ന വെല്ലുവിളി ഉല്ലാസപ്രദമായിരുന്നു. ആദ്യത്തെ കൂടിക്കാഴ്ചകളിലൊന്നിൽ നാരായണൻ എന്നോടു ചോദിച്ചു, ''ഇപ്പോൾ എന്തു വരുമാനമുണ്ട്?'' ഞാൻ എത്രയെന്നു പറഞ്ഞു.

''ഇത് ഒരിടതുപക്ഷപത്രമാണ്,'' നാരായണൻ പറഞ്ഞു.

''അറിയാം.''

''അതിന്റെ അർത്ഥം തനിയ്ക്ക് മനസ്സിലായോ?''

''മനസ്സിലായി,'' ഒരു ചെറുചിരിയോടെ ഞാൻ പറഞ്ഞു.

''ചണപ്പത്രങ്ങൾ തരുന്ന ശമ്പളം താനിവിടെ പ്രതീക്ഷിയ്ക്കരുത്.''

''ഇല്ല.''

പേറ്ററിയട്ടിൽ സേവനമനുഷ്ഠിക്കാൻ തുനിഞ്ഞ എന്റെ കണക്കുകൂട്ടലുകളിൽ ശമ്പളം ഉൾപ്പെട്ടിട്ടില്ലായിരുന്നു. പകരം ഉണ്ടായിരുന്നത് ഒട്ടേറെ സ്വപ്നങ്ങളായിരുന്നു. പത്രസ്ഥാപനത്തിന്റെ സാരഥിമാരിൽ പ്രമുഖയായിരുന്ന അരുണ അസഫ് അലി സോഷ്യലിസ്റ്റ് പാർട്ടിയുടെ കമ്മ്യൂണിസ്റ്റ് വിരോധം ഭേദിച്ച് വ്യാപകവും പ്രാവർത്തികവുമായ ഒരിടതുപക്ഷമുന്നണിയ്ക്കുവേണ്ടി വാദിയ്ക്കുകയാണെന്നായിരുന്നു ധാരണ. എന്റെ സങ്കല്പങ്ങളിൽ അവർ റോസാ ലക്സെംബർഗിന്റെ മാനങ്ങൾ കൈക്കൊണ്ടു. ജീവിതത്തിലും രാഷ്ട്രീയത്തിലും സങ്കല്പങ്ങൾ എനിയ്ക്ക് വരുത്തിവെച്ച വിനകളുടെ കഥയിലേയ്ക്ക് ഞാൻ തല്ക്കാലം കടക്കുന്നില്ല. സങ്കല്പങ്ങളിൽ അമിതമായ ശുഭപ്രതീക്ഷ കലർത്തരുതെന്നുമാത്രം ഇവിടെ പറഞ്ഞുകൊള്ളട്ടെ. നാരായണന്റെ അനന്തരവനും വലങ്കയ്യുമായിരുന്ന വിശ്വനാഥൻ എന്റെ അടുത്ത

സുഹൃത്തായിരുന്നു. വിപുലമായ ഒരിടതുമുന്നണിയെക്കുറിച്ച് ഞാൻ പുലർത്തിപ്പോന്ന സ്വപ്നങ്ങൾ വിശ്വനാഥന് പരിചിതമായിരുന്നു. ഈ മുന്നണിയുടെ മുഖദലമാവില്ലേ പേറ്ററിയട്ട് എന്ന് ഞാൻ വിശ്വനാഥനോടു ചോദിച്ചു.

''അങ്ങനെതന്നെ,'' വിശ്വനാഥൻ പറഞ്ഞു.

സോവിയറ്റ് യൂനിയൻ ലോകത്തിലെ ഇടതുപക്ഷത്തിന്റെ അച്ചാണിയായിരുന്നുവെന്നത് ശരിതന്നെ. പക്ഷേ, സോവിയറ്റ് യൂനിയൻ ഒരു വൻശക്തിയാണ്, അതിന്റെ വലിപ്പത്തിലൂടെ സാമ്രാജ്യമാനങ്ങൾ പിടിപെട്ടുകഴിഞ്ഞ ഒരു ശക്തിരൂപം. അതിന്റെ വിദേശനയം വിപ്ലവ ഐക്യദാർഢ്യത്തിന്റേതു മാത്രമാവാൻ തരമില്ല. പ്രതിബദ്ധതയും സ്റ്റെയ്റ്റിന്റെ ചുമതലകളും പലപ്പൊഴും തമ്മിൽ നിരക്കാതെ പോകും.

''നമ്മൾ സോവിയറ്റ് ലോബിയുടെ വക്താവായിത്തീരുമെന്ന് കിംവദന്തിയുണ്ട്,'' ഞാൻ വിശ്വനാഥനോട് പറഞ്ഞു.

''കിംവദന്തിയെ കാര്യമാക്കേണ്ട.''

''കോൺഗ്രസ്സുസർക്കാരിനെ തുറന്നടിച്ച് വിമർശിയ്ക്കാൻ എനിയ്ക്ക് തരപ്പെടുമോ?''

വിശ്വനാഥന്റെ മുഖത്ത് സന്ദേഹം പടർന്നു. ''മുഖ്യശത്രുവിനെ തിരഞ്ഞെടുക്കുന്നതല്ലേ ബുദ്ധി?''

''ആരാണ് മുഖ്യശത്രു?''

''വൻകിട മുതലാളിത്തം.''

''ആ മുതലാളിത്തവുമായി കൂട്ടുകൂടിയല്ലേ കേന്ദ്രസർക്കാർ കഴിഞ്ഞുപോകുന്നത്?''

അല്ലെന്നു പറയാൻ ഞങ്ങളുടെ സൗഹൃദത്തിന്റെ സത്യസന്ധത വിശ്വനാഥനെ അനുവദിച്ചില്ല. അയാൾ പറഞ്ഞു, ''കോൺഗ്രസ്സിനകത്ത് പുരോഗമനവാദികളുണ്ട്.''

ഈ പുരോഗമനവാദികളെന്ന ഗുളികന്മാരെ ആശ്രയിച്ച് ചുളുവിൽ സോഷ്യലിസം നടപ്പാക്കാനുള്ള ഒരു ഹീനഫലിതത്തിന്റെ തുടക്കമായിരുന്നു പേറ്ററിയട്ടിന്റെ പ്രകാശനമെന്ന് മനസ്സിലാക്കാൻ ഏറെ നാൾ വേണ്ടിവന്നില്ല. വിപ്ലവരാശിയിലെ ഈ ഗുളികന്മാരായിരുന്നു കൃഷ്ണമേനോനും പട്നായിക്കും കെ.ഡി. മാളവ്യയും പ്രതാപ്സിംഗ് കൈറോണുമൊക്കെ. ഇന്ത്യൻ സോഷ്യലിസത്തിന്റെ മെലോഡ്രാമറ്റിക് നടൻ, വർത്തകപ്രമാണി, അഴിമതിക്കാരൻ, പ്രാദേശിക ചട്ടമ്പി, മുന്നണിയുടെ നെടുംതൂണുകൾ വിചിത്രമായ ഈ ഇനങ്ങളിൽപെട്ടു. തുടക്കം മുതല്ക്കേ ഇവരിൽ ആവേശം കൊള്ളാൻ ഞാൻ കൂട്ടാക്കാതെയായി. സഹപ്രവർത്തകരുമായുള്ള സംഭാഷണങ്ങളിൽ ഞാൻ ഇവരെ പരിഹസിയ്ക്കാൻ മുതിർന്നു. പ്രതിബദ്ധത

നടിയ്ക്കുന്ന ഒരുപറ്റം 'വിശ്വാസി'കളുടെ നടുക്ക് എന്റെ അന്യവല്ക്കരണം പൂർണ്ണമായി.

ഞാനെന്താണെന്നത് എന്റെ സഹപ്രവർത്തകന്മാർക്ക് ഒരു കടങ്കഥയായി. ലളിതമായ എന്റെ വിമതവാസനകളിൽ അവർ ഗൂഢാലോചനകൾ കണ്ടെത്തി. കമ്മ്യൂണിസ്റ്റ്പാർട്ടി പിളരുന്ന കാലമായിരുന്നു അത്. ഈ പിളർപ്പിൽ കൈകടത്തുകയെന്നതായിരുന്നു പേറ്ററിയട്ടിന്റെ പ്രധാന ചുമതലകളിലൊന്ന്. ഈ ഉപജാപത്തിനുവേണ്ടി കാർട്ടൂണുകൾ വരയ്ക്കാൻ ഞാൻ തയ്യാറായില്ല. ചൈനയേയും മാവോവിനേയും ഒരു പരിധിവരെ വിമർശിയ്ക്കാൻ മുതിർന്നെങ്കിലും, മാവോവിന്റെ വിമതമാർക്സിസത്തെ ഗൗരവത്തോടെ വീക്ഷിയ്ക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ആദ്യം ഞാനൊരു ഇടതു കമ്മ്യൂണിസ്റ്റാണെന്നും, പിന്നെ ഒരു മാവോവിസ്റ്റാണെന്നുമുള്ള കുശുകുശുപ്പുകൊണ്ട് എന്റെ പത്രമാപ്പീസ് നിറഞ്ഞു. എന്നാൽ, അപ്പോഴേയ്ക്കും എനിയ്ക്ക് സംഭവിച്ചുകൊണ്ടിരുന്നത് പ്രത്യയശാസ്ത്ര ദാർഢ്യങ്ങളുടെ അമ്പേയുള്ള തകർച്ചയായിരുന്നു. യാതൊരു വീക്ഷണസമ്പ്രദായത്തിലും വെളിവു കാണാതെ ഞാനൊരു ഖസാക്കുകാരനായിത്തീരുകയായിരുന്നു.

ആയിടയ്ക്ക് പേറ്ററിയട്ടിലെ തൊഴിലാളിയൂനിയൻ സമരം തുടങ്ങാൻ നിശ്ചയിച്ചു. 'വിശ്വാസി'കൾ സമരത്തിനെതിരെ ഒരു കൂട്ടുപ്രതിജ്ഞയിൽ ഒപ്പുവെച്ചു. പത്രത്തിന്റെ ചേരികളിൽനിന്ന് എന്നോ ഉൾവലിഞ്ഞുകഴിഞ്ഞിരുന്ന ഞാൻ ഈ സമരനിശ്ചയമോ കൂട്ടുപ്രതിജ്ഞയോ അറിഞ്ഞതേയില്ല.

ഇനിയങ്ങോട്ടുള്ള കാര്യങ്ങൾ ഫലിതമധുരമാണ്. പണിമുടക്കത്തിന്റെ സംഘാടകരിലൊരാൾ ഞാനാണെന്ന നിഗമനത്തിൽ പത്രാധിപരെത്തിച്ചേർന്നു. ഞാനെന്ന മാവോവിസ്റ്റ് സംഘർഷകാരി!

ഇതോർത്ത് പിന്നീട് പലപ്പോഴും ഞാൻ ചിരിച്ചുപോയിട്ടുണ്ട്. എന്നാൽ, ഈ തെറ്റിദ്ധാരണ എന്റെ ജോലിനഷ്ടത്തിൽ കലാശിച്ചു. ജോലിനഷ്ടമെന്ന് അതിനെ വിവരിയ്ക്കുന്നതും ശരിയല്ല. ഒരു ലോബി പത്രത്തിൽനിന്ന് പിരിഞ്ഞ് വീണ്ടും മുഖ്യധാരയിലേയ്ക്ക് തിരിച്ചുപോകാനുള്ള സാദ്ധ്യത അതെന്റെ മുമ്പിൽ തുറന്നിട്ടു. തൊഴിൽപരമായ അഭിവൃദ്ധിയുടെ തുടക്കം.

എന്നാൽ, അതൊന്നുമല്ലാ ഞാൻ ആ അവസരത്തിൽ ചിന്തിച്ചത്. പ ത്രസംബന്ധികളായ ജോലികളിൽ മുഴുവൻ സമയവും വീണ്ടും വ്യാപരിപ്പിയ്ക്കുന്നതിനു മുമ്പ് ഇതിഹാസത്തിന്റെ തിരുത്തിയെഴുത്ത് പൂർത്തിയാക്കണം. അങ്ങനെ ഒരു ധ്യാനത്തിന്റെ ഏകാഗ്രതയോടെ ഞാൻ എഴുതാനിരുന്നു. ഏതാനും മാസങ്ങൾ എന്റെ മനസ്സിൽ ഇതിഹാസമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. ഇതിഹാസത്തിലെ പാത്രങ്ങളും ഇതിഹാസത്തിലെ ഭൂതപ്രേതാദികളും ഇതിഹാസത്തിലെ കിഴക്കൻ കാറ്റും. രവിയ്ക്കേറ്റ സർപ്പദംശനവും എഴുതിപ്പിടിപ്പിച്ചു കഴിഞ്ഞപ്പോൾ ഇതിഹാസഭൂമിയിൽനിന്ന് നഗരത്തിന്റെ പരുക്കൻ നിരർത്ഥകതയിലേയ്ക്ക് ഞാൻ വീണ്ടും ഇറങ്ങി. പ

ത്രപ്രവർത്തനത്തിൽ മുഴുകാൻ, ആ തൊഴിലിൽ വിജയിയ്ക്കാൻ. 1975ലെ അടിയ ന്തരാവസ്ഥവരെ ഈ കഠിനശ്രമം തുടർന്നു. തിരിഞ്ഞുനോക്കുമ്പോൾ ഒരു തെറ്റായ തീരുമാനത്തിന്റെ ഭാരം എന്നെ അലട്ടുന്നു. സാഹിതിയാകട്ടെ നിന്റെ രഥ്യ, പണ്ടൊരു കാലത്ത് ഇടറിയിരുന്ന എന്റെ ഉൾസ്വരം ഇന്ന് എന്നോട് പറഞ്ഞു. അതിനെ അനുസരിയ്ക്കാനുള്ള വിവേകം എനിയ്ക്കുണ്ടായില്ല. അതിനുവേണ്ടി ഈ വൈകിയ വേളയിൽ പ്രായശ്ചിത്തം ചെയ്യാൻ ശ്രമിയ്ക്കുകയാണു ഞാൻ. പത്രപ്രവർത്തനത്തിൽനിന്ന് തലയൂരാനും, ശിഷ്ടവർഷങ്ങളിൽ സാഹിതിയിലേയ്ക്ക് മടങ്ങിച്ചെല്ലാനും.

പേറ്ററിയട്ടിലുള്ള എന്റെ ക്യാബിനിലിരുന്നുകൊണ്ട് എന്റെ വിപ്ലവമൗഢ്യത്തെയോർത്ത് വിഡ്ഢിച്ചിരി ചിരിച്ചുതീർത്ത ഞാനും കൂമൻകാവിലെ വിപ്ലവകാരിയായ നൈസാമലിയും ഉടപ്പിറപ്പുകളായിരുന്നു.

ജയിൽമുറിയിൽ തല്ലുകൊണ്ട് അവശനായി നൈസാമലി കിടന്നു. കനപ്പെട്ട കുറ്റങ്ങളാണ്. രാഷ്ട്രത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചത്, ഹിംസാത്മകമായ മാർഗ്ഗത്തിലൂടെ ഭരണത്തെ അട്ടിമറിയ്ക്കാൻ നോക്കിയത്, അങ്ങനെ പലതും. അതൊക്കെ സഹിയ്ക്കാം. പക്ഷേ, വേദന സഹിച്ചുകൂടാ. പേശികളിൽ, സന്ധികളിൽ എല്ലുകളിൽ എല്ലാം വേദന. ബോധം മങ്ങുകയും തെളിയുകയും ചെയ്തു. ആ വ്യതിയാനങ്ങളിലൂടെ അയാൾ ഒരു ചോദ്യത്തിനു വ്യർത്ഥമായി ഉത്തരം തേടി. അള്ളാപ്പിച്ചാമൊല്ലാക്കയും താനുമായുള്ള യുദ്ധത്തിൽ പോലീസിനെന്തു കാര്യം?

പുലർന്നപ്പോൾ ഇത്തിരി ആക്കം തോന്നി. ആകാശം കാണാൻ വയ്യ. എവിടെയോ കാക്ക കരയുന്നു. ഖസാക്കിലെ പനങ്കാടുകളിലാണെന്നു തോന്നി. ചമ്രം പടിഞ്ഞു കണ്ണുമടച്ച് കമ്പിളിവിരിപ്പിലിരുന്നു. ഒരു പോലീസുകാരൻ വാതില്ക്കലെത്തിയപ്പോൾ നൈസാമലി അപേക്ഷിച്ചു, ''ഇസ്പേറ്റരെജമാനോട് ഒന്ന് ശംശാരിക്കാന്ണ്ട്.''

അങ്ങനെ അസ്ഥിരമായ കാലുകളിന്മേൽ നൈസാമലി ഇൻസ്പെക്ടറുടെ മുമ്പിൽ നിന്നു.

''എജമാ, ഞമ്മള് ഇതീന്നൊക്കെ വ്ടാണ്.''

ഇൻസ്പെക്ടർ തടവുകാരന്റെ മുഖത്തു സൂക്ഷിച്ചു നോക്കി.

''ഈ ബുദ്ധി നേർത്തേ തോന്നായിർന്നിലേ?'' അയാൾ ചോദിച്ചു.

''ഒക്കെ മായയാക്കും, എജമാ!''

ഇത്തിരി പുതുമയുള്ള രാഷ്ട്രീയത്തടവുകാരനാണ്. ഇൻസ്പെക്ടർ ചോദിച്ചു, ''മായയോ?''

''ഇന്നലെ രാത്തിരി ഞമ്മണ്ടട്ത്ത് മൂപ്പര് വന്നു, എജമാ!''

''മൂപ്പരോ? ലോക്കപ്പിലോ?''

''സെയ്യദ്ദ് മിയാൻ സെയ്ഖ് തങ്ങള്.''

ഇൻസ്പെക്ടർ ഹെഡ്കോൺസ്റ്റബിളിനെ നോക്കി,

''ആരാത് രാമന്നായരേ ഇതിനകത്ത് കേറീത്?''

''എജമാ,'' നൈസാമലി ഇടപെട്ടു, ''അതൊര് ജിന്നാക്കും, ഫ്രേ.''

കൂമൻകാവിലെ 'വിപ്ലവം' തകർന്നില്ലായിരുന്നുവെങ്കിൽ ഷെയ്ഖിന്റെ ഖാലിയാർ പിറവിയെടുത്തിരിയ്ക്കില്ലായിരുന്നു. ഒരു ഫലിത പ്രതിവിപ്ലവത്തിന്റെ കുറ്റം ചാർത്തി എന്നെ പിരിച്ചു വിട്ടില്ലായിരുന്നുവെങ്കിൽ ഖസാക്കിന്റെ

തിരുത്തിയെഴുത്ത് പിന്നെയും നീണ്ടുപോകുമായിരുന്നു. ഇതിഹാസസൃഷ്ടിയിൽ സഹകരിച്ചവരിൽ എടത്തട്ട നാരായണനുള്ള സ്ഥാനം നിസ്സാരമല്ല.

## 19. ആദ്യത്തെ ആസ്വാദകൻ

ഇതിഹാസം ജൈവക്ഷീണത്തിന്റെ കഥയാണ്. അതാണ് എഴുത്തച്ഛന്റെ രാമായണത്തിലെ വഴിയമ്പലം എന്ന സങ്കല്പം എന്നെ ആകർഷിച്ചതും അതിൽനിന്ന് ഞാൻ എന്റെ കഥ തുടങ്ങിയതും. ജൈവക്ഷീണത്തിന്റെ കഥ പറയുന്നവൻ ശങ്കാകുലനാവുന്നത് സ്വാഭാവികം മാത്രമാണല്ലോ, കഥനത്തിന്റെ ഓരോ പടവും ഞാൻ കയറിയത് അറിവിന്റെ ശക്തിയില്ലാത്ത ഒരു തരളമനസ്സോടുകൂടിയാണ്. തന്റെ ദൗർബല്യവും നിസ്സഹായതയും അപരിചിതനുമായി പങ്കിടാൻ കൊതിയ്ക്കുന്ന ഒരു കാഥികനെ എന്തു ചെയ്യണമെന്ന് ഒരു സമൂഹത്തിന് തീരുമാനിയ്ക്കുക എളുപ്പമല്ല. കാരണങ്ങളുള്ള ദുഃഖങ്ങളെ വിശകലനം ചെയ്യാനും അവയ്ക്ക് പരിഹാരം കാണാനും കഴിയും. എന്നാൽ, ദുഃഖം കാരണങ്ങൾക്കതീതമാകുമ്പോൾ, പ്രാവർത്തിക ശാസ്ത്രങ്ങളെ അത് സൗമ്യമായി തുരങ്കംവെയ്ക്കുന്നു. ഇടതുപക്ഷ ചിന്താഗതിക്കാർക്ക് ഖസാക്കിന്റെ ഇതിഹാസം അരോചകമായിത്തീർന്നത് അങ്ങനെയാണ്. അതിന് ഞാനവരെ ഒരിയ്ക്കലും കുറ്റപ്പെടുത്തുകയുമില്ല. അവർക്ക് അറിവുകളുണ്ട്. അറിവ് ശക്തിയാണ്, ശരിയായാലും തെറ്റായാലും. അറിവില്ലാത്തവനാകട്ടെ ദുർബ്ബലനും. അതാണ് ഇത്രയും കാലം, എന്തൊക്കെയോ ആക്ഷേപങ്ങളുണ്ടായിട്ടും, ഞാൻ ഇതിഹാസത്തെ ന്യായീകരിയ്ക്കാനായി ഒന്നും പറയാതിരുന്നത്. മൗനത്തിന്റെ ആ നീണ്ട വർഷങ്ങൾക്ക് ഒരടിക്കുറിപ്പ് മാത്രമാണ് ഈ പുസ്തകം.

എന്നാൽ, അറിവില്ലായ്മ അതിന്റെ സുഷുമ്നയിലൂടെ ഉള്ളോട്ടുള്ളോട്ടു വലിയുമ്പോൾ അതും അതിന്റേതായ ശക്തിതലങ്ങളിൽ ചെന്നെത്തുന്നു. ഞാൻ ചിലപ്പോൾ ഓർത്തുപോകാറുണ്ട്, ആദിമവും ശുദ്ധവുമായ അറിവില്ലായ്മയുടെ പാറ പിളർക്കാനെത്തുന്നവയല്ലേ പ്രവചനവാക്യങ്ങളെന്ന്. ചിലന്തിയെ തല്ലാൻ കൈയിലെടുത്ത ചെരുപ്പും ശത്രുനിഗ്രഹത്തിന് കൈയിലെടുത്ത ഗാണ്ഡീവവും താഴേ വീഴുന്നത് സമാന മുഹൂർത്തങ്ങളിലാണ്. അർജ്ജുനന്റെ വന്ധ്യതയെ പ്രവചനസ്വരം പിളർക്കുന്നു: സംഭവാമി യുഗേ യുഗേ! ഈ ശ്രവണത്തിനുള്ള കാത്തിരിപ്പ് ഇതിഹാസത്തിലുണ്ടോ ആവോ? എനിയ്ക്കറിഞ്ഞുകൂട.

അറിവില്ലായ്മയിലേയ്ക്ക്, അറിവില്ലായ്മയുടെ വിനയത്തിലേയ്ക്ക്, സഹൃദയനെ നയിയ്ക്കാനും, ആ വിനയം അവനുമായി പങ്കിടാനും മാത്രമേ ഞാൻ ശ്രമിച്ചിട്ടുള്ളു. ഈ ശ്രമമാണ് ഇതിഹാസത്തിലെ കാതലായ പ്രക്രിയ. മാതൃഭൂമി വാരികയിൽ ഇതിഹാസം ഖണ്ഡശ്ശ വന്നുകൊണ്ടിരുന്നപ്പോൾ എനിയ്ക്കു കിട്ടിയ ആദ്യപ്രതികരണങ്ങൾ എന്നെ അമ്പരപ്പിയ്ക്കുകയാണു ചെയ്തത്. വടക്കേ മലബാറിലുള്ള തന്റെ കോളേജിൽ നിന്ന് എന്റെ ഒരു പഴയ

സഹപാഠിസുഹൃത്ത് എനിയ്ക്കെഴുതി, ''താങ്കളുടെ കഥ നന്നാവുന്നു. പാലക്കാടൻ പരുക്കൻ ജീവിതത്തിന്റെ ഒന്നാം തരം ചിത്രീകരണം —'' ഇതെഴുതിയത് ഒരു മലയാള ഭാഷാദ്ധ്യാപകനാണെന്ന ചിന്തയായിരുന്നു എന്നെ വശം കെടുത്തിയത്. ഒരു സാഹിത്യവിദഗ്ദ്ധന് അതിന്റെ അന്തർമാനങ്ങൾ വെളിവാകുന്നില്ലെങ്കിൽ പിന്നെ എന്റെ കഥയെ ആർ മനസ്സിലാക്കും എന്നായിരുന്നു എന്റെ ഭയം.

അപ്പോഴാണ് നാട്ടിൽനിന്ന് മറ്റൊരു കത്തു വന്നത്. കൊച്ചുകൊച്ചക്ഷരങ്ങളിൽ ചേർത്തുചേർത്തെഴുതിയ ഒരു കത്ത്.

ഖസാക്കിലെ ഇതിഹാസത്തിൽ ഞാനൊരുപാട് ഉള്ളിൽത്തട്ടിയെ ഴുതിയ ഏതാനും വരികളുണ്ടായിരുന്നു:

> രണ്ടുപേരുമിരുന്നു സംസാരിച്ചു...ദുരൂഹമായ സ്ഥലരാശി. കാലത്തിന്റെ ഗംഗാതടം. ദുരൂഹതയുടെ ദുഃഖം. രവിയുടെ കഥ കുട്ടിക്കാലത്തേയ്ക്കു മടങ്ങി. ഉച്ച വെയിലിൽ, ആകാശത്തിന്റെ തെളിമയിൽ, മരണമില്ലാത്ത ദേവന്മാർ ദാഹം മാറ്റി. കല്പകവൃക്ഷത്തിന്റെ കരിക്കിൻതൊണ്ടുകൾ താഴോട്ടുതിർന്നുവീണു. കളിപ്പാട്ടങ്ങളുടെ മുമ്പിൽ തനിച്ചിരുന്ന കുട്ടി ആ കരിക്കിൻതൊണ്ടുകളെണ്ണാൻ മുതിർന്നു...

ഈ വരികളെ തിരഞ്ഞെടുത്ത് ആസ്വദിയ്ക്കുന്നതായിരുന്നു ആ കത്ത്. എന്റെ മേൽവിലാസം അറിയായ്കയാൽ ശങ്കേർസ് വീക്ലിയുടെ വിലാസത്തിലായിരുന്നു അതു വന്നത്. ഓഡിയൺ തിയേറ്ററിന്റെ നാലാം നിലയിലുള്ള വീക്ലിയുടെ പഴയ ആപ്പീസിൽ. ഞാനവിടെച്ചെന്ന് കത്തു പൊളിച്ചു വായിച്ചു. എന്തെന്നില്ലാത്ത സന്തോഷം തോന്നി, സമാനമായ മറ്റൊരു മനസ്സുമായി സംവദിച്ചതിൽ. പാലക്കാടിന്റെ 'പരുക്കൻ' കഥയിൽ ഞാൻ കണ്ടെത്തിയ ദുരൂഹദുഃഖത്തേയും ശാപമോക്ഷത്തിന്റെ നദീതടത്തേയും മറ്റൊരു മനുഷ്യൻകൂടി കണ്ടെത്തിയതിലുള്ള ചാരിതാർത്ഥ്യം.

എനിയ്ക്ക് ഒരു ദുശ്ശീലമുണ്ട്. കത്തുകൾ സൂക്ഷിയ്ക്കാതിരിയ്ക്കുക എന്നത്. കത്തിലെ വികാരം വാറ്റിയെടുത്തശേഷം സ്വാർത്ഥിയായ ഞാൻ അതിനെ ചുരുട്ടിയെറിഞ്ഞു. ചവറ്റുകുട്ടയിലേയ്ക്ക് എറിയുകയെന്ന അച്ചടക്കം ശീലിച്ചിട്ടില്ലായിരുന്ന ഞാൻ അതിനെ എറിഞ്ഞത് ജനാലയിലൂടെ പുറത്തേയ്ക്കായിരുന്നു. നാലാംനിലയിൽനിന്ന് താഴോട്ട്. ആ കത്തിന്റെ കുളിരിൽ ഞാനൊരുപാടു നേരം അവിടെയിരുന്നു. അപ്പോഴത്രയും അതെഴുതിയ ആളുടെ ചേതോവികാരത്തെ ഉൾക്കൊള്ളാനുള്ള ഉദാരത എനിയ്ക്കില്ലാതെപോയി. സ്വീകാര്യമായിത്തീരുന്ന ഏതു കലാസൃഷ്ടിയും ഇത്തരം സ്വാർത്ഥത കലാകാരനിൽ വരുത്തിക്കൂട്ടുമെന്ന് ഞാൻ സംശയിയ്ക്കുന്നു.

പൊടുന്നനെ, കുറ്റബോധത്തിന്റെ ഉൾക്കുത്തോടെ, കത്തെഴുതിയ ആളുടെ പേർ ശ്രദ്ധിച്ചില്ലെന്ന കാര്യം ഞാൻ ഓർത്തു. ആ കത്ത് വീണ്ടെടുക്കണം. നാലു നിലകൾക്കു താഴെ ഓഡിയൺ തിയേറ്ററിന്റെ ഇടനാഴിയിൽ അസംഖ്യം കാലടികളുടെ ബഹളമാണ്. അപ്പോൾ ചനുപിനെ പെയ്ത മഴയത്ത് അവിടം ചേറുപിടിച്ചിരുന്നു. ആ ചേറിൽ, വാഹനങ്ങളുടേയും കാല്പടകളുടേയും ഉഴുതുമറിയ്ക്കലിൽ, ചുരുട്ടിയെറിഞ്ഞ കത്തിനെത്തേടുന്നത് നിഷ്ഫലം. ജനാലയോളംചെന്ന ഞാൻ ഖേദത്തോടെ താഴോട്ടു നോക്കി. അപ്പോൾ, ജനാലയ്ക്കു ചോട്ടിലെ 'ലെഡ്ജി'ൽ ഒരു കടലാസ്സുചുരൾ കിടക്കുന്നു. ഞാൻ ചുരുട്ടിയെറിഞ്ഞ കത്ത്!

പക്ഷേ, കൈയെത്താത്ത ആഴത്തിലാണ് അത്. ലെഡ്ജിലേയ്ക്ക് ഇറങ്ങിയാൽ തല കറങ്ങി താഴെ വീഴും, നാലു നില താഴോട്ടേയ്ക്ക്.

''സേർ, ഞാനെടുത്തുതരാം,'' എന്റെ പുറകിൽ വന്നു നിന്ന ഗുണാനന്ദ് എന്ന പഹാഡി യുവാവ് പറഞ്ഞു. ഗുണാനന്ദ് ശങ്കേർസ് വീക്ലിയിലെ ചപ്രാസിയായിരുന്നു, ഗുരുസാഗരത്തിലെ നിഹാലുവിന്റെ സഹജനായ പർവ്വതഗോത്രി. ഒരു കമ്പി വളച്ച് കൊക്കിയാക്കി അതിൽ കയറുകെട്ടി ഗുണാനന്ദ് കടലാസിൻചുരുളിനെ ചൂണ്ടിയിട്ടെടുത്തു.

ഞാൻ കത്തു തുറന്ന് പേരും വിലാസവും വായിച്ചു. കെ. ശ്രീകുമാരൻ, കാമ്പുറത്തുവീട്, കൊല്ലങ്കോട്. എന്റെ ആദ്യത്തെ ആസ്വാദകന്റെ പേരും വിലാസവും.

ഒരു നീണ്ട സൗഹൃദത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് ആശാമേനോൻ എന്ന തൂലികാനാമത്തിൽ ആസ്വാദനവും നിരൂപണവും എഴുതിത്തെളിഞ്ഞ ശ്രീകുമാരൻ എന്നോടു കാണിച്ചിട്ടുള്ള ഔദാര്യങ്ങൾക്ക് അളവില്ല. മറ്റൊരു സുഹൃത്തിനോടും എടുക്കാൻ വയ്യാത്ത സ്വാതന്ത്ര്യങ്ങളാണ് ഞാൻ അദ്ദേഹത്തോട് എടുത്തിട്ടുള്ളത്. ധർമ്മപുരാണത്തിന്റേയും പിന്നീട് ഗുരുസാഗരത്തിന്റേയും അച്ചടി മേൽനോക്കാനായി, എന്റെ അപേക്ഷയനുസരിച്ച്, ശ്രീ കോട്ടയത്തു ചെന്നു താമസിയ്ക്കുകയുണ്ടായി.

ഇതിഹാസത്തിന്റെ ഈ വർഷങ്ങളിൽ പിന്നീട് ഒരുപാട് ആസ്വാദകസുഹൃത്തുക്കൾ എനിയ്ക്കുണ്ടായിത്തീർന്നു. കൈരളി എന്റെ ഈ പുസ്തകത്തോടു കാണിച്ചത് അപാരമായ ഔദാര്യമാണ്. എന്നാൽ, ചില ശ്രുതിഭംഗങ്ങൾ. ഇന്ന് അവ നേരമ്പോക്കുകൾമാത്രം. പക്ഷേ, അധീരനും സന്ദേഹിയുമായി സാഹിത്യരംഗത്തേയ്ക്ക് 1969ൽ കടന്നുവന്ന യുവാവായ എനിയ്ക്ക് അവ അസ്വാസ്ഥ്യമുളവാക്കി എന്നു പറയാതെ തരമില്ല. 1970ലും 71 ലും 72ലും തുടർച്ചയായി കേന്ദ്ര അക്കാദമിയുടെ വോട്ടെടുപ്പിൽ ഖസാക്കിന്റെ ഇതിഹാസത്തിന് ഭൂരിപക്ഷസമ്മതി കൈവന്നതായി അക്കാദമിയുമായി ബന്ധപ്പെട്ട ഒരു സുഹൃത്ത് എന്നെ അറിയിച്ചു. ഞാൻ നേരിലറിഞ്ഞ കാര്യങ്ങളല്ല, അറിയാൻ ഇഷ്ടപ്പെട്ടതുമല്ല, അറിഞ്ഞതിനെ ഇവിടെ

പകർത്തുന്നുവെന്നുമാത്രം. മൂന്നു വർഷവും ഇതിഹാസത്തെ തഴഞ്ഞത് ഗ്രന്ഥകർത്താവ് ഒരു പുസ്തകമേ രചിച്ചിട്ടുള്ളു എന്ന കാരണത്താലായിരുന്നുവത്രെ. എന്റെ പുസ്തകമായതുകൊണ്ട് ഈ വാദത്തെ ഖണ്ഡിയ്ക്കുകയല്ല; ഗുണത്തേക്കാൾ ഘനത്തിന് മുൻഗണന കൊടുക്കുന്ന വഴക്കം ശരിയാണോ എന്ന സംശയംമാത്രം. ആ മൂന്നു വർഷങ്ങളുടെ അവസാനം പുരസ്കാരം ലഭിച്ചത് വൈലോപ്പിള്ളിയ്ക്കായിരുന്നു. ആ അവസരത്തിൽ അദ്ദേഹം പറഞ്ഞത് എനിയ്ക്ക് മറക്കാനാവില്ല, ''ഇത്തവണ വിജയന് കൊടുക്കാമായിരുന്നു, ഇത് അയാളുടെ അവസാനത്തെ ഊഴമായിരുന്നല്ലോ. എനിയ്ക്ക് ഇനിയും ഊഴമുണ്ട്.''

സ്നേഹത്തിന്റേയും പാരസ്പര്യത്തിന്റേയും നിറവിനു മുമ്പിൽ സ്ഥാപനങ്ങളുടെ പുരസ്കാരങ്ങൾ നിഷ്പ്രഭമായിത്തീരുന്നു. ഇതിഹാസം നേടിയിട്ടുള്ള ഏറ്റവും വലിയ പുരസ്കാരം ഞാൻ അന്ന് ചാറ്റുമഴയിലേയ്ക്ക് ചുരുട്ടിയെറിഞ്ഞ കത്തായിരുന്നു.

## 20. പദധ്യാനം

അന്ധാളിപ്പിലും ആലസ്യത്തിലും എന്റെ വർഷങ്ങൾ അങ്ങനെ കടന്നുപോയി. ഈ അവസ്ഥയിൽ എനിയ്ക്ക് അധികമൊന്നും വായിയ്ക്കാൻ കഴിഞ്ഞിട്ടില്ല. വായിയ്ക്കണമെന്നാഗ്രഹിച്ച പുസ്തകങ്ങളുടെ എണ്ണം ഒരുപാട്. എന്നാൽ, എന്റെ കാലം കഴിയുന്നു, വായനയേയും വായനയില്ലായ്മയേയും അപ്രസക്തമാക്കിക്കൊണ്ട്. എന്റെ ഈ ഉഴുതുപൂട്ടാത്ത പാഴ്നിലത്തിൽ അപൂർവ്വസസ്യങ്ങൾ വിളയിയ്ക്കുന്നത് ആരാണ്? അവൻ, ആ ആദിമസ്പർശി!

എന്റെ വിദ്യാഭ്യാസം കാര്യമായും ഇംഗ്ലീഷിലായിരുന്നു. ഇംഗ്ലീഷ്മാദ്ധ്യമം തേടിപ്പോവുന്നത് അന്ന് മാതാപിതാക്കളുടെ ഭ്രാന്തായിരുന്നു. ഇന്നും. തന്റെ നിർദ്ധനബാല്യത്തിൽ നേടാൻ കഴിയാതെപോയ ആംഗലവിദ്യാഭ്യാസം എനിയ്ക്ക് ആവോളം ലഭിയ്ക്കണമെന്നതായിരുന്നു അച്ഛന്റെ ആഗ്രഹം. അങ്ങനെ, അത്യാവശ്യം മണിപ്രവാളവും കൃഷ്ണഗാഥയും പഠിച്ചതൊഴിച്ചാൽ, എന്റെ ശ്രദ്ധ തിരിഞ്ഞത് ആംഗലത്തിലേയ്ക്കായിരുന്നു. നന്നേ ചെറുപ്പത്തിൽത്തന്നെ പാഠപുസ്തകങ്ങളിലെ കാവ്യങ്ങളെ അനുകരിച്ച് ഇംഗ്ലീഷിൽ കവിതയെഴുതാൻ തുടങ്ങി. വികൃതസൃഷ്ടികൾ, വിവരക്കേടുകൾ. മലയാളത്തിൽ എന്തെങ്കിലും എഴുതുകയെന്നത് കാര്യമായി എന്റെ ചിന്തയിൽപ്പെട്ടില്ല. ഒരീഴവകുടുംബമായ ഞങ്ങൾക്ക്, സവർണ്ണതയുടെ അർത്ഥത്തിൽ, ഭാഷാശുദ്ധിയോ സംസ്കൃതിയോ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസമുള്ളതുകൊണ്ട് ഞങ്ങൾ തമ്മിൽ തമ്മിൽ ഈഴവരുടെ കൊച്ചുഭാഷ സംസാരിച്ചില്ല, പാഠപുസ്തകങ്ങളുടെ അച്ചടക്കമുള്ള ഒരു നിർജ്ജീവഭാഷ ഉപയോഗിച്ചു. അച്ഛനെ സേവിയ്ക്കാൻ നിയുക്തരായിരുന്ന നായന്മാരായ 'ഓർഡർലി'മാരൊഴിച്ചാൽ ഞങ്ങളുടെ വേലക്കാർ പ്രായേണ പാലക്കാടൻ ഈഴവരായിരുന്നു. അമ്മ അവരോട് കൊച്ചുഭാഷയിൽത്തന്നെ സംസാരിച്ചു.

''എന്താണ്ടി യ്വ്ളെ, തങ്കപ്പെണ്ണേ, നിയ്ക്കി വയ്യേ?''

''തല തിരിയണൂ, അച്ചിയേ.''

ഭാഷാമാലിന്യമെന്ന് തങ്ങൾ കരുതിയ ഈ സംവാദങ്ങളിൽനിന്ന് അച്ഛനുമമ്മയും ഞങ്ങളെ അകറ്റിനിർത്താൻ ശ്രദ്ധിച്ചു. എന്നാൽ, ആ കൊച്ചുഭാഷയുടെ സംഗീതം എന്റെ കാതിൽ അമൃതായി നിറഞ്ഞു. ഇന്നും അതു മധുരിയ്ക്കുന്നു.

ആ മാധുരിയില്ലെങ്കിൽ എനിയ്ക്ക് സാഹിത്യത്തിൽ അസ്തിത്വമില്ല. ഇന്തോആംഗ്ലിയന്മാർക്ക് അപ്രാപ്യമായതും അതുതന്നെ. ഈശ്വരനിശ്ചയം എന്നെ തടഞ്ഞില്ലായിരുന്നുവെങ്കിൽ ഞാനും ഒരു ഇന്തോആംഗ്ലിയനായിത്തീർന്നേനെ. അങ്ങനെ ആയിത്തീരാനുള്ള തയ്യാറെടുപ്പ് കോളേജിലെ

ആദ്യവർഷങ്ങളിൽത്തന്നെ തുടങ്ങുകയുംചെയ്തിരുന്നു. ഇന്ത്യൻ എക്സ്പ്രസ്സിൽ ഏതാനും ചെറുലേഖനങ്ങൾ എഴുതി. ഇടത്തരം ഇംഗ്ലീഷ്‌വാരികകളിൽ കഥകളെഴുതി. വികൃതമായ ഒരു ഇംഗ്ലീഷ് വിപ്ലവനോവൽ പകുതി എഴുതിത്തീർത്ത് അതിന്റെ കടലാസുകെട്ടുകൾ കുറേക്കാലം കൂടെക്കൊണ്ടുനടന്നു.

കോളേജിൽ രണ്ടാം ഭാഷയായി മലയാളമാണ് തിരഞ്ഞെടുത്തത്. അന്ന് ഞങ്ങൾക്കു വിധിച്ചുകിട്ടിയ പാഠപുസ്തകങ്ങൾ പതിവിലധികം വിരസങ്ങളായിരുന്നു. മലയാളത്തോട് പൊരുത്തപ്പെടാനുള്ള സന്നദ്ധതയില്ലായ്മയേയും എന്റെ സ്വതസ്സിദ്ധമായ പുസ്തകവൈമുഖ്യത്തേയും ഇത് പെരുപ്പിച്ചുവെന്ന് പറയേണ്ടതില്ലല്ലോ. ബി.എ. പരീക്ഷയ്ക്ക് മലയാളത്തിൽ മൂന്നാംക്ളാസ്സിന്റെ നെല്ലിപ്പടി നിരങ്ങി പാസ്സായി.

എന്റെ സഹപാഠികളിൽ എന്നോളം മോശമായി രാജു എന്ന ഒരു പട്ടരുകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. രാജുവിന് ഭാഷകളോടു പൊതുവെ പുച്ഛമായിരുന്നു. തമിഴും മലയാളവും ഇംഗ്ലീഷും കലർത്തിയ കൊച്ചുഭാഷയായിരുന്നു രാജുവിന്റേത്. അതുതന്നെ അപൂർവ്വമായേ പ്രയോഗിച്ചുള്ളു. സംസാരിയ്ക്കുന്നതിനു പകരം രാജു പുഞ്ചിരിയ്ക്കും. പൊട്ടിച്ചിരിയ്ക്കും, പുറത്തു തട്ടും, വെളിമ്പുറങ്ങളിലൂടെ ഒരുമിച്ച് സൈക്കിൾ ചവിട്ടും. പിന്നെ അപൂർണ്ണതയുടേയും അർത്ഥശങ്കയുടേയും പിഴകൾ നിറഞ്ഞ ഭാഷയുടെ ആവശ്യമെന്ത്?

തന്റെ കൊച്ചുഭാഷ അവിസ്മരണീയമായ തരത്തിൽ ഒരിയ്ക്കൽ രാജു പ്രയോഗിച്ചത് ഞാനോർക്കുന്നു. ഒരിടക്കാല പരീക്ഷയിൽ രാമായണത്തിൽനിന്നുള്ള ഒരു ചോദ്യത്തിന് ഉത്തരമെഴുതുന്ന വേളയിൽ രാജു ഈ മുത്തുമണി പുറത്തെറിഞ്ഞു, ‘‘രാമര് ലച്ച്മണനോട് ഇങ്ങനെ പറഞ്ഞു—’’

നിറഞ്ഞ ക്ളാസ്സിൽ അദ്ധ്യാപകൻ വിളിച്ചന്വേഷിച്ചു, ‘‘ആരാണ് രാജു?’’

സുസ്മേരവദനനായി രാജു എഴുന്നേറ്റുനിന്നു. അദ്ധ്യാപകൻ രാജുവിന്റെ ഉത്തരക്കടലാസ് തിരിച്ചുകൊടുത്തു, എന്നിട്ട് അത് ഉറക്കെ വായിയ്ക്കാൻ രാജുവിനോടു പറഞ്ഞു. സങ്കോചമില്ലാതെ രാജു വായിച്ചു, ‘‘രാമര്—’’ ക്ളാസ്സിൽ കൂട്ടച്ചിരിയുണ്ടായി. രാജുവിന്റെ വിശ്വസ്തസുഹൃത്തായ ഞാൻപോലും ചിരിച്ചു. എന്തിനാണ് ചിരിയെന്ന് രാജുവിനു മനസ്സിലായതേയില്ല. രാജുവിന്റെ ഭാഷ, നിർദോഷിത്തത്തിന്റെ നറുമൊഴി, വീണ്ടും എന്നെ ആശ്വസിപ്പിച്ചതു ഖസാക്കിലായിരുന്നു.

ഇംഗ്ലീഷിലുള്ള എഴുത്തു ഞാൻ അങ്ങിങ്ങു തുടർന്നു. 1953ൽ, ലിറ്ററേച്ചർ എം.എ.യ്ക്ക് പഠിയ്ക്കുമ്പോൾ ‘ഫാദർ ഗൺസാൽവെസ്’ എന്ന ശീർഷകത്തിൽ ഒരു ഇംഗ്ലീഷ് ചെറുകഥ എഴുതാൻ ഞാൻ തയ്യാറെടുക്കുകയായിരുന്നു. ഏതാനും ഖണ്ഡികകൾ എഴുതിത്തീർത്തപ്പോൾ എന്തുകൊണ്ടോ ഞാൻ

തടഞ്ഞു നിന്നുപോയി. അവ്യക്തമായ ഒരസ്വാസ്ഥ്യം. അസ്വസ്ഥനായിത്തന്നെ ഞാൻ ആ കഥ എഴുതിത്തീർത്തു. അപ്പോൾ എനിയ്ക്ക് ഇരിയ്ക്കപ്പൊറുതിയില്ലാത്തതുപോലെ. എഴുതിത്തീർന്ന നാളുകളിലേയ്ക്ക് അമ്പരപ്പോടെ ഞാൻ വീണ്ടും നോക്കി. ഞാനെന്താണ് ചെയ്യുന്നത്? അന്യന്റെ ഭാഷ, അന്യന്റെ അനുഭവം, അന്യന്റെ ചരിത്രം, അതിലൂടെ ഒരു കോമാളിയെപ്പോലെ ഞാൻ കണ്ണുകെട്ടി നടക്കുന്നു! അന്നു രാത്രി ഞാനൊരു തീരുമാനമെടുത്തു, മലയാളം വശമില്ലെങ്കിലും മലയാളത്തിലെഴുതാൻ. ഫാദർ ഗൺസാൽവെസ്സിനെ ഞാൻ ശ്രമപ്പെട്ട് മറുമൊഴിചെയ്തു. മറുമൊഴിയുടെ ഉളുക്കും പിടുത്തവും ആ കഥയ്ക്കുണ്ടായിരുന്നു. എങ്കിലും ജയകേരളം വാരികയിൽ അത് പ്രസിദ്ധീകരിയ്ക്കാൻ പറ്റി. പിന്നെ ഞാൻ ആംഗലത്തിലേയ്ക്ക് തിരിഞ്ഞുനോക്കിയിട്ടില്ല.

മലയാളത്തിൽ എനിയ്ക്ക് കഠിനമായ പദപരിമിതികളുണ്ടായിരുന്നു, ഇന്നും ഉണ്ട്. എന്നാൽ, ഈ പരിമിതികളെ അതിജീവിയ്ക്കാനുള്ള കഠിനശ്രമം സൃഷ്ടിയുടെ തീരാപ്പുതുമകൾ എനിയ്ക്കു തന്നു. സ്വന്തം ഉടലിൽ പിറന്ന ഒരു പദം, മറ്റാരുടേതുമല്ലാത്ത ജനിതകം. ഈ അനുഭവം ആർക്കും അപ്രാപ്യമല്ല. നാം കഥ പറയുമ്പോൾ, പഠനമെഴുതുമ്പോൾ, കാവ്യം രചിയ്ക്കുമ്പോൾ, ഒക്കെയും, നമ്മുടെ വഴിയരികിൽ കിടന്നുകൊണ്ട് ഭാഷാപദങ്ങൾ അനാഥസന്തതികളെപ്പോലെ നിലവിളിയ്ക്കുന്നു. ശ്രദ്ധയുടെ ഒരു ചെറുവിരൽ നീട്ടിക്കൊടുക്കുകയേ വേണ്ടൂ. അതിൽ പിടിച്ചുപറ്റി അവ നമ്മുടെ കൂടെ നടക്കും.

മലയാളം ഒരു പിന്നോക്കഭാഷയല്ല, ഒരു ഭാഷയും പിന്നോക്കഭാഷയല്ല. അലസമനസ്സുകൾ മാത്രമാണ് പിന്നോക്കാവസ്ഥയ്ക്കു കാരണം. പാണ്ഡിത്യവും അതിനു പ്രതിവിധിയല്ല. പിന്നെയോ? ശ്രദ്ധ, തീവ്രമായ ശ്രദ്ധ, പദധ്യാനം.

ഇതിഹാസസൃഷ്ടി ധ്യാനപർവ്വമായിരുന്നു. എന്റെ മക്കളെപ്പോലെ ഞാൻ ഇന്നും അവരെ സ്മരിയ്ക്കുന്നു, ഇതിഹാസത്തിലെ പ്രിയപദങ്ങളെ.

# 21. ഭാഗവതസ്പർശം

നിഷ്കളങ്കന്റെ പാപത്തിൽ തുടങ്ങി മുമുക്ഷുവിന്റെ സർപ്പദംശനത്തിൽ ഒടുങ്ങുന്ന അസ്തിത്വത്തിന്റെ പ്രശ്നം ഒന്നുമാത്രമാണ്: ആദിയന്തങ്ങൾക്കിടയ്ക്കുള്ള നാളുകൾ എങ്ങനെ ചിലവിടണം? കർമ്മത്തിൽ, ഭക്തിയിൽ? രവി ഉത്തരം തേടിയില്ല, അശരണനായി സമസ്യയ്ക്ക് വഴങ്ങുകമാത്രം ചെയ്തു. ഇതിഹാസത്തിന്റെ പദങ്ങൾ, മരണഗന്ധികളായ പദങ്ങൾ, നായകനെ ചൂഴുന്നു. അവ ഖസാക്കിലെ പ്രകൃതിയിൽ പുനർജ്ജനിയുടെ കൃഷ്ണകാന്തികളായി ക്ഷണികപ്രകാശനം തേടുന്നു.

''താങ്കളുടെ കഥയിൽ പ്രസാദമില്ല,'' എന്നോടു കൂറുള്ള ഒരു സുഹൃത്ത് ഒരിയ്ക്കൽ ഇങ്ങനെ പറഞ്ഞു, ''മോചനമില്ല.''

''ഞാനങ്ങനെ അവകാശപ്പെട്ടിട്ടില്ലല്ലോ.''

''ഒരു പോംവഴി നിർദേശിയ്ക്കാൻ വയ്യെങ്കിൽ പിന്നെന്തിനു പുസ്തകമെഴുതണം?''

''പുസ്തകമെഴുതിയാൽ മനുഷ്യവർഗ്ഗത്തിനു പോംവഴി കിട്ടുമോ?''

''പോംവഴി നിർദേശിയ്ക്കുന്ന പുസ്തകങ്ങൾ അനവധിയുണ്ടല്ലോ.''

വികടസരസ്വതി എന്റെ നാവിൽ കളിച്ചു, എന്റെ സ്നേഹിതനെ കളിയാക്കാനുള്ള പ്രലോഭനം തടയാൻ വയ്യാതായി. ഞാൻ പറഞ്ഞു, ''ശരിയാണ്, സ്നേഹിതാ. പോംവഴി നിർദേശിയ്ക്കുന്ന ഒരുപാടു പുസ്തകങ്ങളുണ്ട്. ഉദാഹരണത്തിന് കെ.പി.ജി. നമ്പൂതിരിയുടെ കൃതികൾ. അവയിലെ പോംവഴികൾ താങ്കൾക്കോർമ്മയില്ലേ?''

സംഭാഷണത്തിന്റെ ഗതിയറിയാതെ സുഹൃത്ത് ചോദിച്ചു, ''എന്താണ് അവയിലെ പോംവഴികൾ?''

ഞാൻ ഒരീരടി ചൊല്ലി, ''സോവിയറ്റെന്നൊരു നാടുണ്ടത്രെ—പോവാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം.''

''നിങ്ങൾ കളിയാക്കുകയാണ്.''

''അല്ലെങ്കിൽ വേണ്ട, കുറ്റാന്വേഷണകഥകളാവാം. അവയിൽ നിറയെ പോംവഴികളാണല്ലോ.''

ഇന്ന് എന്റെ മനസ്സിൽ പരിഹാസമില്ല. പോംവഴികളുള്ള രണ്ടു പുസ്തകങ്ങളുണ്ട്. ആദിരൂപങ്ങളായ രണ്ടു പുസ്തകങ്ങൾ, അവയുടെ നിരവധി അവതാരഭേദങ്ങളും. ഏതാണീ പുസ്തകങ്ങൾ? പരുക്കനായിപ്പറഞ്ഞാൽ, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവും ഭാഗവതവും. തീയതികൾ ഇവിടെ പ്രശ്നമല്ല. ഈ പുസ്തകങ്ങൾ മനുഷ്യമനസ്സിൽ എന്നെന്നും നിലനിന്നിട്ടുണ്ട്. വിപ്ലവകർമ്മത്തിന്റേയും മൃത്യുവിജയത്തിന്റേയും ആദി ഗ്രന്ഥങ്ങൾ.

തക്ഷകദംശത്തിന്റെ ശാപവിവരം മനസ്സിലാക്കിയ പരീക്ഷിത്തിന് അസ്തിത്വപ്രശ്നം ഇതു മാത്രമായി: ഇനിയുള്ള ഏഴു ദിവസം, ആയുഷ്ക്കാലത്തിന്റെ ഏറ്റവും കാതലായ യാമം, എങ്ങനെ ചിലവിടണം? മാനിഫെസ്റ്റോവിന്റേയും കേന്ദ്രപ്രശ്നം അതിൽനിന്നു വിഭിന്നമല്ല.

രവിയെ കാണാൻ കൂമൻകാവിലെ സഖാക്കൾ എത്തുമ്പോൾ രവി നേരിയ പരിഹാസത്തോടെ അവരെ നേരിടുന്നു.

''ഞാൻ കോഴണശ്ശേരി കർഷകത്തൊഴിലാളി യൂനിയൻ പ്രവർത്തകനാണ്, ശങ്കരൻ,'' ചെല്ലിച്ചു നീണ്ട സഖാവ്.

മറ്റേയാൾ കുറുതായിരുന്നു. മൂക്കിലെ പാലുണ്ണിയിലും ചെവിയിലും നിറയെ രോമങ്ങളുണ്ടായിരുന്നു.

''കണ്ണിമൂത്താൻ. കോഴണശ്ശേരി സമാധാന കൗൺസിൽ സെക്രട്ടറിയാണ്.''

''നമസ്കാരം!'' രവി പറഞ്ഞു, ''ഇരിയ്ക്കണം.''

കുശലം പറഞ്ഞു തീർന്നയുടൻ കണ്ണിമൂത്താൻ പറഞ്ഞു, ''ദൊര് കൂടാലോശനയാണ്, മേഷ്ഷേ.''

''ആയിരിയ്ക്കണം,'' രവി പറഞ്ഞു.

''ആയിരിയ്ക്കണം ന്നല്ല,'' ചെല്ലിച്ച സഖാവ് പറഞ്ഞു, ''ആണ് എന്നുള്ളതാണ്.''

''കേലൻ വിരുദ്ധനാണ്,'' കണ്ണിമൂത്താൻ പറയുകയായിരുന്നു.

''അവനെ ശെരിയ്ക്കം നേരിടണം, എന്നുള്ളതാണ്,'' ചെല്ലിച്ച സഖാവ് പറഞ്ഞു.

''ശിവരാമന്നായര് മൂരാച്ചി ഫ്യൂഡലിസ്റ്റാണ്,'' കണ്ണിമൂത്താൻ പറഞ്ഞു.

''മാഷ്ക്ക് ബടത്തെ കാര്യം മുഴ്മനും മനസ്സിലായ്ട്ട്ല്ല.'' ചെല്ലിച്ച സഖാവു പറഞ്ഞു. ''പിന്തിരിപ്പൻ ശക്തികളിന്റെ കോട്ടയാണ്. നേഷനൽ ബൂർഷ്വാസീന്ന് പറയാൻ ആര്ം കാര്യ്യായിട്ട് ഇല്ലതാന്ം.''

''അതെന്താത്?'' രവി ചോദിച്ചു. ചോദിച്ചപ്പോൾ സഖാവു പിന്മടങ്ങി.

''പൊതുവേ പറഞ്ഞതാ,'' സഖാവു പറഞ്ഞു. ''ഉദാഹരണത്തിന്, ഈ ശിവരാമന്നായര്ടെ പാടത്ത് കൊയ്യാമ്പോണ ചെറ്മികള് റൗക്കയിടാമ്പാടില്ലെന്നാ ചട്ടം. എങ്ങനെ! മാറ് മറയ്ക്കാണ്ട് കുമ്പിട്ട്നിന്ന് കൊയ്യണംന്ന്.''

''നല്ലതല്ലേ?'' രവി പറഞ്ഞു.

രവിയുടെ പരിഹാസം സ്നേഹം കലർന്ന അപ്രീതിയുടെ പ്രകടനം മാത്രമാണ്. കാരണം ശങ്കരനും കണ്ണിമൂത്താനും ഒരു പുസ്തകത്തിൽ മാത്രം മുറുകെപ്പിടിച്ച് മറ്റേ പുസ്തകത്തെ നിഷേധിയ്ക്കുന്നവരാണ്. ഘണ്ടാകർണ്ണന്മാർ.

ഒരു സുഹൃത്തിന്റെ മുത്തശ്ശി പറഞ്ഞ കഥ ഓർമ്മ വരുന്നു. മുത്തശ്ശിയ്ക്ക് വയസ്സ് എൺപത്തിരണ്ട്. കണ്ണിൽ രണ്ടിലും തിമിരം. ടെലിവിഷൻ കണ്ടതുകൊണ്ടാണ് അതു സംഭവിച്ചതെന്ന് അവർ വിശ്വസിയ്ക്കുന്നു. മുത്തശ്ശി ശസ്ത്രക്രിയയ്ക്ക് തയ്യാറെടുക്കുകയാണ്. പേരക്കുഞ്ഞിന്റെ കൂട്ടുകാരൻ മുത്തശ്ശിയോടു ചോദിച്ചു, ''ഇത്രയും വയസ്സായില്ലേ, മുത്തശ്ശീ? ഇനിയെന്തിനാണ് ശസ്ത്രക്രിയയ്ക്ക് മിനക്കെടുന്നത്?''

''ഞാൻ ആണ്ടിൽ മൂന്നാവൃത്തി ഭാഗവതം വായിച്ചു തീർക്കും,'' മുത്തശ്ശി പറഞ്ഞു. ''എന്റെ കണ്ണുകൊണ്ടുതന്നെ ഭാഗവതം ഇനിയും വായിയ്ക്കണമെന്ന്

മോഹമുണ്ട്. കണ്ണിനോടുള്ള സ്നേഹംകൊണ്ടല്ല ശസ്ത്രക്രിയ, ഭാഗവതത്തോടുള്ള ഭക്തികൊണ്ട്.''

ഇവിടെ ഭക്തി കർമ്മമാകുന്നു. കർമ്മങ്ങളുടെ അവസാനത്തിൽ ഭാഗവതപാരായണത്തിന് തയ്യാറെടുക്കുന്ന ഗുരുസാഗരത്തിലെ കുഞ്ഞുണ്ണിയ്ക്ക് കർമ്മം ഭക്തിയാകുന്നു.

ഈ സമന്വയത്തെ മനസ്സിലാക്കാൻ കഴിയാത്തവരാണ് നമ്മിൽ മിയ്ക്കവരും. രവിയും. അങ്ങനെയാണ് തുടക്കത്തിനും ഒടുക്കത്തിനുമിടയ്ക്ക് നിരവധി മരണങ്ങൾ സംഭവിയ്ക്കുന്നത്. എന്നാൽ, ഈ മരണങ്ങളൊന്നുംതന്നെ പൂർണ്ണമായ അനുഭവങ്ങളല്ല. അവ വേദനയുടെ സോമരസം മാത്രമാണ്. അവ വില്ലീസു പടുതകളിലൂടെയുള്ള മുങ്ങാങ്കോഴിയുടെ മൃദുലപ്രയാണമാണ്. വിഷയാസക്തയായ നീലിയുടെ ഉറക്കമാണ്, നെടുവരമ്പിലെ തുമ്പികളാണ്.

മരണത്തേയും ജീവിതത്തേയും അറിയാൻ കഴിയാഞ്ഞ, ക്ഷീണിതനായ, ഒരു മനുഷ്യന്റെ കഥയാണ് ഇതിഹാസം. രവി നിഹിലിസത്തിന്റെ പ്രവാചകനല്ല, അനാർക്കിസത്തിന്റെ കുറ്റവാളിയുമല്ല. മനുഷ്യവർഗ്ഗത്തിന്റെ വിശാലരാശികൾ എന്നും അറിയുന്ന സന്ദേഹം മാത്രമാണ് അയാളുടേത്. മൂടുപടമില്ലാതെ, നഗ്നനായി, ശിശുവായി, രവി ഈ സന്ദേഹത്തിന്റെ പരപ്പിൽ ഉഴലുന്നു. നമ്മുടെ കരുണ തേടുന്നു.

വേദനയുടെ യോഗസിദ്ധിയിൽ സന്ദേഹങ്ങൾ പരിണമിച്ച് അറിവായിത്തീരുന്നു. പിതൃമന്ത്രം ജപിച്ച് അവസാനം രവി തന്റെ യാഥാർത്ഥ്യത്തിലേയ്ക്കുള്ള യാത്ര പുറപ്പെടുന്നു. ഭാഗവതസപ്താഹം കഴിഞ്ഞ് തക്ഷകനെ നേരിടാൻ. ഈ അർത്ഥത്തിൽ ഖസാക്കിലെ പൂർണ്ണമായ മരണം രവിയുടേതു മാത്രമാണ്.

## 22. സർപ്പരൂപായ വിഷ്ണവേ

ഇതിഹാസം പ്രയാണത്തിന്റെ കഥയാണ്, നിശ്ചലിതത്വത്തിന്റേയും. ഈ ദ്വന്ദ്വമാനഭാവങ്ങളിൽ രവി സ്ഥിതികൊള്ളുന്നു. രവി പാപിഷ്ഠനായിരുന്നു, മുമുക്ഷുവും. അന്വേഷകനായ രവിയ്ക്ക് ഒരു ഗുരുവിനെ പ്രാപിയ്ക്കാൻ കഴിയാതെപോയി, അസംഖ്യം സമ്പർക്കങ്ങളിൽ അന്തർലീനരായിരുന്ന പ്രാകൃതഗുരുസത്വങ്ങൾ അറിവിന്റെ പൊട്ടുകൾ മാത്രം അയാൾക്കു കൊടുത്തു. സമഗ്രത കൈവരിയ്ക്കാഞ്ഞ ഈ നുറുങ്ങുകൾ രവിയെ സംഭ്രമിപ്പിച്ചു, അറിവെന്ന ഭാവംതന്നെ അയാളുടെ ആത്മക്ഷീണമായി. ഓരോ കാഴ്ചയും കാണലിന്റെ സാരാംശത്തെ ചോർത്തിക്കളഞ്ഞു. അതായിത്തീർന്നു അയാളുടെ മുക്തി. മുക്തിയുടെ മിഥ്യ. എന്നാൽ, മിഥ്യയ്ക്കകത്തും തഥ്യ വിത്തായി ഉറങ്ങുന്നു. അവസാനം ആ തഥ്യയെ രവി പ്രാപിച്ചിരിയ്ക്കണം. അതങ്ങനെയല്ലേ വരൂ? പാപിയും പുണ്യവാനും ഈശ്വരാംശങ്ങളല്ലേ?

പിന്നെ എന്തിന് ഈ വൈരുദ്ധ്യത്തിന്റെ ലീല? ആ ചോദ്യത്തിന് ജൈവസ്മരണയോളം പഴക്കമുണ്ടെന്നു തോന്നുന്നു. ഒരുപക്ഷേ, സസ്യവും മൃഗവും ഈ വൈരുദ്ധ്യത്തിന്ന് അതീതരായി ഈശ്വരാനുഭവം അറിയുന്നുണ്ടാവണം. മനുഷ്യൻ കരസ്ഥമാക്കിയ യുക്തിയ്ക്ക് അവൻ കൊടുത്ത വിലയാണ് ഈ ഈശ്വരാനുഭവത്തിന്റെ ചേതം.

പരീക്ഷയ്ക്ക് തലേന്നാൾ ഹോസ്റ്റൽ മുറിയിൽനിന്നു തുടങ്ങി മഴ ശമിച്ച കൂമൻകാവിൽ അവസാനിച്ച പാത യുക്തിയുടേയും അറിവിന്റേയും സംസ്കൃതിയുടേയും പാതയെ മുറിച്ചു കടക്കാൻ വിധിയ്ക്കപ്പെട്ടതായിരുന്നു.

ആ അർത്ഥത്തിൽ ഇതിഹാസത്തിന് സാമൂഹികപ്രതിബദ്ധതയില്ല. എന്നാൽ, സമൂഹത്തിന്റെ കാതലായ വ്യക്തിയോട്, അമ്പരന്നവനും വേദനിയ്ക്കുന്നവനുമായ ഏകാകിയോട്, ഇതിഹാസത്തിനുള്ള കൂറ് അളവറ്റതാണ്.

ഇതിഹാസഭൂമിയിൽനിന്ന് കാഥികനായ ഞാൻ ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞു. ധർമ്മപുരാണത്തിന്റേയും ഗുരുസാഗരത്തിന്റേയും മാനങ്ങൾ ബഹുരൂപികളാണ്. ഈ നോവലുകളിലെ ഭാഷയ്ക്കും ബിംബപ്രയോഗത്തിനും ഖസാക്കിനേക്കാൾ പ്രായപൂർത്തിയുണ്ട്. എന്നിട്ടും, ഈ കാലമത്രയും പിന്നിട്ടുകഴിഞ്ഞിട്ടും, ഞാൻ ഇതിഹാസത്തിന്റെ കന്നിനിലങ്ങളിലേയ്ക്ക് വീണ്ടും വീണ്ടും തിരിയുന്നു.

മൂലഗ്രാമം പരിവർത്തനം പ്രാപിച്ചുകഴിഞ്ഞു. അതിപ്പോൾ എന്റെ പഴയ തീർത്ഥാടനഭൂമിയല്ല. വെയിലിന്റെ സ്ഫടികകമാനത്തിനു ചുവട്ടിൽ കാഞ്ഞുറങ്ങിയ കൊച്ചുവീടുകൾക്കു പകരം ഇന്നവിടെ വാർപ്പു കെട്ടിടങ്ങളുണ്ട്.

വയൽ പറ്റി, പള്ളിയാലു ചുറ്റിയ അള്ളാപ്പിച്ചയുടെ ഒറ്റയടിപ്പാത ഇന്ന് ഒരു പഞ്ചായത്തുനിരത്തായിക്കാണണം. ഇതിഹാസ കഥനത്തിന്റെ ഈ ഒറ്റയടിപ്പാതയെ ഓർക്കുമ്പോൾ വ്രണിതമായ പെരുവിരലുമായി അതിലൂടെ ഒരായുഷ്കാലം നടന്നുതീർത്ത പുരോഹിതനെ ഓർക്കുന്നു.

''വിജയേട്ടനറിഞ്ഞോ?'' ഗ്രാമവാസിയായ ഗംഗാധരൻ മാസ്റ്റർ ഈയിടെ തിരുവനന്തപുരത്തുവെച്ച് കണ്ടുമുട്ടിയപ്പോൾ എന്നോടു ചോദിച്ചു.

''എന്ത്?''

''മൊല്ലാക്ക മരിച്ചത്?''

''ഇല്ല. എന്തേ?''

ഗംഗാധരൻമാസ്റ്റർ എന്നെ കുറ്റപ്പെടുത്തുകയായിരുന്നുവോ എന്ന് എനിയ്ക്കറിഞ്ഞുകൂട. അയാൾ പറഞ്ഞു, ''അർബ്ബുദം ബാധിച്ച്. എന്നാൽ വിജയേട്ടനെഴുതിയതുപോലെ പെരുവിരലിലല്ല. തൊണ്ടയിൽ.''

ദൈവമേ, ഒരു ദുരന്തപ്രവചനത്തിന്റെ ഉപകരണമാകാൻ ഞാൻ വിധിയ്ക്കപ്പെട്ടത് എന്തിന്? എന്റെ പ്രാർത്ഥനകളിൽ ഞാൻ അള്ളാപ്പിച്ചാമൊല്ലാക്കയോട് ക്ഷമ ചോദിച്ചു, എന്റെ ശില്പകൗശലത്തിന് മാപ്പുതരിക, ഈ കൗശലംകൊണ്ട് ഞാൻ പണിതെടുത്ത ഇതിഹാസത്തേക്കാൾ എത്രയോ മടങ്ങ് ധന്യമാണ് പാനീസുവിളക്കും തൂക്കി ആ ഒറ്റയടിപ്പാതയിലൂടെ താങ്കൾ നടത്തിയ പദയാത്രകൾ. ശാസ്ത്രത്തിലും ഗ്രന്ഥത്തിലും ഞാൻ നേടിയ അറിവുകളെക്കാൾ മാഹാത്മ്യമുറ്റതാണ് ആ പാതയിൽ താങ്കൾക്കുണ്ടായ ദൈവാനുഭവം.

''മാഷേ,'' ഞാൻ പറഞ്ഞു, ''അറം പറ്റുക കഥാപാത്രത്തിനല്ല, കഥാകൃത്തിനാണല്ലോ.''

''ശരിയാണ്.''

ഖസാക്കിൽനിന്ന്:

> രവി പേനയെടുത്ത് അതിന്റെ ചോടെ സ്വന്തം പേരു കുറിച്ചുനോക്കി. ആ ഒപ്പിൽ താല്പര്യമില്ലാത്തതുപോലെ തോന്നി. ആർക്കും കത്തെഴുതാറില്ല. കൈയൊപ്പിന്റെ ഉപയോഗം അങ്ങനെ കുറഞ്ഞുകുറഞ്ഞു വരുകയാണ്. കുറെക്കഴിയുമ്പോൾ പ്രയോഗഹീനമായ അവയവത്തെപ്പോലെ അത് ഓർമ്മയിൽനിന്നു മായും. പിന്നെ അവശേഷിയ്ക്കുക പെരുവിരലിന്റെ ചുഴികൾ മാത്രമാവും. ഞാനെന്ന ഭാവം അവയിൽ കുടികൊള്ളും. കാലം ചെല്ലുമ്പോൾ അവയും തേഞ്ഞുപോകും. പരിണമിയ്ക്കും.

എന്റെ വലതുകൈയിന് വാതം ബാധിച്ചിട്ട് ഇപ്പോൾ ഏതാനും വർഷങ്ങളായി. കഥയും ലേഖനവുമൊക്കെ കേട്ടെഴുതിയ്ക്കുന്നു. ചിത്രം വരയ്ക്കുന്നത് വേദനിച്ച്. ഇതിഹാസം അതിന്റെ ദക്ഷിണ പിടിച്ചു വാങ്ങുകയാണോ? ഈ നഷ്ടത്തിൽ ചിലപ്പോൾ തോന്നുക ദുഃഖത്തേക്കാളേറെ കൗതുകമാണ്. പഞ്ചഭൂതങ്ങൾ ചുറ്റിയഴിയുന്നതുപോലെ. അങ്ങനെ ചിതറുന്ന

സൂക്ഷ്മാംശങ്ങളുടെ വലിയൊരു നെബ്യൂലയ്ക്കു നടുവിൽ ഒരു സൗരരൂപത്തെപ്പോലെ സ്ഥലം പിടിച്ചുകൊണ്ട് പ്രാണൻ ആ അഴിവിനെ നോക്കിക്കാണുന്നു. ഉപനിഷൽഗന്ധിയായ ആസ്ട്രോഫിസിക്സ്!

പ്രയാണത്തിന്റെ കഥയെന്നതുപോലെ ഇതിഹാസം ജനിതകമായ യാത്രാവിരഹങ്ങളുടെകൂടി കഥയാണ്. അച്ഛൻ എന്നെ പ്രതീക്ഷിയ്ക്കരുത്, രവി നേരുന്നു, അവസാനത്തെ കടൽപ്പുറത്ത് തിര വരാൻ കാത്തുനിൽക്കുമ്പോൾ ഓർമ്മകളരുത്, അച്ഛനാകട്ടെ എനിയ്ക്കാകട്ടെ. എന്നാൽ ആ പിതൃസാന്നിദ്ധ്യത്തിൽനിന്ന് രവിയ്ക്ക് മോചനമില്ല. അച്ഛൻ തനിയ്ക്ക് പണ്ടെഴുതിയ കത്ത്, അത് വീണ്ടും വീണ്ടും രവിയെ അലട്ടുന്നു:

> ‘‘എനിയ്ക്ക് സുഖക്കേട് അധികമൊന്നുമില്ല, മകനേ... എന്തിനായി ദുഃഖിയ്ക്കുന്നു എന്ന് എനിയ്ക്കുതന്നെ അറിഞ്ഞുകൂട... എല്ലാ സായംസന്ധ്യകളും ദുഃഖമാണ്.’’

ഖസാക്കിൽനിന്ന് അവസാനയാത്ര തിരിയ്ക്കുമ്പോൾ രവി വീണ്ടും പിതൃസാന്നിദ്ധ്യമറിയുന്നു:

> പൂട്ടിയടച്ച വാതിലിൽ രവി ഇത്തിരി നേരം നോക്കി. കുടയും സഞ്ചിയുമായി ഇറങ്ങുമ്പോൾ ഒരു നിമിഷത്തേയ്ക്കു രവി കണ്ണുകൾ ചിമ്മി. സായാഹ്നയാത്രകളുടെ അച്ഛാ, രവി പറഞ്ഞു, വിട തരുക. മന്ദാരത്തിന്റെ ഇലകൾ ചേർത്തു തുന്നിയ ഈ പുനർജനിയുടെ കൂടു വിട്ട് ഞാൻ വീണ്ടും യാത്രയാണ്.

പിതൃസാന്നിദ്ധ്യമറിഞ്ഞുകൊണ്ടുതന്നെയാണ് ഞാനും ഈ വരികളെഴുതിയത്. യക്ഷിക്കഥകൾകൊണ്ട് എന്റെ കുട്ടിക്കാലത്തെ നിറച്ച പിതാവിനുള്ള ശ്രാദ്ധാഞ്ജലി.

മനസ്സിന്റെ മഴക്കാടുകളിലൂടെയുള്ള സുദീർഘമായ യാത്രയ്ക്കുശേഷം, അവസാനത്തെ വഴിയമ്പലത്തിൽനിന്ന് രവി വീണ്ടും പുറപ്പെടുന്നത് ഒരു സഞ്ചിയും കുടയുമായാണ്. അതു മാത്രമാണ് രവിയുടെ ആസ്തി. ഇതിഹാസത്തിൽ വർഗ്ഗസമരമില്ലെന്നത് ശരിതന്നെ. എന്നാൽ, അത് അധീശവർഗ്ഗത്തിന്റെ കഥയല്ല. സഞ്ചിയും കുടയും മാത്രമായി കാൽനടതിരിയ്ക്കുന്ന ദരിദ്രനാരായണന്റെ കഥയാണ്.

ആ യാത്രയിൽ ഞാൻ വീണ്ടുംവീണ്ടും രവിയുടെ കൂടെ നടന്നിട്ടുണ്ട്. ആരോഹണമില്ലാതെ, അവരോഹണമില്ലാതെ, ഇടിയും മിന്നലുമില്ലാതെ, നിന്നുപെയ്യുന്ന വെളുത്ത മഴയിലൂടെ. യാത്രാന്ത്യത്തിൽ ക്ഷീണമാണ്, രവിയ്ക്കും പരാശരന്നും[6] കുഞ്ഞുണ്ണിയ്ക്കും[7]. അവരുടെ യാത്രകൾ പിൻപറ്റിയ എനിയ്ക്കും. കുതിർന്ന മൺകട്ടകളിലേയ്ക്കു യാത്രയുടെ ക്ഷീണംമുറ്റിയ കാലുകൾ നീട്ടിപ്പിടിച്ച് കാത്തിരിയ്ക്കുന്നു. ഉറക്കത്തിന്റെ, പുനർജനിയുടെ,

അമൃതു നിറയ്ക്കാൻ നീ അതിൽ ദംശിയ്ക്കുക, സർപ്പരൂപായ വിഷ്ണവേ.
വിഷ്ണവേ പ്രഭ വിഷ്ണവേ!

6 ധർമ്മപുരാണം
7 ഗുരുസാഗരം.

# പിൻവാക്ക്

ഖസാക്കിന്റെ ഇതിഹാസം മരണഗന്ധിയാണെങ്കിലും മരണപര്യവസായിയല്ല. മറ്റൊരു പ്രയാണത്തിന്റെ തുടക്കത്തിലാണ് കഥ സമാപിയ്ക്കുന്നത്. സർപ്പവിഷം എന്ന അഗ്നിയെ അനാദിയായ മഴ ശമിപ്പിയ്ക്കുന്നു. മഴ മരണമാണ്, അതേസമയം ഔഷധിയും പുനർജ്ജനിയും. ഈ ഭാവത്രയത്തെ ഒരായുഷ്കാലത്തിന്നകത്തുതന്നെ നമുക്ക് അനുഭവിയ്ക്കാൻ കഴിയണം, നമ്മുടെ അന്തർജ്ജീവിതത്തിൽ. ദുഃഖത്തിൽ കഥ അവസാനിയ്ക്കുന്നു, എങ്കിലും ആദിമമായ വിനയത്തിൽ, ജൈവശൈശവത്തിൽ, അത് മുക്തിയിലേയ്ക്ക് എത്തിനോക്കുന്നു. പ്രത്യാശയോടെ.

●●●